# ഉണ്ണുനീലിപ്രശ്നങ്ങൾ

പെരിനാട്ട്
കെ. രാഘവൻപിള്ള.

# ഉണ്ണുനീലിപ്രശ്നങ്ങൾ

പെരിന്നാട്ട് കെ. രാഘവൻപിള്ള

വില രൂ.  1-50

# UNNUNEELEE PRASNANGAL

By

PERINAD K. RAGHAVAN PILLAI

FIRST IMPRESSION: MAY 1969

Copies 1000

RIGHTS RESERVED

*Printed at*

Sarvodaya Printing Works,
Sasthamangalam, Trivandrum-10.

# മുഖവുര

ഞാനെഴുതിയ **'കൊല്ലംനഗരം ഉണ്ണുനീലിസന്ദേശകാലത്തു്'** എന്നൊരു പുസ്തകം കൊല്ലം എം. എസ്സ്. ബുക്കഡിപ്പോയിൽനിന്നു് 1961 ജനവരിയിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സന്ദേശകാലം കൊ. വ. 516 ആണെന്നും അന്നത്തെ കൊല്ലംനഗരം കല്ലടവരെ വ്യാപിച്ചിരുന്ന ഒരു മഹാനഗരമാണെന്നുമാണു് ആ പുസ്തകത്തിൽ സ്ഥാപിച്ചിരിക്കുന്നതു്.

അതിൻെറ പ്രസിദ്ധീകരണകാലത്തുതന്നെ ഉണ്ണുനീലിസന്ദേശം സംബന്ധിച്ച മററു ചില വിഷയങ്ങളും മനസ്സിലുണ്ടായിരുന്നു. എങ്കിലും അവയെപ്പററിയുള്ള ചിന്തകൾ അന്നു വേണ്ടത്ര ദൃഢപ്പെട്ടിരുന്നില്ല, അതുകൊണ്ടു പിന്നീടു പ്രസിദ്ധപ്പെടുത്താമെന്നു വിചാരിച്ചു.

അങ്ങനെ മാററിവയ്ക്കപ്പെട്ട പല വിഷയങ്ങൾക്കും പ്രസിദ്ധീകരിച്ചുകഴിഞ്ഞ വിഷയങ്ങളുമായി അടുത്ത ബന്ധമുണ്ടു്, അതുകൊണ്ടു് എല്ലാംകൂടി ഉൾപ്പെടുത്തിക്കൊണ്ടു് ഇപ്പോൾ ഈ **'ഉണ്ണുനീലീപ്രശ്നങ്ങൾ'** പ്രസിദ്ധപ്പെടുത്തുകയാണു്.

ഇതു സംബന്ധിച്ചുള്ള ചർച്ചകളിൽ പങ്കെടുത്തും പ്രസിദ്ധീകരണത്തിനു വേണ്ട പ്രേരണ നൽകിയും സഹായിച്ചിട്ടുള്ള എല്ലാ മഹത്തുക്കളോടും അളവററ നന്ദിയുണ്ടു്.

ഗ്രന്ഥകർത്താ

തിരുവനന്തപുരം,
2-5-1969.

# വിഷയവിവരം


പ്രാരംഭം

സന്ദേശകാലം

' ഭാഗ്യേ ജീവഃ '

516–ലെ രാജാവ്

നായകനും കവിയും വെളിപ്പെടുന്നു

ഉണ്ണുനീലിയും ദാമോദരച്ചാക്യാരും

സൂക്തിരത്നവും മിക്കമുണ്ടയ്ക്കലും

മുണ്ടയ്ക്കലും മററും

കൊല്ലംനഗരം

# ഉണ്ണുനീലിപ്രശ്നങ്ങൾ

## പ്രാരംഭം

ഉണ്ണുനീലിസന്ദേശം കണ്ടുകിട്ടിയിട്ട് ഇപ്പോൾ വർഷം അറുപതോളമായി. എന്നിട്ടും പ്രസ്തുതകൃതിയെപ്പററിയുള്ള പ്രശ്നങ്ങളെല്ലാം പ്രശ്നങ്ങളായിത്തന്നെ ഇരിക്കുന്നതേയുള്ളു. കാലം, കവി, നായകൻ എന്നീ പ്രധാനവിഷയങ്ങളിൽ പോലും തീർച്ച വന്നിട്ടില്ല. വ്യാഖ്യാനഭാഗങ്ങളിലും അഭിപ്രായഭിന്നതകളുണ്ട്. വാസ്തവത്തിൽ ഒരഭിപ്രായഭിന്നതയ്ക്കും പഴുതില്ലാത്ത വിധത്തിലാണ് ഉണ്ണുനീലിസന്ദേശത്തിന്റെ നിലപാട്. നോക്കേണ്ടതുപോലെ നോക്കണമെന്നേ ഉള്ളു.

'ഗ്രന്ഥഗ്രന്ഥിരിഹ ക്വചിത് ക്വചിദപി
ന്യാസി പ്രയത്നാന്മയാ;
പ്രാജ്ഞമ്മന്യമനാ ഹഠേന പഠിതീ
മാസ്മിൻ ഖലഃ ഖേലതു'

എന്നു നൈഷധീയചരിതകാരൻ പറഞ്ഞിട്ടുള്ളതിനെ കുറേക്കൂടി ദൃഢമായ സ്വരത്തിൽ ആവർത്തിച്ചു പറയാൻ ഉണ്ണുനീലിസന്ദേശകാരനു് അധികാരമുണ്ടു്. ഈ വാസ്തവം നമ്മുടെ പണ്ഡിതന്മാരിൽ ആരുംതന്നെ ഗ്രഹിച്ചിട്ടില്ല. ആശയ-

ങ്ങൾക്കു് അസ്പഷ്ടതയാ അനൗചിത്യമോ പരസ്പരവൈരുദ്ധ്യമോ തോന്നുന്ന ദിക്കുകളിൽ കവിഹൃദയമെന്താണെന്നു മനസ്സിലാക്കുവാൻ അല്പം ചുഴിഞ്ഞുനോക്കേണ്ടതുണ്ടു്, പക്ഷേ അപ്രകാരമൊരു ചുഴിഞ്ഞുനോട്ടത്തിനു് ആരുംതന്നെ മുതിർന്നിട്ടില്ല. അതുകൊണ്ടു്, കേവലം അന്ധഹസ്തിന്യായേന പുറപ്പെടുവിച്ചിട്ടുള്ള സിദ്ധാന്തങ്ങൾ മാത്രമേ പ്രസ്തുതകൃതിയെപ്പറ്റി നമുക്കിന്നുവരെ ലഭിച്ചിട്ടുള്ളു. ആവക സിദ്ധാന്തങ്ങൾ പുറപ്പെട്ടിട്ടുള്ളതു് പ്രാമാണികസ്ഥാനങ്ങളിൽനിന്നായതുകൊണ്ടു്, ഇനി ഇതിനപ്പുറമൊന്നും അന്വേഷിക്കുവാനില്ല എന്നൊരു തെറ്റിദ്ധാരണയും നിലവിലുണ്ടു്. ഇങ്ങനെ ഉണ്ണുനീലിസന്ദേശം സംബന്ധിച്ച എല്ലാ രഹസ്യങ്ങളും ഒരിക്കലും പുറത്തുവരാൻ വയ്യാത്തവിധം ആഴത്തിൽ കുഴിച്ചുമൂടപ്പെട്ടിരിക്കുന്നതുപോലെയാണു് ഇപ്പോഴത്തെ സ്ഥിതി.

ഈ ദുഃസ്ഥിതിയിൽ ഏറ്റവും കൂടുതൽ മറയ്ക്കപ്പെട്ടുപോയിരിക്കുന്നതു് സന്ദേശത്തിന്റെ കാലമാണു്. അതുകൊണ്ടു്, സന്ദേശകാലം എന്ന വിഷയം തന്നെ ഇവിടെ ആദ്യമായി ചർച്ച ചെയ്യാം.

## സന്ദേശകാലം

‘തണ്ടാർമാതാണ്ടു്’’ — കൊ.വ. 516.

---

സന്ദേശകാലം കൊ. വ. 516 ആണെന്നു് ‘തണ്ടാർമാതാണ്ടു്’’ എന്ന തുടക്കത്തിൽ കവിതന്നെ സൂചിപ്പിച്ചിട്ടുണ്ടു്. പക്ഷേ, പണ്ഡിതന്മാർക്കു് അതു സ്വീകാര്യമല്ല. 516-ൽ വ്യാഴം കർക്കടകത്തിലല്ലെന്നുള്ളതാണു് അവരുടെ മുഖ്യമായ ആക്ഷേപം. കർക്കടകവ്യാഴത്തിനാധാരമായി പറയുന്നതാകട്ടെ, പൂർവ്വസന്ദേശത്തിലെ 35-ാം പദ്യമാണു്.

'അഞ്ചാംപക്കം വരമിതു തുലോം വാരവും വീരമൗലേ,
നാളുംനന്റേ നളിനവനിതയ്ക്കിമ്പനേ, മുമ്പിലേതു്;
മേടം വേണാടരിൽമകുടമേ, രാശിയും, വാഗധീശൻ
നാലാമേടത്തയമുപഗതോ ഭൂതികാമാഖ്യയോഗഃ'

ഇതാണ് ആ പദ്യം. ഇവിടെപ്പറയുന്ന മേടംരാശി സന്ദേശവാഹകൻെറ യാത്രയ്ക്കുള്ള സമയമാണെന്നും ആ സമയത്തു് വാഗധീശൻ (വ്യാഴം) മേടംരാശിയുടെ നാലാമേടമായ കർക്കടകത്തിലാണെന്നും പണ്ഡിതന്മാർ തീർച്ചപ്പെടുത്തുന്നു.

<u>വാഗധീശൻ — വാക്കിന്റെ അധീശൻ</u>

എന്നാൽ, ഇവിടെ ഒരു കാര്യം ആലോചിക്കേണ്ടതുണ്ടു്. 516-നെ സൂചിപ്പിക്കുന്നതായി 'തണ്ടാർമാതാണ്ടു്' എന്നു് ആദ്യം കണ്ട നിലയ്ക്കു്, 516-ന്നു യോജിക്കാത്തവിധം കർക്കടകത്തിൽ വ്യാഴം നില്ക്കുന്നു എന്നു പിന്നീടു കണ്ടാൽ ആ വ്യാഴത്തെ ഒന്നു സൂക്ഷിച്ചു നോക്കേണ്ടതല്ലേ? അങ്ങനെ നോക്കിയിരുന്നെങ്കിൽ ഈ വ്യാഴം വ്യാഴമല്ലെന്നു് അനായാസേന മനസ്സിലാകുമായിരുന്നു. ഇവിടെപ്പറയുന്നതു് നാലാമേടത്തു വ്യാഴം നില്ക്കുന്നു എന്നല്ല; വാഗധീശൻ നില്ക്കുന്നു എന്നാണു്. വാഗധീശൻ വാക്കിന്റെ അധീശനാണെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു്?

വാസ്തവം പറഞ്ഞാൽ, ഈ 35-ാം പദ്യത്തെപ്പററി പണ്ഡിതന്മാർക്കു് ഒരു പിടിയും കിട്ടിയിട്ടില്ല. പൂർവ്വാർദ്ധത്തിൽ 'അഞ്ചാംപക്കം' മാത്രമേ അവർക്കറിയാവൂ. വാരവും നാളും ഏതെന്നറിയാതെ വട്ടം കറങ്ങുകയാണു്. നാളു മുമ്പി

ലേതെന്നാണ പറഞ്ഞിരിക്കുന്നതു്, മുമ്പിലേതായ നാള് അശ്വതിയാണെന്നു് എല്ലാവക്കുമറിയാം. പക്ഷേ ഉള്ളൂരിനു മാത്രമേ അതു സ്വീകായ്യമാകുന്നുള്ളു, മററു ചിലർ മകയിരമെന്നു വ്യാഖ്യാനിക്കുന്നു, ആറൂരിനു് ഉത്രാടമെന്നാണ ഭിപ്രായം. ഇനിയുമൊരാൾക്കു് അതു രോഹിണിയാണു്. വാരവും ഇതുപോലെ പലക്കും പലതാണു്. പൂവ്വാദ്ധത്തിന്റെ കഥയാണിതു്, ഉത്തരാദ്ധമോ? അവിടെ വാഗധീശൻ മാത്രമല്ല ഉള്ളതു്; ഒരു നാലാമേടവും ഒരു ഭൃതികാമയോഗവും കൂടിയുണ്ടു്. വാഗധീശൻ വാക്കിന്റെ അധീശനാണെന്നു മനസ്സിലാക്കാൻ വയ്യാത്തവക്കു് ഈ നാലാമേടവും ഭൃതികാമയോഗവും എങ്ങനെ പിടികിട്ടാനാണു്!

## 537 ശരിയല്ല.

സന്ദേശകാലം 537 ആണെന്നു പറയുന്ന ശ്രീ. ഇളംകുളത്തിന്റെ 'ദൃഷ്ടി'യിൽ, 'ഭൃതികാമയോഗം എന്തെന്നു സ്പഷ്ടമല്ല.' (ഉ. സ. ച. മൂന്നാം പതിപ്പു് പുറം 94) വാഗധീശനും നാലാമേടവും വളരെ സ്പഷ്ടമാണുതാനും. ആ സ്പഷ്ടതയിലാണു് 537-നെ ഉറപ്പിച്ചിരിക്കുന്നതു്. പക്ഷേ, പണ്ഡിതദൃഷ്ടിയിൽ ഇതുപോലെതന്നെ സ്പഷ്ടമായ മറെറാരു ജ്യോതിഷഭാഗവും ഉണ്ണുനീലിസന്ദേശത്തിലുണ്ടു്. ഉത്തരസന്ദേശം 70-ാം പദ്യത്തിലെ 'അഷ്ടമേശുക്രചന്ദ്രൗ ഭാഗ്യേജീവഃ' എന്ന ഭാഗമാണതു്. ആ ജ്യോതിഷമനുസരിച്ചു് ശുക്രൻ സന്ദേശകാലത്തു് മീനത്തിൽ നില്ക്കണം. എന്നാൽ, 537-ന അതു് യോജിക്കുന്നില്ലെന്നു് 537- കാരൻ തന്നെ തുറന്നു സമ്മതിക്കുന്നു. 537 എന്ന കാലം ശരിയല്ലെന്നുള്ളതിനു വേറെ തെളിവൊന്നും വേണ്ടാ,

## പണ്ഡിതന്മാർ ചെയ്യേണ്ടതു്

ഉണ്ണുനീലിസന്ദേശത്തിലെ ജ്യോതിഷം ജ്യോതിഷമാണെന്നു കാണുന്ന പണ്ഡിതന്മാർ ഒന്നുകിൽ ആ ജ്യോതിഷത്തിനു യോജിക്കുന്ന കാലമേതെന്നു നിർദ്ദേശിക്കണം. അതു സാധിക്കുന്നില്ലെങ്കിൽ, കാവ്യത്തിലെ ജ്യോതിഷം കവിതയാണെന്നു സമ്മതിച്ചുകൊണ്ടു് കവി നിർദ്ദേശിക്കുന്ന 516-നെ അംഗീകരിക്കണം. ഇവയിൽ ഏതിനാണു് അവർ തയ്യാറുള്ളതെന്നു് അറിഞ്ഞാൽ കൊള്ളാം.

## ഭൂതികാമയോഗം — കവികല്പിതം

ഭൂതികാമയോഗം സ്പഷ്ടമല്ലപോലും! സ്പഷ്ടമല്ലാത്തതു് എന്തുകൊണ്ടാണു്? ജ്യോതിഷപാണ്ഡിത്യമില്ലാഞ്ഞിട്ടല്ല; ജ്യോതിഷത്തിൽ അങ്ങനെയൊരു യോഗമില്ലാഞ്ഞിട്ടുമല്ല. പിന്നെയോ? ജ്യോതിഷത്തിലെ ഭൂതികാമയോഗം ഇവിടെ യോജിക്കാത്തതുകൊണ്ടാണു്. ജ്യോതിഷത്തിലെ യോഗം ഇവിടെ യോജിക്കുന്നില്ലെങ്കിൽ ഇതു് ജ്യോതിഷത്തിലെ യോഗമല്ലെന്നാണർത്ഥം. ജ്യോതിഷത്തിലെ യോഗമല്ലെങ്കിൽ കവികല്പിതമായ യോഗമാവാനേ നിവൃത്തിയുള്ളു. അപ്രകാരമൊരു കവികല്പനയ്ക്കു് ഇവിടെ പ്രസക്തിയും കാണുന്നുണ്ടു്. സന്ദർഭം നോക്കുക:-

## കൊള്ളാം; നല്ല മര്യാദ!

നായകന്റെ നിസ്സഹായാവസ്ഥയിൽ ആപദ്ബന്ധുവായി വന്നു ചേർന്ന ആദിത്യവർമ്മ സന്ദേശവുംകൊണ്ടു പോകാൻ സന്നദ്ധനായി നില്ക്കുന്ന സന്ദർഭമാണതു്. ആ സന്ദർഭ

ത്തിന്റെ ഗൗരവം ഒന്നാലോചിച്ചു നോക്കണം. ആരാണ് ആ ആദിത്യവർമ്മ? സന്ദേശവുംകൊണ്ട് രാജാവുതന്നെ പോവുകയോ? അതെ. 'നീയേ വേണം നരവര.' എന്നാണ് ഭൃത്യർത്ഥന. അതുകൊണ്ട്, പോവുകതന്നെ. എന്തൊരസാധാരണമായ സേവനസന്നദ്ധത! എന്നിട്ട്, ഒരു നന്ദിവാക്കുപോലുമില്ലെന്നോ? കൊള്ളാം; നല്ല മര്യാദ! ഈ അനൗചിത്യത്തിന്റെ പരിഹാരമാണ് ഭൂതികാമയോഗവും വാഗധീശനമൊക്കെ. വിശദമാക്കാം;—

## ഭൂതികാമങ്ങളുടെ യോഗം

സന്ദേശവുംകൊണ്ടു പോകാൻ സന്നദ്ധനായി നില്ക്കുന്നതാരാണ്? ആദിത്യവർമ്മ—വേണാട്ടിലെ ഇളമുറരാജാവ്. സന്ദേശവുംകൊണ്ടു പോകാൻ ഒരു രാജാവിനെ കിട്ടുക! അതും ഇത്ര ലഘുവായിട്ട്! അതിനേക്കാൾ വലിയ ഭൂതിയുണ്ടോ? എത്രയും വേഗം വൃത്താന്തമറിയിച്ച് ഉണ്ണുനീലിയെ സമാശ്വസിപ്പിക്കണം. നായകന്റെ തൽക്കാലാവസ്ഥയിൽ അതിനേക്കാൾ വലിയ കാമവുമില്ല. ആദിത്യവർമ്മ ബന്ധുവായി വന്നതുകൊണ്ട് ഏററവും വലിയ ഈ ഭൂതിയും ഏററവും വലിയ ഈ കാമവും നായകന് ഒരേസമയത്തു സിദ്ധിക്കുന്നു. സിദ്ധിക്കുന്നതു ഒരേ സമയത്താകയാൽ ഭൂതികാമങ്ങൾ പരസ്പരം യോജിക്കുകയാണ്, പരസ്പരം യോജിക്കുന്നതിനാൽ ഭൂതികാമങ്ങളുടെ യോഗമാണിതു്. അനർത്ഥവും അഭൂതപൂർവ്വവുമായ ഈ ഭൂതികാമയോഗത്തിന്റെ സിദ്ധിയിൽ ആഹ്ലാദാത്ഭുതപരതന്ത്രനായ നായകൻ മതിമറന്ന് ഉദ്ഘോഷിക്കുകയാണ്, 'അയമുപഗതോ ഭൂതികാമാഖ്യയോഗഃ' — ഈ വന്നിരിക്കുന്നതത്രേ ഭൂതികാമയോഗം! — എന്ന്.

## വാഗധീശൻ — ആദിത്യവൎമ്മ

അപ്പോൾ വാഗധീശൻ ആരാണെന്നല്ലേ? വാഗധീശൻ ഈ ഭൂതികാമദയാഗത്തിന്ന കാരണഭൂതനായ ആദിത്യവൎമ്മ തന്നെ. അദ്ദേഹം വാക്കിന്റെ അധീശനാണ്. നോക്കുക:—

'ആരല്ലോചൊല്ലമരസരണൗ സംസ്കൃതപ്രാകൃതാനാം
മാറില്ലല്ലോ പുനരതിൽ നിനക്കിൻറു മംഗല്യകീൎത്തേ,
ആരല്ലോ മൂൻറവനിവിഷയേ ചേൎന്ന ഭാഷാവിശേഷം
വേറല്ലേ നീ പറകിലവയിററിങ്കലും വീരമൗലേ!'

എന്നിങ്ങനെ സംസ്കൃതപ്രാകൃതങ്ങളായ ആറു ദേവ ഭാഷകളിലും അഷ്ടാദശലൗകികഭാഷകളിലും അദ്വിതീയ നെന്നു നായകനാൽത്തന്നെ വൎണ്ണിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്ന ആദിത്യവൎമ്മയുടെ വാഗധീശത്വം അനിഷേധ്യമാണ്, അതൊരു പുതിയ കാൎയ്യവുമല്ല.

## നാലാമേടം — ബന്ധുസ്ഥാനം.

സന്ദേശവഹനത്തിന്ന സന്നദ്ധനായ ആ വാഗധീശൻ നായകനെ സംബന്ധിച്ചിടത്തോളം ബന്ധുസ്ഥാനത്താണല്ലോ നില്ക്കുന്നതു്. ജ്യോതിഷവ്യവഹാരത്തിൽ ബന്ധുസ്ഥാനവും നാലാമേടവും ഒന്നുതന്നെ. അതനുസരിച്ചു്, ആദിത്യവൎമ്മ യാകുന്ന വാഗധീശൻ — വ്യാഴം — നില്ക്കുന്നതു് നാലാമേട ത്താണ്. ഇങ്ങനെ, കവികല്പിതമായ ഭൂതികാമയോഗ ത്തിനു് കവികല്പിതമായ വ്യാഴവും കവികല്പിതമായ നാലാ മേടവും പൊരുത്തപ്പെടുന്നു.

നായകന്റെ നിസ്സഹായാവസ്ഥയിൽ ആദിത്യവൎമ്മ യാദൃച്ഛികമായി വന്നുചേർന്നതും സന്ദേശവുംകൊണ്ടു പോകാൻ ആ രാജാവുതന്നെ സന്നദ്ധനായതും എന്തൊരു ഭാഗ്യമാണു്! അത്ഭുതകരമായ ആ ഭാഗ്യസിദ്ധിക്കു കാരണഭൂതനായി ബന്ധുസ്ഥാനത്തു നില്ക്കുന്ന ആദിത്യവൎമ്മ ബന്ധുഃസ്ഥാനത്തു നില്ക്കുന്ന സാക്ഷാൽ വാഗധീശൻ തന്നെ — നാലാമേടത്തു നില്ക്കുന്ന സാക്ഷാൽ വ്യാഴം തന്നെ.

'അയമുപഗതഃ'

അടുത്ത വാക്യത്തിലെ 'അയമുപഗതഃ' എന്ന ഭാഗം നോക്കുക. അതു് 'വാഗധീശൻ നാലാമേടത്തു്' എന്നതിനോടും അന്വയിക്കും. അപ്പോൾ, 'വാഗധീശൻ നാലാമേടത്തയമുപഗതഃ' എന്ന വാക്യം കിട്ടുന്നു. 'അയം' (ഇവ) എന്നു നിർദ്ദേശിക്കുന്നതുകൊണ്ടു് നാലാമേടത്തുപഗതനായ വാഗധീശൻ, പുരോവൎത്തിയായ ആദിത്യവർമ്മതന്നെ എന്നു തീർച്ചപ്പെടുന്നു, 'ഉപഗതഃ' എന്നതും നോക്കുക. ഉപഗതൻ = സമീപഗതൻ — സമീപത്തു വന്നവൻ. ഇവിടെ സമീപത്തു വന്നതു് ആദിത്യവൎമ്മയാണു്. വ്യാഴം സമീപത്തു വരികയില്ല. അതുകൊണ്ടു് ഇവിടെ സമീപഗതനായ വാഗധീശൻ, വാഗധീശനായ ആദിത്യവൎമ്മയാവാനേ നിവൃത്തിയുള്ളു. വാഗധീശൻ — വ്യാഴം — ഉപഗതനാവുക! — പ്രത്യക്ഷസേവനത്തിനു സന്നദ്ധനായി സമീപഗതനാവുക! അതു സംഭവ്യമല്ല. എന്നാൽ ഇവിടെ അതാണു സംഭവിച്ചിരിക്കുന്നതു്. അതിന്റെ അത്ഭുതം 'വാഗധീശൻ നാലാമേടത്തയമുപഗതഃ' എന്ന വാക്യത്തിൽ 'അയമുപഗതഃ' എന്ന ഭാഗത്തു മുഴങ്ങിക്കേൾക്കാം. ആദിത്യവൎമ്മയ്ക്കു് എന്തൊരു പ്രശംസ! അദ്ദേഹത്തോടുള്ള കടപ്പാടു് എത്ര വലുതു്! സന്ദേശവഹനത്തിലും നായികാസാന്ത്വനത്തിലും ആദിത്യവൎമ്മയ്ക്കുള്ള അസാമാന്യമായ കഴിവു് 'വാഗധീശ' പ്രയോഗത്തിൽ സ്ഫുടമായി വ്യഞ്ജിക്കുന്നു.

## തിഥിവാരാദികൾക്കുള്ള പ്രസക്തി

'വാഗധീശൻ നാലാമേടത്തയമുപഗതഃ', 'അയമുപഗതോ ഭൂതികാമാഖ്യയോഗഃ' എന്നീ രണ്ടു വാക്യങ്ങളും 'അയമുപഗതഃ' എന്ന ഭാഗംകൊണ്ടു പരസ്പരം ദൃഢമായി ബന്ധിപ്പിച്ചിരിക്കുന്നതു നോക്കുക. ഇങ്ങനെ ബന്ധിപ്പിച്ചിരിക്കുന്നതു്, ഈ ഭൂതികാമയോഗത്തിന്നു് വാഗധീശൻ നാലാമേടത്തു വന്നതിനോടുള്ള ദൃഢമായ ബന്ധം സൂചിപ്പിക്കുന്നതിനാണു്. അങ്ങനെ, ഭൂതികാമയോഗത്തിന്റെ ദാതാവു് ആദിത്യവൎമ്മയാണെന്നു് ഉറപ്പിക്കുന്നു. അതാണല്ലോ ഈ സന്ദർഭത്തിലെ ആവശ്യം. എന്നാലും അപ്രാപ്യനായ ആദിത്യവൎമ്മയിൽനിന്നു് അന്നത്തെ മേടംരാശിയിൽ ഇപ്രകാരമൊരു ഭാഗ്യാനുഭവമുണ്ടായതു് തീർച്ചയായും അന്നത്തെ തിഥിവാരനക്ഷത്രങ്ങളും ആ മേടംരാശിയും നായകന്നു് ഏററവും അനുകൂലമായിരുന്നതുകൊണ്ടാണു്. അതനുസരിച്ചു് ഈ ഭൂതികാമയോഗത്തിന്നു കാരണം ആദിത്യവൎമ്മ ബന്ധുഃസ്ഥാനത്തു വന്നതു മാത്രമല്ല; ആ തിഥിവാരാദികളും അതിന്നു കാരണമാണു്. അതുകൊണ്ടു് അവയെക്കൂടി ഉൾപ്പെടുത്തി ഈ ഭൂതികാമയോഗത്തെ ഒരു തിഥിവാരാദിയോഗമായും കവി കല്പിച്ചിരിക്കുന്നു. വാഗധീശൻ നാലാമേടത്തു വന്നതിൻെറ മഹിമാവിനാൽ അന്നത്തെ തിഥിവാരനക്ഷത്രങ്ങളും മേടംരാശിയും ആ നാലാമേടവുമായി ചേൎന്ന യോഗമുണ്ടാകുന്നു എന്നാണു ഭാവന.

നാലാമേടമെന്നുള്ളതുകൊണ്ടു വിവക്ഷിക്കുന്നതു് കേവലം ലൗകികമായ ബന്ധുസ്ഥാനമാകയാൽ ലഗ്നത്തിന്നു പ്രസക്തിയില്ല. എങ്കിലും ബന്ധുസ്ഥാനത്തിനെ നാലാമേടമായി പറയുമ്പോൾ ആ നാലാമേടത്തിന്നുവേണ്ടി ഒരു ലഗ്നം വേണം. ഇവിടെ കാര്യം പറയുന്നതു് മേടംരാശിയി-

ലാകയാൽ ആ മേടംരാശിതന്നെ ലഗ്നംപോലെ നിന്നു കൊണ്ടു് നാലാമേടം വ്യാഴത്തിൻെറ ഉച്ചരാശിയായ കർക്കടകമാണെന്ന പ്രതീതിയുണ്ടാകും. അപ്പോൾ, ആദിത്യവർമ്മയാകുന്ന വാഗധീശൻ ഉച്ചസ്ഥനാണെന്നു് ആശയം കിട്ടിയിട്ടു് അതും ആദിത്യവർമ്മയ്ക്കൊരു പ്രശംസയായിത്തന്നെ ഹൃദയാ ജനപ്പെടുന്നു.

## വാരവും നാളും

യോഗാംഗങ്ങളിൽ വാരവും നാളും ഏതെന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു. പദ്യത്തിൻെറ പൂർവ്വാർദ്ധത്തിനു് ഇങ്ങനെ അർത്ഥം കല്പിക്കാം:- അഞ്ചാംപക്കം - അഞ്ചാമത്തെ പക്കമാണു്. വാമിതുതുലാം വാരവും - ഇതു തുലാം വരമായ വാരവുമാണു്. നാളും നൻറ്റ - നാളും നല്ലതാണു്. ആ നാളു് ഏതാണെന്നുള്ള ആകാംക്ഷയിൽ മുമ്പിലേതു് എന്നുത്തരം. അതായതു്, മുമ്പിൽ പറഞ്ഞതു് - അഞ്ചാമത്തതു് - മകയിരം. മുമ്പിലേതു് എന്നതിനു്, മുമ്പിൽ പറഞ്ഞതു് എന്നർത്ഥമില്ല; മുമ്പിലുള്ളതു് എന്നാണു് അതിൻെറ ശരിയായ അർത്ഥം. എങ്കിലും നാളിനെ ഇപ്രകാരം നിർദ്ദേശിക്കുവാൻ വിശേഷിച്ചൊരു കാരണമുണ്ടു്. ആ കാരണം വഴിയേ വ്യക്തമാകും.

ഇവിടെ വാരമേതെന്നു തിട്ടപ്പെടുന്നില്ല. എങ്കിലും തുലോം വരമായ വാരമാണെന്നറിയാം. തുലോം വരമായ വാരമാകട്ടെ പലതിനും പലതാണു്. ഇവിടെയാണെങ്കിൽ, ഭാര്യാപരമായ വിപത്തിൽ ആശ്വാസം നല്കുന്ന ഭൂതികാമയോഗത്തിൻെറ അംഗമായ വാരമാണു്. അതുകൊണ്ടു്, ഇവിടത്തെ തുലോംവരമായ വാരം കളത്രകാരകനായ ശുക്രൻെറ വാരമായിരിക്കണം. ശുക്രൻെറ വാരം - വെള്ളിയാഴ്ച.

## ഭൂതികാമ — തിഥിവാരാദികൾ

ഇങ്ങനെയൊരു ഭൂതികാമയോഗം ജ്യോതിഷത്തിലില്ല. എങ്കിലും ഇതു് അപ്രമാണമല്ല. ഈ യോഗം സ്വയം പ്രമാണമാണ്. അതെങ്ങനെ? പറയാം. 'ഭൂതികാമ' എന്ന പേരിൻെറ അക്ഷരങ്ങൾ തിഥിവാരാദികളാണെന്നു സങ്കല്പിക്കുക. അപ്പോൾ ആ തിഥിവാരാദികളുടെ യോഗം ഈ അക്ഷരങ്ങളുടെ യോഗമാവും. ഭൂ, തി, കാ, മ എന്നീ അക്ഷരങ്ങളുടെ യോഗം 'ഭൂതികാമ' യോഗമാണല്ലോ. ഇതാണു യുക്തി.

അക്ഷരങ്ങൾ തിഥിവാരാദികളാണെന്നു സാധിച്ചിരിക്കുന്നതു് അക്ഷരസംഖ്യകൊണ്ടാണ്. എങ്ങനെയെന്നാൽ, 'ഭൂതികാമ' എന്നതു് 5164 എന്ന സംഖ്യയാകുന്നു. ഈ സംഖ്യയിലെ അക്കങ്ങൾ തിഥിവാരാദികളുടെ എണ്ണവുമായി പൊരുത്തപ്പെടും. എങ്ങനെ എന്നു കാണുക :-

5 = അഞ്ചാംപക്കവും അഞ്ചാമത്തെ നാളായ മകയിരവും.

1 = ഒന്നാമത്തെ രാശിയായ മേടം.

6 = ആറാമത്തെ വാരമായ വെള്ളി.

4 = നാലാമേടം,

ഈ 5164 എന്ന സംഖ്യവച്ചുകൊണ്ടു് അതിലെ അക്കങ്ങൾക്കനുരൂപമായിട്ടാണ് പദ്യത്തിൻെറ പൂർവ്വാർദ്ധത്തിൽ തിഥിവാരനക്ഷത്രങ്ങളെ നിർദ്ദേശിച്ചിരിക്കുന്നതു്. അതാണ് അവിടെക്കാണുന്ന പ്രത്യേകതകൾക്കെല്ലാം കാരണം. തിഥി അഞ്ചാംപക്കമാണെന്നു് ഏററവും വ്യക്തമായി പറഞ്ഞിട്ടു് വാരവും നാളും കടങ്കഥപോലെ പറഞ്ഞിരിക്കുന്നു. മുമ്പി-

ലേതു് എന്ന നിർദ്ദേശം വിശേഷിച്ചും അസ്വാഭാവികമാണ്. നാള് മുമ്പിലേതു് എന്നു കേട്ടാൽ അശ്വതി എന്നാണർത്ഥം തോന്നുക. പക്ഷെ അശ്വതി ഇവിടെ യോജിക്കുകയില്ല. ഈ വൈഷമ്യത്തിൽ, മുമ്പിൽ പറഞ്ഞതു് എന്നു കൃത്രിമമായി വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ, മുമ്പിലേതു് എന്ന നിർദ്ദേശം ഏററവും സ്വാഭാവികമാണ്. മുമ്പിലുള്ളതു് എന്നുതന്നെയാണ് കവി ഉദ്ദേശിച്ചിട്ടുള്ളതും. എങ്ങനെയെന്നു വിശദമാക്കാം:-

5164 എന്ന സംഖ്യ നോക്കുക. വാരവും നാളും ഈ സംഖ്യയിലെ അക്കങ്ങൾ വഴിയായി കണ്ടുപിടിക്കണമെന്നാണ് കവിയുടെ ഉദ്ദേശ്യം. അതിനുള്ള യുക്തി 'അഞ്ചാം പക്ക'മെന്ന പ്രയോഗത്തിലുണ്ടു്. നോക്കുക:-

'അഞ്ചാംപക്കം' എന്നതിനെ പക്കം അഞ്ചാം എന്നന്വയിപ്പിക്കാം. അപ്പോൾ, പക്കം അഞ്ചാം—പക്കം 5 ആണ് എന്നു കിട്ടും. ഈ യുക്തിവച്ചുകൊണ്ടു് തുലോംവരമായ വാരമേതെന്നു കണ്ടുപിടിക്കാം. 5164 എന്ന സംഖ്യയിലെ അക്കങ്ങളിൽ തുലോംവരം—ഏററവും വലുതു്—ഏതാണ്? 6 എന്ന അക്കമാണ്. അതാണു വാരം. 6-ാമത്തെ വാരം-വെള്ളി. നാളോ? മുമ്പിലേതു്—മുമ്പിലുള്ളതു്. ഈ അക്കങ്ങളിൽ ഏതാണു മുമ്പിലുള്ളതു്? മുമ്പിലുള്ളതു് 5 എന്ന അക്കമാണ്. അതാണു നാള്, അഞ്ചാമത്തെ നാള്—മകയിരം. മുമ്പിലേതു് എന്ന നിർദ്ദേശം യുക്തം തന്നെ; അസ്വാഭാവികതയൊന്നുമില്ല.

## തണ്ടാർമാതാണ്ടു് — വീണ്ടും

5164 എന്ന സംഖ്യയിലെ ആദ്യത്തെ മൂന്നക്കങ്ങളും നോക്കുക. ഇവ 'തണ്ടാർമാതാണ്ടു്' എന്ന പ്രാരംഭത്തെ

അനുസ്മരിപ്പിക്കുന്നു. 516-ലെ അക്കങ്ങൾ ഇവിടെയും മുറയ്ക്കുതന്നെ നിരന്നുവന്നിരിക്കുന്നു. ഇതു കേവലം യാദൃച്ഛികമാണോ? അഥവാ, കവി കരുതിയിട്ടുള്ളതാണോ? സംശയം വേണ്ട; കവി കരുതിയിട്ടുള്ളതുതന്നെ. നോക്കുക :-

5164-ലെ അക്കങ്ങൾ ഭൂതികാമയോഗത്തിന്റെ അംഗങ്ങളാണല്ലോ. അവയിൽ 5, 1, 6 എന്ന മൂന്നക്കങ്ങൾ തിഥിവാരനക്ഷത്രങ്ങളും മേടംരാശിയുമാണ്. 4 എന്ന അക്കം നാലാമേടവുമാണ്, ഈ യോഗാംഗങ്ങൾ ആകെ അഞ്ചെണ്ണമുണ്ട്. എങ്കിലും സത്യമായിട്ടുള്ളവ ആദ്യത്തെ നാലെണ്ണം മാത്രമേ ഉള്ളു. അതായതു്, തിഥിവാരനക്ഷത്രങ്ങളും മേടം രാശിയും മാത്രമേ ഉള്ളു. അവസാനത്തേതായ നാലാമേടമാകട്ടെ, സത്യമല്ല. സത്യമായ നാലാമേടം എന്നതു് ലഗ്നത്തിന്റെ നാലാംരാശിയാണല്ലോ. ഇവിടെയാണെങ്കിൽ ലഗ്നവുമില്ല, നാലാംരാശിയുമില്ല. ഇവിടത്തെ നാലാമേടം കേവലം ലൗകികമായ ബന്ധുസ്ഥാനത്തിനു പകരം ജ്യോതിഷപക്ഷത്തിൽ നിലകൊള്ളുന്ന ഒരു കവിഭാവന മാത്രമാണ്. ഇങ്ങനെ നാലാമേടം സത്യമല്ലാത്തതിനാൽ 4 എന്ന അക്കവും സത്യമല്ല. കാരണം—നാലാമേടവും 4 എന്ന അക്കവും ഒന്നുതന്നെയെന്നു് ഇവിടെ കണ്ടുകഴിഞ്ഞു. 5164 എന്നുള്ളതിൽ 4 എന്ന അക്കം സത്യമല്ലെങ്കിൽ 5164 എന്ന സംഖ്യയും സത്യമല്ല. പിന്നെ സത്യമായിട്ടുള്ളതു്, ശേഷിക്കുന്ന 516 മാത്രമാണ്.

516 എന്നു പറഞ്ഞാൽ 516 എന്ന സംഖ്യയെന്നും 516 എന്ന ആണ്ടെന്നും അർത്ഥമാകുമല്ലോ. അതനുസരിച്ചു് 516-ലെ അക്കങ്ങൾ 516-ലെ തിഥിവാരാദികളാണെന്നുള്ളതു് സരസമായി യോജിക്കുന്നു.

## 516 മീനം 28

സന്ദേശകാലം 516 ആണെന്നുള്ളതിൽ ഇനി സന്ദേഹത്തിനവകാശമില്ല. സ്വാമിക്കണ്ണുപിള്ളയുടെ എഫെമറിസ് അനുസരിച്ചു് 516 മീനം 28-ാം തീയതി, ഇവിടെക്കണ്ടതുപോലെ പഞ്ചമിയും മകയിരവും വെള്ളിയാഴ്ചയും യോജിച്ചുവരുന്ന ദിവസമാണു്. ആദിത്യവർമ്മ സന്ദേശവംകൊണ്ടു യാത്രയാകുന്നതു് അന്നാണു്. യാത്രാസമയം മേടരാശിതന്നെ ആയിക്കൊള്ളണമെന്നില്ല. മേടംരാശി, കാര്യം പറയുന്ന സമയമാണെന്നേ ഇവിടെ കിട്ടുന്നുള്ളു.

മേടംരാശി ഭൃതികാമയോഗത്തിന്റെ അംഗവും, വാഗധീശൻ ആദിത്യവർമ്മയും, നാലാമേടം ബന്ധുസ്ഥാനവുമാകുമ്പോൾ സന്ദേശകാലനിർണ്ണയത്തിൽ കർക്കടകവ്യാഴത്തിനു് ഒരു സ്ഥാനവുമില്ല. അതിനും പുറമേ, ഭൃതികാമയോഗം 516 മീനം 28-ാം തീയതിയിലെ തിഥിവാരാദികൾ ഉൾപ്പെടുന്ന യോഗമാണെന്നും തെളിയുന്നു. ഈ നിലയിൽ സന്ദേശകാലം, 'തണ്ടാർമാതാണ്ടു'' എന്ന തുടക്കത്തിൽ കാണുന്നതുപോലെ, കൊ. വ. 516 ആണെന്നു തീർച്ചപ്പെടുത്താവുന്നതാണു്. ചരിത്രയുക്തികളും 516-നു് അനുകൂലമാണെന്നു മേൽ വിവരിക്കും.

---

# 'ഭാഗ്യേ ജീവഃ'

ഉണ്ണുനീലിസന്ദേശത്തിൽ സന്ദേശകാലം നിർണ്ണയിക്കുന്നതിനുതകുന്ന വിധത്തിൽ ഗ്രഹനിലയൊന്നും പറയുന്നില്ല. കർക്കടകവ്യാഴത്തിന്റെ കഥ കണ്ടുകഴിഞ്ഞു, ഇനി 'അഷ്ടമേ ശുക്രചന്ദ്രൗ ഭാഗ്യേജീവഃ' എന്ന ഭാഗം മാത്രമാണുള്ളതു്. അതു് ഗ്രഹനില പറയുന്ന വാക്യങ്ങൾതന്നെ. പക്ഷേ ആ ഗ്രഹനിലയ്ക്കു് സന്ദേശകാലവുമായി ഒരു വിധത്തിലും ബന്ധമില്ല. ആ വാക്യങ്ങൾ കേവലം പൂച്ചൊല്ലാണെന്നു് അവിടെത്തന്നെ പറഞ്ഞിട്ടുണ്ടു്,

സന്ദേശവാഹകൻ നായികാഗൃഹത്തിലെത്തുമ്പോൾ വിരഹാതുരയായ ഉണ്ണുനീലി പ്രശ്നം വച്ചുകൊണ്ടിരിക്കയായിരിക്കുമെന്നും അപ്പോഴത്തെ ഗ്രഹനിലയാണു് ഇവിടെ പറയുന്നതെന്നുമാണു് നിലവിലുള്ള വ്യാഖ്യാനം, തീരെ അരസികമായ വ്യാഖ്യാനമാണിതു്. ഉണ്ണുനീലിയുടെ അപ്പോഴത്തെ സ്ഥിതി പ്രശ്നംവയ്ക്കാൻ പാററിയതാണോ എന്നാലോചിച്ചുനോക്കണം. ആ ദുഃഖവർണ്ണന ഹൃദയമുള്ളവർ വായിച്ചുനോക്കട്ടെ. രാശിനിർണ്ണയം ചെയ്യാനും ഗ്രഹനില ഗണിക്കാനുമൊക്കെ ആ ദുഃഖപാരവശ്യത്തിനിടയിൽ എങ്ങനെ മനഃസാന്നിദ്ധ്യമുണ്ടാകും ?

ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ടു്, ഉണ്ണുനീലിയുടെ ദുഃഖം മററു സന്ദേശകാവ്യങ്ങളിലെപ്പോലെ കേവലം വിരഹദുഃഖമല്ല. അതായതു്, ഭർത്താവു സമീപത്തില്ല എന്നുള്ളതല്ല ഇവിടെ വിഷയം. പിന്നെയോ? അദ്ദേഹം എങ്ങുമില്ല എന്നുള്ളതാണു്.

എല്ലാ അടനാഷണങ്ങളും പരാജയപ്പെട്ടു, ആരും കണ്ടവരില്ല, എവിടെയാണെന്നും ഏതവസ്ഥയിലാണെന്നും അറിഞ്ഞുകൂടാ. രണ്ടുരാത്രിയും മൂന്നുപകലും കഴിഞ്ഞിരിക്കുന്നു. ഇനിയും പ്രതീക്ഷയ്ക്കവകാശമില്ല, തീർച്ചയായും ജീവാപായം സംഭവിച്ചിട്ടുണ്ടു്, ഇതാണ നില.

ഇങ്ങനെയുള്ള ഘട്ടങ്ങളിൽ വല്ല രക്ഷയുമുണ്ടോ എന്നു് രാമായണത്തിലും മറ്റും പൂവിട്ടുനോക്കി ഫലമറിയുക ഇന്നും നിലവിലുള്ള സമ്പ്രദായമാണു്* ഉണ്ണുനീലിയും ആ വിധത്തിൽ ഒരു പരീക്ഷ നടത്താതിരിക്കയില്ല എന്നേ ഇവിടെ വിവക്ഷയുള്ളൂ. അങ്ങനെ പൂവിട്ടുനോക്കുമ്പോൾ ഉദിക്കുന്ന ചൊല്ലു് നായികയ്ക്കു് ആശ്വാസപ്രദമായിത്തീരുന്നതിന്റെ വിധമൊന്നു കാണിക്കുവാൻവേണ്ടി കവി കണ്ടുപിടിച്ച ചൊല്ലാണു് 'അഷ്ടമേത്തുകൃ ചന്ദ്രൗ ഭാഗ്യേജീവഃ' എന്ന പൂച്ചൊല്ലു്.† ഇതിൽ 'ഭാഗ്യേജീവഃ' എന്ന ഭാഗമാണു് ആശ്വാസം നൽകുന്നതു്, ആശ്വസിക്കുന്നതിന്റെ വിധം ഇപ്രകാരമാണു് :-

ഉദിച്ചിരിക്കുന്ന പൂച്ചൊല്ലിൽ 'ഭാഗ്യേജീവഃ' എന്നു കാണുന്നു. ജീവൻ ഭാഗ്യത്തിലാണെന്നു കാണുന്നതുകൊണ്ടു്, ജീവാപായം സംഭവിച്ചിട്ടില്ല എന്നു വിശ്വസിക്കാം. അദ്ദേഹം എവിടെയോ ജീവിച്ചിരിപ്പുണ്ടു്, എങ്കിലും ഇതു

---

* ഈ ഉപായത്തിനു്, നൂലിട്ടു നോക്കുക എന്നും ചില ദിക്കിൽ പറയും. പൂവിനു പകരം നൂലും ഉപയോഗിക്കുമായിരിക്കാം.

† പൂവിട്ടുനോക്കുമ്പോൾ കാണുന്ന ചൊല്ലിനെ 'പൂച്ചൊല്ലു്' എന്നു പറയാം.

വൈകിയിട്ടും കാണാത്തനിലയ്ക്കു് അതങ്ങു പൂർണ്ണമായി വിശ്വസിക്കുന്നതെങ്ങനെ? പൂച്ചൊല്ല് ഫലിക്കാതെ വരുമോ? അങ്ങനെ ഭയപ്പെടേണ്ട കാര്യമില്ല. ജീവാപായത്തെപ്പററി നോക്കിയപ്പോഴും 'ഭാഗ്യേ ജീവഃ' എന്നു കൃത്യമായും ജീവന്റെ കാര്യംതന്നെ വന്നിരിക്കുന്നു. പിന്നെ എങ്ങനെയാണു് ഈ പൂച്ചൊല്ല് അസത്യമാവുക? അതുകൊണ്ടു്, അദ്ദേഹം ജീവിച്ചിരിപ്പുണ്ടു്; തിരിച്ചുവരുമെന്നു് ആശിക്കാം. ഇതാണു് ആശ്വാസിക്കുന്നതിന്റെ വിധം.

'നച്ചൊൽ കേൾക്കും തദന കൊടിവ-
യ്യിക്കുമോക്കും നിമിത്താ-
ന്യത്യാവേശാൽ പണവുമരിയും
നീക്കി നിത്യം തൊടീക്കും'

എന്നിങ്ങനെ അടുത്ത പദ്യത്തിൽ പറയുന്ന ഉദാഹരണങ്ങളിൽനിന്നു്, ഈ പൂച്ചൊല്ലും അതുപോലെ ഒരു ലഘുപരീക്ഷ മാത്രമാണെന്നു് ഊഹിക്കാവുന്നതേ ഉള്ളൂ.

'ഭാഗ്യേ ജീവഃ' എന്ന വാക്യം വ്യാഴം ഒമ്പതാമെടത്താണെന്നർത്ഥമുള്ള ഒരു ജ്യോതിഷവാക്യമാണെന്നു് സാഹചര്യത്താൽ സ്പഷ്ടമാകുകയാണു് 'അഷ്ടമേ ശുക്ര ചന്ദ്രൗ' എന്ന ഭാഗത്തിന്റെ പ്രയോജനം. ഭർത്താവിനു ജീവാപായം സംഭവിച്ചുപോയോ എന്നു വ്യാകുലപ്പെട്ടുകൊണ്ടിരിക്കുന്ന നായിക, കേവലം ജ്യോതിഷകാര്യം പറയുന്ന അപ്രകൃതവാക്യത്തിൽപോലും ആശ്വാസത്തിനു വഴി കാണുന്നു. മുങ്ങിച്ചാകുന്നവൻ കച്ചിത്തുമ്പിലും പിടിക്കുമെന്നു് അനുസ്മരിപ്പിക്കുന്ന ഈ ആശ്വാസവിധത്തിൽ കൂടി നായികയുടെ ഉൽക്കണ്ഠാതിരേകം വ്യഞ്ജിപ്പിക്കുകയാണു് ഇവിടെ കവിയുടെ ഉദ്ദേശ്യം.

# 516-ലെ രാജാവ്

സന്ദേശകാലം 516 ആണെന്നു സന്ദേശത്തിൽത്തന്നെ സൂചനയുള്ള നിലയ്ക്കു് അന്നു കൊല്ലത്തു വാഴുന്ന രാജാവ് ഇരവിവർമ്മനാണെന്നുള്ളതിനു് വേറെ തെളിവു വേണ്ടാ. എങ്കിലും 'ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിൽ കൂടി' നോക്കുമ്പോൾ അന്നത്തെ രാജാവ് ഉദയമാർത്താണ്ഡവർമ്മ യാണെന്നു കാണും. അതുകൊണ്ടു് ആ ചരിത്രദൃഷ്ടിയും പരി ശോധിക്കാം.

488-ൽ ഉദയമാർത്താണ്ഡവർമ്മ എന്നൊരു രാജാവു് വേണാട്ടിൽ ഭരണമേല്ക്കുന്നു. അദ്ദേഹം സന്ദേശത്തിൽ വർണ്ണിക്ക പ്പെടുന്ന ഇരവിവർമ്മന്റെ മാതുലനാണെന്നാണ് 'ചരിത്രദൃഷ്ടി' യിൽ കാണുന്നതു്. ഉദയമാർത്താണ്ഡവർമ്മ 518-ലും ഭരിക്കു ന്നുണ്ടു്. അതനുസരിച്ചു്, അനന്തരവനായ ഇരവിവർമ്മന്റെ ഭരണം 518-നു ശേഷമേ ആരംഭിക്കുകയുള്ളു.

എന്നാൽ, ഉദയമാർത്താണ്ഡവർമ്മയും ഇരവിവർമ്മനും തമ്മിലുള്ള മാതുലഭാഗിനേയബന്ധമൊന്നു പരിശോധിക്കാം. ആ ബന്ധത്തിനാധാരമെന്തെന്നു് 'ചരിത്രദൃഷ്ടി'യിൽത്തന്നെ സൂചനയുണ്ടു്. ഇരവിവർമ്മന്റെ മാതാവു് കോലത്തുനാട്ടിൽ നിന്നു ദത്തുകേറിയ ഒരു തമ്പുരാട്ടിയാണ്. ദത്തെടുത്ത രാജാവു് ഉദയമാർത്താണ്ഡവർമ്മയാണെന്നു 'ചരിത്രദൃഷ്ടി' യിൽ കാണുന്നു. ഈ ദത്തെടുപ്പാണു് മാതുലഭാഗിനേയബന്ധ ത്തിനാധാരം.

ഇരവിവർമ്മന്റെ മാതുലൻ ഉദയമാർത്താണ്ഡവർമ്മയാണെ ന്നുള്ള ചരിത്രദൃഷ്ടി ഭദ്രമല്ല. ഇരവിവർമ്മൻെറ ഇരട്ടപ്പേരു നോക്കുക. ഇരട്ടപ്പേരു ചേരുമ്പോൾ അദ്ദേഹം ഇരവി ഇരവി വർമ്മനാണ്, അദ്ദേഹത്തിന്റെ കാലം മരുമക്കത്തായകാല

മാണെന്നു് 'ചരിത്രദൃഷ്ടി'യും സമ്മതിക്കും. ആ നിലയ്ക്കു് മാതുലൻ ഉദയമാർത്താണ്ഡവർമ്മയാണെങ്കിൽ ഇരട്ടപ്പേരു് ഇരവി എന്നു വരുകയില്ല. ഇരട്ടപ്പേരനുസരിച്ചു് മാതുലൻ ഏതോ ഇരവിവർമ്മനാണു്, ആ ഇരവിവർമ്മൻ തന്നെയാണു് ദത്തെടുത്തിട്ടുള്ളതും. ദത്തു നടന്നതു് 480-ലാണെന്നു് നാഗമയ്യാ പറയുന്നു. (State Manual I P. 260) അന്നത്തെ രാജാവു് സംഗ്രാമധീരനെന്നു വിഖ്യാതനായ ഇരവിവർമ്മനമാണു്. ഒരു കുഴപ്പവുമില്ല. ഇരട്ടപ്പേരു് ഇരവി എന്നാണു്; മാതുലൻ ഇരവിവർമ്മനും തന്നെ.

സംഗ്രാമധീരൻ 516 വരെ ജീവിച്ചിരുന്നതായി ആർക്കും അഭിപ്രായമില്ല. അതുകൊണ്ടു് 516-ൽ കൊല്ലത്തു വാഴുന്ന രാജാവു് മുറപ്രകാരം അദ്ദേഹത്തിന്റെ അനന്തരവനായ ഇരവിവർമ്മനാണെന്നുള്ളതു് യോജിക്കുന്നു.

488-ൽ ഭരണമേറ്റു് 518-ലും ഭരിക്കുന്ന ഉദയമാർത്താണ്ഡവർമ്മയോ എന്നു ചോദിച്ചേക്കാം. അതിനെപ്പററി നാഗമയ്യാ പറയുന്നതു നോക്കുക :—

We see from the archaeological accounts that a certain king of Jayasimhanad (Ravi Varma who was crowned at Kanchj) was a contemporary of Chera Udaya Marthanda Varma, king of Venad, who was also called Vira Pandya Devar. Thus there were at least two kingdoms, one at Quilon and the other further south. (State Manual I p. 267)

വേണാട്ടിനു് അന്നു ഭിന്നരാജാക്കന്മാർ ഭരിക്കുന്നതായി രണ്ടു മണ്ഡലങ്ങളെങ്കിലും ഉണ്ടായിരുന്നുവെന്നാണു് നാഗമയ്യാ തീരുമാനിക്കുന്നതു്—ഒന്നു കൊല്ലത്തും മററതു്

കുറെ തെക്കുമാറിയും. രവിവർമ്മ, ജയസിംഹനാട്ടിലെ രാജാവാണെന്നും നാഗമയ്യാ പറയുന്നു. ജയസിംഹനാട്ട് കൊല്ലമാണല്ലോ. അപ്പോൾ, ഉദയമാർത്താണ്ഡവർമ്മ ഭരിച്ചിരുന്നത് ദക്ഷിണമണ്ഡലമാണെന്നർത്ഥം.

ഉദയമാർത്താണ്ഡവർമ്മയുടെ താവളസ്ഥലം (Head quarters) കളക്കാട്ട് ആയിരുന്നുവെന്ന് സദസ്യതിലകൻ പറയുന്നു. (State Manual II, P. 123) അതു നാഗമയ്യാ പറയുന്നതുമായി പൊരുത്തപ്പെടുന്നുണ്ട്. കളക്കാട്ട് എന്ന സ്ഥലം തെക്കൻ തിരുവിതാംകൂറിനു കിഴക്ക് തിരുനൽവേലിയിലാണ്. ഉദയമാർത്താണ്ഡവർമ്മ ഭരിച്ചിരുന്ന ദക്ഷിണമണ്ഡലത്തിന്റെ രാജധാനിയായിരിക്കണം ആ കളക്കാട്ട്. അങ്ങനെ ഉദയമാർത്താണ്ഡവർമ്മയുടെ ആധിപത്യം പാണ്ടിയിലുംകൂടി വ്യാപിച്ചിരുന്നതുകൊണ്ടായിരിക്കാം അദ്ദേഹത്തിന് വീരപാണ്ഡ്യദേവർ എന്ന സ്ഥാനപ്പേരുണ്ടായതു്.

ഉദയമാർത്താണ്ഡവർമ്മ, സംഗ്രാമധീരരവിവർമ്മയുടെ പിൻതുടർച്ചക്കാരനല്ലെന്നും അദ്ദേഹം വാണിരുന്നത് കൊല്ലത്തല്ലെന്നും വ്യക്തമായല്ലോ. അപ്പോൾ, 516-ൽ കൊല്ലത്തു വാഴുന്ന രാജാവ് സംഗ്രാമധീരന്റെ അനന്തരവനായ ഇരവിവർമ്മനാണെന്നുള്ളതു് ഏററവും സ്വാഭാവികമായിത്തന്നെ ഇരിക്കുന്നു.

## 516-ലെ പ്രായം

ഇരവിവർമ്മന്റെ ജനനം 482-ലാണെന്ന് ശങ്കുണ്ണി മേനോൻ സൂചിപ്പിച്ചിട്ടുണ്ട്. (History of Travancore, Page 93) അതനുസരിച്ച് 516-ൽ ഇരവിവർമ്മന് 34 വയസ്സുണ്ട്. അനുജനായ സന്ദേശവാഹകന്റെ പ്രായവും താരതമ്യേന ഊഹിച്ചുകൊള്ളുക. രണ്ടുപേർക്കും 516-ൽ സന്ദേശകാലത്തിനു യോജിക്കുന്ന പ്രായംതന്നെ.

## ഇരവിവർമ്മൻെറ ഭരണാരംഭകാലം

വയ്ക്കംക്ഷേത്രത്തിലെ ഗ്രന്ഥവരിയിൽ 504-ാമാണ്ടു് ഒരു ആദിത്യവമ്മയുണ്ട്. സന്ദേശവാഹകനായ ആദിത്യവമ്മയ്ക്കും അന്നു് 20 വയസ്സു വരും. അദ്ദേഹമായിരിക്കണം ഗ്രന്ഥവരിയിൽ പരാമർശിക്കപ്പെടുന്നതു്.

ആ ഗ്രന്ഥവരിയിൽ മാമ്പള്ളിപ്പണ്ടാരത്തെപ്പററിയും പരാമർശമുണ്ടു്. "തൃപ്പാദസപത്രപത്തിലേക്കു വളരെ പ്രത്യേകമായും ഏററവും കാര്യസ്ഥനായുമുള്ള മാമ്പള്ളിപ്പണ്ടാരം" എന്നാണ പറഞ്ഞിരിക്കുന്നതു്. ഇതു് പൂർവ്വസന്ദേശം 78-ാം പദ്യത്തിലെ "അസ്മദപാത്താം മുഴവനറിയിപ്പിച്ചു മാമ്പള്ളിയെക്കൊണ്ടു്" എന്ന ഭാഗത്തിനു് അനുരൂപമായിരിക്കുന്നു.

ആദിത്യവർമ്മയെപ്പററി "തൃപ്പാദസപത്രപത്തിലേയ്ക്കു്" എന്നു പറഞ്ഞിരിക്കുന്നതും ശ്രദ്ധിക്കുക. ഇതും തൃപ്പാപ്പൂർ മൂപ്പനായ സന്ദേശവാഹകനു യോജിക്കുന്നു. 504-ൽ അദ്ദേഹം തൃപ്പാപ്പൂർ മൂപ്പനാണെന്നും സിദ്ധിക്കുന്നു.

ആദിത്യവർമ്മ തൃപ്പാപ്പൂർ മൂപ്പനായിരിക്കുമ്പോൾ വേണാട്ടുമൂപ്പർ ജ്യേഷ്ഠനായ രവിവർമ്മയാണെന്നു് 'ചരിത്രദൃഷ്ടി'യിൽ കാണുന്നു. അതനുസരിച്ചു് ഇരവിവർമ്മൻ ഭരണമേററതു് 504-നു മുമ്പാണു്. അന്നു മുതല്ക്കേ അദ്ദേഹം കൊല്ലത്തുവാഴുന്ന രാജാവാണു്. ആ വാഴ്ച 516-ലും നിലനില്ക്കുന്നു.

# നായകനും കവിയും വെളിപ്പെടുന്നു.

ഉണ്ണുനീലിസന്ദേശകാലം കഴിഞ്ഞു് ഏതാനും വർഷത്തിനകം രചിക്കപ്പെട്ട മറെറാരു വിശിഷ്ടകൃതിയുണ്ടു്—ഉണ്ണിയാടീചരിതം. ഓടനാട്ടു കേരളവർമ്മയ്ക്കു് ഏററവും പ്രത്യക്ഷതയുള്ള ഒരു ദാമോദരച്ചാക്യാരാണ് അതിന്റെ കർത്താവു്. കേരളവർമ്മയുടെയും കണ്ടിയൂർ ചെറുകരവീട്ടിലെ കുട്ടത്തിയുടെയും മകളായ ഉണ്ണിയാടിയെ പുകഴ്ത്തുന്നതിനാണ് ആ കാവ്യം രചിക്കപ്പെട്ടതു്.

ഉണ്ണുനീലിസന്ദേശത്തിലുമുണ്ടു്, ഒരു ഉണ്ണിയാടി—101-ാം പദ്യത്തിൽ. അതും ചെറുകരെ ഉണ്ണിയാടിയാണ്. പക്ഷെ രണ്ടും ഒരാളല്ലെന്നാണ് ശ്രീ. ഇളംകുളത്തിന്റെ വ്യാഖ്യാനം. ആ വ്യാഖ്യാനം സ്വീകാര്യമല്ല.

## കുട്ടത്തിയുമുണ്ടു്.

ഉണ്ണിയാടിയുടെ അമ്മ ചെറുകരവീട്ടിലെ കുട്ടത്തിയാണല്ലോ. ഇതിനു തൊട്ടുമുമ്പിലേതായ 100-ാം പദ്യത്തിൽ ആ കുട്ടത്തിയും പ്രത്യക്ഷപ്പെടുന്നുണ്ടു്. രണ്ടു പദ്യവും ഉദ്ധരിക്കാം:—

100· "മാരേററും നൽക്കനകകലശം
വെന്റ പോർകൊങ്ക താങ്ങി-
ക്കാരേററാടാട്ടം നളിനമിഴിയാം
പോന്നു നിൻമുന്നിൽ വന്നു്

കോദറാദനാലുംമൊഴി ചെറുകരെ-
ച്ചേന്നകട്ടത്തി നിന്നെ
പ്പോററീ, വൈകിച്ചരുളകിലിനി-
ക്കൊണ്ട വല്ലായ്മ ചാല.

101. ആട്ടം വല്ലംപരിചു മിഴിയും
തോററമാളാമണിക്കീഴ്-
പ്പാട്ടും കോലാഹലമഴകെഴും
കോലവും, കിം പ്രലാപൈഃ;
നാട്ടിൽച്ചൊല്ലേറിന ചെറുകരെ-
ച്ചേരുമെന്നുണ്ണിയാടീം
വീട്ടിൽച്ചെല്ലായ്കിലുമയിസഖേ,
കണ്ടുകിട്ടിൻറതുണ്ടാം."

വ്യാഖ്യാതാവാകട്ടെ, 'ചെറുകരെച്ചേന്ന കട്ടത്തി' എന്ന തിനു പകരം 'ചെറുതുരെച്ചെന്ന കൂട്ടത്തിൽ' എന്നു പാഠഭേദം വരുത്തിയിരിക്കുന്നു. ഗ്രന്ഥത്തിൽ 'കട്ടത്തി'തന്നെയാണെന്നു് അദ്ദേഹം സമ്മതിക്കുന്നുമുണ്ടു്. (ഉ. സ. ഏഴാം പതിപ്പു്. വശം 86) അമ്മയേയും മകളേയും ഇങ്ങനെ ഒന്നിച്ചുകണ്ടാൽ അമ്മയെ 'കൂട്ടത്തിൽ' ആക്കിയിട്ടു് മകൾ മറെറാന്നാണെന്നു് പറയുന്നതു് കുറെ കഷ്ടമാണു്. ഈ വാദത്തിനു് അദ്ദേഹം കാണിക്കുന്ന യുക്തി ഇവിടെ സംഗ്രഹിക്കാം:—

ഉണ്ണനീലിസന്ദേശകാലത്തു് ഓടനാട വാഴുന്നതു് രവിവർമ്മയാണു്. അദ്ദേഹം മരിച്ചതിനുശേഷമേ കേരളവർമ്മ

---

101-ാം പദ്യത്തിൽ 'തോററം' എന്നതിനു പകരം ശ്രീ ഇളംകുളത്തിന്റെ പാഠം 'തെററും' എന്നാണു്.

ഭരണമേല്ക്കുന്നുള്ളൂ. ഭരണമേററ് പിന്നെയും കുറേക്കഴിഞ്ഞിട്ടേ അദ്ദേഹം കുട്ടത്തിയെ വിവാഹം ചെയ്യുന്നുള്ളൂ. പിന്നെ എങ്ങനെയാണ് അവരുടെ പുത്രിയായ ഉണ്ണിയാടിയെ ഉണ്ണുനീലിസന്ദേശത്തിൽ കാണാൻ കഴിയുന്നതു്?

ഈ യുക്തി ശരിയാണെന്നു തോന്നാമെങ്കിലും ഇതിനൊരു മറുയുക്തിയുണ്ടു്, അതെന്താണെന്നു പിന്നെപ്പറയാം. തൽക്കാലം ഉണ്ണിയാടിമാരെ രണ്ടുപേരെയും ഒന്നു കൂടി സൂക്ഷിച്ചു നോക്കാം.

ഉണ്ണിയാടിചരിതത്തിൽ 'ചെറുകരനിലയം ചേർന്നീടുമെന്നുണ്ണിയാടി'യാണ്. ഉണ്ണുനീലിസന്ദേശത്തിലോ? 'ചെറുകരച്ചേരുമെന്നുണ്ണിയാടി'. ഭാഷാപ്രയോഗസാമ്യവും മേൽവിലാസവും മാത്രമല്ല ഇവിടെ ശ്രദ്ധേയമായിട്ടുള്ളതു്; രണ്ടും 'എന്നുണ്ണിയാടി'യാണ്—എന്റെ ഉണ്ണിയാടി. ഇനി സംശയമില്ല. ഒരേ വീട്ടിൽ രണ്ടുകാലത്തു് രണ്ടു് ഉണ്ണിയാടിമാർ ഉണ്ടായിരുന്നുവെന്നും അവരെ രണ്ടുപേരെയും രണ്ടുപേർ രണ്ടു കാവ്യങ്ങളിൽ 'എന്റെ' എന്നു് ഒരുപോലെ പറഞ്ഞിരിക്കയാണെന്നും വിശ്വസിക്കാൻ പ്രയാസം. രണ്ടും ഒരേ ഉണ്ണിയാടിയാണെന്നും അവളെപ്പററി രണ്ടു കാവ്യങ്ങളിലും പറയുന്നതു് ഒരാൾതന്നെയെന്നും നിശ്ചയിക്കുകയാണ് സ്വാഭാവികം.

ഉണ്ണിയാടിചരിതത്തിൽ കവിയായ ദാമോദരച്ചാക്യാരും ഒരു കഥാപാത്രമാണ്. അവിടെ അദ്ദേഹത്തിന്റെ വാക്കാണ് 'എന്നുണ്ണിയാടി' എന്നുള്ളതു്. ഇവിടെ ഇതു് നായകന്റെ വാക്കുമാണ്. ഇങ്ങനെ ഉണ്ണുനീലിസന്ദേശത്തിലെ നായ-

കനും കവിയും ഉണ്ണിയാടീചരിതം രചിച്ച ദാമോദരച്ചാക്യാരാണെന്നു നല്ലവണ്ണം തെളിയുന്നു.* അതു നില്ക്കട്ടെ. പ്രകൃതം തുടരാം.

'എന്നുണ്ണിയാടി' എന്ന പ്രയോഗത്തിൽ ഉണ്ണിയാടിമാർ രണ്ടും ഒന്നാണെന്നു തെളിയുന്ന നിലയ്ക്കു് അതിനു വിരുദ്ധമായി നില്ക്കുന്ന ചരിത്രം സൂക്ഷിച്ചു നോക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്യാത്തതുകൊണ്ടു്, വ്യാഖ്യാനത്തിൽ വന്നുകൂടിയിട്ടുള്ള വൈഷമ്യങ്ങളും ചെറുതല്ല :—

100-ാം പദ്യത്തിൽ കൂട്ടത്തിക്കു ചേർന്നിരിക്കുന്ന 'നളിനമിഴിയാൾ' എന്ന വിശേഷണത്തെ വിശേഷ്യമായി സ്വീകരിച്ചുകൊണ്ടു് അതു ബഹുവചനമാണെന്നു പറയേണ്ടിവന്നിരിക്കുന്നു. എന്നിട്ടു് അടുത്ത പദ്യത്തിലെ ഉണ്ണിയാടി ആനളിനമിഴിമാരിൽ ഒന്നാമത്തവളാണെന്നു കല്പിക്കുന്നു. പക്ഷേ, 'കനകകലശം രണ്ടു പോർകൊങ്ക താങ്ങാ'നുള്ള പ്രായമൊന്നും ആ ഉണ്ണിയാടിക്കു കാണുന്നില്ല. എങ്ങനെയെങ്കിലും കുറെ പ്രായമുണ്ടെന്നു വരുത്തണം. അതിനുവേണ്ടി, 'ആളാമണിക്കീഴ്പ്പാട്ടം' എന്നതിനെ വ്യാഖ്യാനിച്ചു് നിതംബം കുറെ വലുതാണെന്നു കാണിക്കുന്നു. ആളാമണിയെ കീഴാക്കുന്ന പാട്ടം എന്നാണു് അതിന്റെ സ്വാഭാവികമായ അർത്ഥം.

## ഒരു കൊച്ചുകുട്ടി

വാസ്തവത്തിൽ മൂന്നു വയസ്സിൽ കവിയാത്ത ഒരോമനക്കുട്ടിയുടെ വിലാസങ്ങളാണു് ആ പദ്യത്തിൽ കാണുന്നതു്. 'വീട്ടിൽച്ചെല്ലായ്കിലും കണ്ടുകിട്ടിന്റുണ്ടാം' എന്ന

---

* 'ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിൽകൂടി' — മൂന്നാം പതിപ്പു്—വശം 89—രണ്ടാം ഖണ്ഡിക നോക്കുക.

ഭാഗത്തു് ആ പ്രായം വ്യഞ്ജിക്കുന്നുണ്ടു്. എന്റെ ഉണ്ണിയാടിയെ കാണണമെങ്കിൽ ഇപ്പോൾ വീട്ടിൽ ചെന്നെങ്കിലേ സാധിക്കു എന്നില്ല. കുറച്ചു ദൂരമൊക്കെ നടന്നുപോകാൻ പ്രായമായിട്ടുണ്ടു്. അതുകൊണ്ടു്, അമ്മയായ കുട്ടത്തിയുടെകൂടെ ആ ക്ഷേത്രത്തിൽ വച്ചുതന്നെ കാണാൻ തരപ്പെടും. ഇതാണു് ആ ഭാഗത്തിന്റെ ആശയം.

ഒന്നാം പാദത്തിലുള്ള 'തോററം' എന്ന പദവും ആ പ്രായത്തിനൊക്കുന്നതാണു്. 'തോററം' എന്നതിനെയും പാട്ടിന്റെ വിശേഷണമായി കല്പിച്ചു് 'തോററമാളാമണിക്കീഴ്പ്പാട്ടും' എന്നു് ഒന്നിച്ചെടുക്കാം. അപ്പോൾ, ആളാമണിയെ കീഴാക്കുന്ന തോററംപാട്ടും എന്നർത്ഥമാകും. തോററം = തോന്നൽ. കൊച്ചുകുട്ടികൾ തോന്നൽപ്പാട്ടുകാരാണു്. വായിൽ വരുന്ന അക്ഷരങ്ങളൊക്കെ ചേർത്തുചേർത്തു പാട്ടാക്കിപ്പാടും. എന്റെ ഉണ്ണിയാടി ആ വിധത്തിൽ പാടുന്ന പാട്ടിന്റെ ശബ്ദം വീണാനാദത്തെയും വെല്ലുമെന്നു് ആശയം.

## മറുയുക്തി

ഇങ്ങനെ സുഖമായി വ്യാഖ്യാനിക്കാമെന്നിരിക്കെ, ഉണ്ണിയാടിയെ തെററിദ്ധരിക്കേണ്ടിവന്നതു് 'ചരിത്രദൃഷ്ടി' യുടെ കുഴപ്പംകൊണ്ടാണു്. സന്ദേശത്തിലെ ഉണ്ണിയാടി കേരളവർമ്മയുടെ മകളാകണമെങ്കിൽ കേരളവർമ്മയും കുട്ടത്തിയും തമ്മിലുള്ള വിവാഹം സന്ദേശകാലത്തിനു മുമ്പു നടക്കണം. വിവാഹം സന്ദേശകാലത്തിനു മുമ്പു നടക്കണമെങ്കിൽ ഭരണമേല്ക്കുന്നതും സന്ദേശകാലത്തിനു മുമ്പാകണം. വാസ്തവത്തിൽ അങ്ങനെയാണു നടന്നിട്ടുള്ളതു്. എന്നാൽ സന്ദേശകാലത്തിനു ശേഷം ഭരണമേല്ക്കുന്നു എന്നുള്ളതും ശരിതന്നെയാണു്. കേരളവർമ്മ രണ്ടുപ്രാവശ്യം ഭരണമേല്ക്കുന്നുണ്ടു്—സന്ദേശകാലത്തിനു മുമ്പും സന്ദേശകാലം കഴിഞ്ഞും.

ഭരണമേററതിനു ശേഷമാണ് അദ്ദേഹം കുട്ടത്തിയെ വിവാഹം ചെയ്യുന്നതെങ്കിലും ആ വിവാഹകാലത്തു വാഴുന്നതു് അദ്ദേഹമല്ല; അദ്ദേഹത്തിൻെറ അനന്തരവനാണ്. രാജ്യഭാരം അനന്തരവനെ ഏല്പിച്ചതിനു ശേഷമേ അദ്ദേഹം വിവാഹം ചെയ്യുന്നുള്ളു. (ഉ. സ ഏഴാം പതിപ്പു്. വശം 87) എങ്കിലും ആ കുട്ടത്തിയിലുണ്ടായ ഉണ്ണിയാടിയുടെ വിവാഹകാലത്തു രാജ്യം വാഴുന്നതു് അദ്ദേഹമാണുതാനും. അനന്തരവനിൽ അർപ്പിച്ചിരുന്ന രാജ്യഭാരം അദ്ദേഹം വീണ്ടും സ്വീകരിച്ചു എന്നാണതിന്റെ അർത്ഥം.

സന്ദേശത്തിൽ കുട്ടത്തിയെ പുത്രിയോടുകൂടി കാണുന്നതുകൊണ്ടു് കുട്ടത്തിയും കേരളവർമ്മയും തമ്മിലുള്ള വിവാഹം സന്ദേശകാലത്തിനു മുമ്പാണെന്നു കിട്ടുന്നു. ആ വിവാഹകാലത്തു് ഓടനാടു വാഴുന്നതു് കേരളവർമ്മയുടെ അനന്തരവനാണല്ലോ. കേരളവർമ്മയെ വീണ്ടും രാജസ്ഥാനത്തു കാണുന്നതു് സന്ദേശകാലത്തിനു ശേഷമാണ്. അതുകൊണ്ടു്, സന്ദേശകാലത്തു വാഴുന്ന രവിവർമ്മ ആ അനന്തരവൻതന്നെ ആയിരിക്കണം.

അമ്മാവനായ കേരളവർമ്മയെ അനന്തരവനാണെന്നും അനന്തരവനായ രവിവർമ്മയെ അമ്മാവനാണെന്നും തെററിദ്ധരിച്ചതുകൊണ്ടാണ് കുട്ടത്തിയെയും ഉണ്ണിയാടിയെയും വേണ്ടവിധം മനസ്സിലാക്കാൻ സാധിക്കാഞ്ഞതു്. എന്നാൽ, സന്ദേശകാലത്തു് കേരളവർമ്മന്റെ ഭാര്യയായിരുന്നു കുട്ടത്തിയെന്നു് സൂക്ഷ്മദൃക്കായ ഉള്ളൂർ രേഖപ്പെടുത്തിട്ടുണ്ടു്. അങ്ങനെ ചെയ്തിട്ടുള്ളതു് സൂക്ഷ്മക്കുറവുകൊണ്ടാണെന്നു് കുററം പറഞ്ഞു് വ്യാഖ്യാതാവു തള്ളിക്കളയുകയാണു ചെയ്യുന്നതു്. (ഉ.സ. ഏഴാം പതിപ്പു് വശം 87)

ചരിത്രം ഈ വിധത്തിലായതുകൊണ്ടു്, 100-ാം പദ്യത്തിൽ 'കട്ടത്തി'യെ 'കൃട്ടത്തിൽ' ആക്കേണ്ട കാര്യമില്ല. അടുത്ത പദ്യത്തിലെ ഉണ്ണിയാടി കേരളവർമ്മയുടെ പുത്രിയാണെന്നുള്ളതിനെ നിഷേധിക്കുവാനും ന്യായമില്ല.

ഉണ്ണിയാടീചരിതകാലവും
ഉണ്ണുനീലിസന്ദേശകാലവും

ശ്രീ. ഇളംകുളത്തിന്റെ അഭിപ്രായത്തിൽ, ഉണ്ണിയാടീചരിതം രചിക്കപ്പെട്ടതു് ഉണ്ണിയാടിയുടെ 12-ാം വയസ്സിലാണ്. സന്ദേശകാലത്തു് ഉണ്ണിയാടിയുടെ പ്രായം മൂന്നു വയസ്സാണെന്നു് ഇവിടെ കാണുകയും ചെയ്തു. ഇതനുസരിച്ചു് ഉണ്ണുനീലിസന്ദേശകാലവും ഉണ്ണിയാടീചരിതകാലവും തമ്മിലുള്ള അകലം 9 വർഷമാണ്. അതുകൊണ്ടു്, സന്ദേശകാലം 516 ആകണമെങ്കിൽ ഉണ്ണിയാടീചരിതകാലം 525 എന്നു വരണം. അങ്ങനെ വരാൻ വല്ല ന്യായവുമുണ്ടോ? ഉണ്ടു്.

ഉണ്ണിയാടീചരിതം രചിക്കപ്പെട്ടതു് പെരുമ്പടപ്പുസ്വരൂപത്തിന്റെ തലസ്ഥാനം തിരുവഞ്ചിക്കുളത്തുനിന്നു കൊച്ചിയിലേക്കു മാറുന്നതിനു് എത്രയോ വർഷം മുമ്പാണ്. (ഉ. സ. ച. മൂന്നാം പതിപ്പു് വശം 74, 86) കൊച്ചിയിൽ വയ്പിൻ ദ്വീപുണ്ടായപ്പോൾ അവിടെ സംജാതമായ തുറമുഖസൗകര്യമാണ് തലസ്ഥാനം അങ്ങോട്ടു മാററുവാൻ കാരണം. ആ ദ്വീപുണ്ടായതു് 516-ലാണ്. അതുകൊണ്ടു്, തലസ്ഥാനമാററത്തിന്റെ കാലം 516-ൽ നിന്നു് അധികം അകലെയാവാൻ ന്യായമില്ല. മാഹ്വാന്റെ വിവരണവും ഇതിനനുകൂലമാണ്. തലസ്ഥാനമാററത്തിനും എത്രയോ വർഷം മുമ്പാണല്ലോ ഉണ്ണിയാടീചരിതം രചിക്കപ്പെട്ടതു്. അപ്പോൾ, ഉണ്ണിയാടീചരിതകാലം 516-ൽ നിന്നു് 9 വർഷംമാത്രം അകലമുള്ള 525 ആണെന്നുള്ളതിനു് നല്ല സ്വാഭാവികതയുണ്ടു്. അതുകൊണ്ടു്, ഉണ്ണുനീലിസന്ദേശകാലം 516 തന്നെ.

# ഉണ്ണുനീലിയും
# ദാമോദരച്ചാക്യാരും

ഉണ്ണുനീലിസന്ദേശത്തിലെ നായകനും കവിയും ഉണ്ണിയാടിചരിതത്തിന്റെ കത്താവായ ദാമോദരച്ചാക്യാരാണെന്നു കണ്ടുവല്ലോ. ഉണ്ണുനീലിയും ദാമോദരച്ചാക്യാരും രണ്ടു രാജധാനികളിൽ (കടുത്തുരുത്തിയിലും കണ്ടിയൂർ-മററത്തും) രാജമാന്യതയോടുകൂടി പ്രശോഭിക്കുന്ന രണ്ടു മഹാവ്യക്തികളാണ്. ഉന്നതപദവിയിലുള്ള അവരുടെ തുല്യനില രണ്ടുപേരുടേയും പരസ്പരബന്ധത്തിനു വഴി തെളിക്കും.

ഉണ്ണുനീലിക്ക് തപതിയാരുടെ പ്രാകൃതം പോലും മനസ്സിലാക്കുവാൻതക്ക പാണ്ഡിത്യമുണ്ട്. അപ്രകാരമുള്ള ഉണ്ണുനീലിയും മഹാപണ്ഡിതനായ ദാമോദരച്ചാക്യാരും തമ്മിൽ വേഴ്ചയും വേളിയും സ്വാഭാവികമായി സംഭവിക്കാവുന്നതാണ്.

രണ്ടുപേരും തമ്മിൽ ബന്ധപ്പെടുവാൻ മററു ചില അനുകൂലസാഹചര്യങ്ങളും കാണുന്നു. കണ്ടിയൂർമററത്ത് രാജമന്ത്രിയായി പ്രശോഭിക്കുന്ന കൃഷ്ണനിളയതിന്റെ സ്വന്തസ്ഥലം കടുത്തുരുത്തിയാണ്. അവിടെ അദ്ദേഹത്തിന്റെ ഇല്ലം ഉണ്ണുനീലിയുടെ മുണ്ടയ്ക്കലില്ലമെന്ന് ഈ പുസ്തകത്തിൽത്തന്നെ നിർണ്ണയിക്കുവാൻ പോകുന്ന ഇല്ലത്തിന്റെ തൊട്ടടുത്ത് ഇപ്പോൾ വടക്കില്ലം എന്നറിയപ്പെടുന്ന ഇല്ലമായിരിക്കണം. കടുത്തുരുത്തിയിൽ വേറെ ഇല്ലമൊന്നും കാണുന്നില്ല. അങ്ങനെ കൃഷ്ണനിളയതും ഉണ്ണുനീലിയും തമ്മിൽ അയൽക്കാരാണ്. അവളെയും ദാമോദരച്ചാക്യാരെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് കണ്ടിയൂർമററത്തും കടുത്തുരു

ത്തിയിലും മാറിമാറി പെരുമാറുന്ന കൃഷ്ണനിളയതിന്റെ മധ്യവർത്തിത്വം രണ്ടുപേരുടേയും ഉന്നതപദവിക്കു യോജിക്കുകയും ചെയ്യും.

അതിനും പുറമേ, ഉണ്ണുനീലിക്കു് കണ്ടിയൂർമററത്തു് ഒരു സ്നേഹിതയുണ്ടു്. കുറുങ്ങാട്ടു് ഉണ്ണിച്ചക്കിയാണു് ആ സ്നേഹിത. അവളെപ്പററി 'മത്പ്രിയാപ്രേമബന്ധോഃ' എന്നു പ്രയോഗിച്ചിരിക്കുന്നു. ഈ പ്രയോഗം പ്രത്യേകം ശ്രദ്ധിക്കാനുള്ളതാണു്. 'പ്രേമബന്ധു' എന്നതിന്റെ വ്യംഗ്യം എന്തായിരിക്കാം? ഉണ്ണിച്ചക്കി ഉണ്ണുനീലിയുടെ മാത്രം പ്രേമബന്ധുവാണോ? 'മത്പ്രിയാപ്രേമബന്ധു' എന്നതു് പലതരത്തിൽ വിഗ്രഹിക്കാവുന്ന സമസ്തപദമാണു്. എന്റെ പ്രിയാപ്രേമബന്ധു എന്നും അതിനർത്ഥമുണ്ടു്. കവിക്കു് പ്രിയാപ്രേമവിഷയത്തിൽ ഉണ്ണിച്ചക്കി ഉപകരിച്ചവളാണെന്നു് ഇവിടെ സ്പഷ്ടമാണു്.

ഇതു മാത്രമല്ല ഇവിടെ ശ്രദ്ധേയമായിട്ടുള്ളതു്. മറെറല്ലാ സ്ത്രീകളേയും വർണ്ണിക്കുമ്പോൾ കവിക്കു മുഖ്യമായി പറയുവാനുള്ളതു് അവരുടെ ശരീരസൗന്ദര്യത്തെപ്പററിയാണു്. ഇവിടെയാകട്ടെ ഉണ്ണിച്ചക്കിയുടെ എണ്ണിയാലൊടുങ്ങാത്ത ഗുണഗണങ്ങൾക്കാണു മുൻഗണന. എന്നാൽ ബാഹ്യസൗന്ദര്യം മററാരുടേതിനേയുംകാൾ മെച്ചമാണെന്നു സാധിച്ചിട്ടുമുണ്ടു്. നോക്കുക;—

"എണ്ണററീടും ഗുണസമുദയം ചേർന്നിണങ്ങും കുറുങ്ങാ-
ട്ടുണ്ണിച്ചക്കിക്കിടൽവനിതയാം മത്പ്രിയാപ്രേമബന്ധോഃ
കണ്ണത്തോളം നെടിയ കടിലക്കൺവിലാസങ്ങൾ
നിന്മേൽ
പുണ്യത്താൽ വന്നിടപെടുകിലും തോഴ,
വൈകാതവേണ്ടും."

നിരവധി ഗുണഗണങ്ങളിണങ്ങുന്ന ഉണ്ണിച്ചക്കി കടൽ വനിതയാണ്—മഹാലക്ഷ്മിയാണ്. ആ മഹാലക്ഷ്മിയുടെ കടാക്ഷമുണ്ടാകുവാൻ പുണ്യം വേണം. ആദിത്യവർമ്മക്ക് അതിനുള്ള പുണ്യമുണ്ട്.

ഉപകാരം ചെയ്യുവരെ വാഴ്ത്തുമ്പോൾ അവരുടെ സന്മനോഭാവത്തിനാണല്ലോ ആരും പ്രാധാന്യം കൊടുക്കാറുള്ളത്. അതനുസരിച്ച്, ഗുണസമുദയത്തെ മുൻനിർത്തിക്കൊണ്ടുള്ള ഈ വർണ്ണനയുടെ പ്രത്യേകത ഉണ്ണിച്ചക്കിയിൽനിന്നു കവിക്ക് ഉണ്ടായിട്ടുള്ള ഉപകാരത്തിന്റെ പ്രതിഫലനമാണെന്ന് 'മൽപ്രിയാപ്രേമബന്ധോ:' എന്ന പ്രയോഗത്താൽ നല്ലവണ്ണം സമർത്ഥിക്കപ്പെടുന്നുണ്ട്.

ഈ സാഹചര്യങ്ങളിൽ ഉണ്ണുനീലിസന്ദേശത്തിലെ നായകസ്ഥാനം ദാമോദരച്ചാക്യാർക്കു മാത്രമേ അവകാശപ്പെടുവാൻ ന്യായം കാണുന്നുള്ളു.

ദാമോദരച്ചാക്യാരുടെ പാണ്ഡിത്യോൽക്കർഷവും വിവിധകലാവല്ലഭത്വവും പരിഗണിച്ച് ഓടനാട്ടുരാജാവ് അദ്ദേഹത്തെ ആചാര്യനിർവ്വിശേഷം ആദരിച്ചിരുന്നുവെന്നും ആ വഴിക്ക് അദ്ദേഹത്തിനു് മററു രാജധാനികളിലും രാജാക്കന്മാരുമായി തുല്യനിലയിൽ പെരുമാറുവാനുള്ള സ്വാതന്ത്ര്യം ലഭിച്ചിരുന്നുവെന്നും ന്യായമായി ഊഹിക്കാവുന്നതാണ്.

## സൂക്തിരത്നവും മിക്കമുണ്ടയ്ക്കലും

ഉണ്ണുനീലിസന്ദേശത്തിൽ അഞ്ചു പദ്യമുള്ള ഒരു പ്രസ്താവനയുണ്ടല്ലോ. മററു സന്ദേശകാവ്യങ്ങളിൽ ഇങ്ങനെ കാണാറില്ല. ഇവിടെ ഇതുകൊണ്ടു് എന്തോ സാധിക്കുവാനുണ്ടു്. ആ പ്രസ്താവനാപദ്യങ്ങളും തുടർന്നുള്ള കാവ്യാരംഭപദ്യവും ഇവിടെ മുഴുക്കു് ഉദ്ധരിക്കാം. കീഴ്‌വര കൊടുത്തിട്ടുള്ള ഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

### പ്രസ്താവന

1. അമൃതകരകരോടീസ്പർദ്ധി, നീബദ്ധചൂഡം,
തിരളൊളിതിരുനീറാമംഗരാഗാഭിരാമം,
കരകലിതകപാലം, മംഗളം, പിംഗളാക്ഷം
മലമകൾമുലപൂണും ദൈവതം വെൽവതാക!

2. ശ്രീകണ്ഠഃ സ്വയമാനയായ്, കരിണിയായ്
കാന്ത്യാ മലക്കന്നിതാൻ,
ആബദ്ധപ്രണയേന ചേർന്നിരുവരും
തമ്മിൽക്കളിച്ചൊരുനാൾ
ഉണ്ടാനൊരു കരീന്ദ്രചാരുവദനം
വന്ദിച്ചു ഞാൻ കോലിനേൻ
മുണ്ടയ്ക്കൽത്തകമുണ്ണുനീലിവിഷയ
സന്ദേശകണ്ണാമൃതം.

3. ഇന്ദുക്ഷീരാഭിരാമാമടിതൊഴുതു ഗിരാം
നായികാമായവണ്ണം
മന്ദപ്രജ്ഞോപി മാരജ്വരപരവശനായ്-
ക്കോലിനേൻ ഞാനിദാനീം
കണ്ടിക്കാർക്കുന്തൽ കാലിൽത്തടവിന മടവാർ-
നായികാം വാഴ്ത്തുവാനായ്
മുണ്ടയ്യൂൽക്കെൻറുമാക്കം കരുതിന മാറിമാൻ-
കണ്ണിയാമുണ്ണുനീലിം.

4. പൂമാതിൻനയനാന്തഭൃംഗനളിനീ,
ഭൃമേസ്സംധാദീപികാ,
പൂണാരം മണികണ്ഠവെൺപലമഹീ-
പാലൈകചൂഡാമണേഃ,
പൂവമ്പൻകുലദേവതാ, പുകൾമികം
മുണ്ടയ്യൂലമ്പുററെഴും
പൂമാലക്കുഴലുണ്ണുനീലിതിരുനാൾ
നീണാൾ വിളങ്ങീടുക!

5. വെള്ളിക്കുന്റിന്നഭീഷ്ടം വെളവെള വിളയി-
പ്പിക്കുമക്കീർത്തി പാർമേ-
ലല്ലിത്താർമാതിനെക്കൊണ്ടയി വിളിപണി ചെ-
യ്യിക്കു, മാസ്ഥാം പ്രലാപഃ,
ഇല്ലത്തിന്നുന്നതിം തേ വിതരതു നിതരാ-
മാകയാലുണ്ണുനീലീ,
ചൊല്ലിടേൻറനെങ്കിൽ നീ കേട്ടരുളുക ദയിതേ,
സൂക്തിരത്നം മദീയം.

## കാവ്യാരംഭം

തണ്ടാർമാതണ്ടാഴക പൊഴിയും
മിക്കമുണ്ടയ്ക്കൂൽ മേവും
വണ്ടാർകോലക്കുഴലികൾശിഖാ-
മുണ്ണനീലീമുദാരാം
കൊണ്ടാടിക്കൊണ്ടരുണമണിവാ
കൊണ്ടകൊണ്ടാത്തരാഗം
പണ്ടേപ്പോലേ പരമനുഭവം
കോപി കാമീ ജഗാമ.

## മുണ്ടയ്ക്കലിൻെറ ആവത്തനം

പ്രസ്താവനയിൽ ഒന്നാമത്തെ പദ്യം മംഗലാചരണമാണ്. അടുത്ത മൂന്ന പദ്യങ്ങളിലും മുണ്ടയ്ക്കൽ എന്ന പേരു് ആവർത്തിച്ചിരിക്കുന്നതു നോക്കുക. അഞ്ചാമത്തേതായ അവസാനപദ്യത്തിലും, മുണ്ടയ്ക്കൽ എന്ന പേരു പറഞ്ഞിട്ടില്ലെങ്കിലും, ഇല്ലം എന്ന പരാമർശിക്കുന്നുണ്ട്. തൊട്ടടുത്തു വരുന്ന കാവ്യാരംഭപദ്യത്തിൽ പിന്നെയും വരുന്നു, മുണ്ടയ്ക്കൽ. മറെറങ്ങുമില്ലാത്തവിധത്തിൽ ഒരു പ്രസ്താവനയും അവിടെ പദ്യംതോറും മുണ്ടയ്ക്കലിൻെറ ആവർത്തനവും കേവലം ഉദ്ദേശ്യരഹിതമാവാൻ ന്യായമില്ല.

## പരസ്പരവൈരുദ്ധ്യം

ഇനിയും നോക്കുക. 'മന്ദപ്രജ്ഞാപി' എന്ന വിനയം പ്രദർശിപ്പിച്ച കവി അടുത്ത നിമിഷത്തിൽ 'സുകുമിരത്താം മദീയാ' എന്ന ഗർവ്വം പ്രകടിപ്പിക്കുന്നു. ഈ വൈരുദ്ധ്യത്തിന് എന്താണു സമാധാനം?

## മുണ്ടയ്ക്കൽ — സൗധശൃംഗം

മുണ്ടയ്ക്കലിനെ വീണ്ടും നോക്കുക. രണ്ടാമത്തെയും മൂന്നാമത്തെയും പദ്യങ്ങളിലെ മുണ്ടയ്ക്കൽ കേവലം മുണ്ടയ്ക്കലാണ്; വിശേഷണമൊന്നുമില്ല. നാലാമത്തെ പദ്യത്തിലാകട്ടെ, ആ മുണ്ടയ്ക്കൽ 'പുകൾമികും മുണ്ടയ്ക്ക'ലായി മാറുന്നു. അഞ്ചാമത്തെ പദ്യത്തിലോ? അവിടെ, 'പുകൾമികും മുണ്ടയ്ക്ക' ലിന്റെ പുകളിനെ 'അക്കീർത്തി' എന്നെടുത്തുകൊണ്ട് അതിന്റെ വെണ്മയെ പ്രകീർത്തിക്കുന്നു. ആ കീർത്തി, മുണ്ടയ്ക്കലിന്റെ കീർത്തിയായതുകൊണ്ട് അതിന്റെ വെണ്മ, ഫലത്തിൽ മുണ്ടയ്ക്കലിന്റെ വെണ്മയാണ്. അടുത്ത പടിയായി, മുണ്ടയ്ക്കലിന് ഉന്നതിയെ പ്രദാനം ചെയ്യട്ടെ, എന്നൊരാജ്ഞയാണ്. ആ ആജ്ഞ പുറപ്പെടാത്ത താമസം, മുണ്ടയ്ക്കൽ അങ്ങുയരുന്നു. ഇപ്പോൾ അതു് ഇതുവരെക്കണ്ട മുണ്ടയ്ക്കലല്ല; നോക്കൂ:- 'തണ്ടാർമാതാണ്ടഴകുപൊഴിയും മിക്കമുണ്ടയ്ക്കൽ!' 'തണ്ടാർമാതു്'' എന്ന താഴത്തെ നിലമുതൽ 'മുണ്ടയ്ക്കൽ' എന്ന മുകളിലത്തെനിലവരെ എന്തൊരുയരം! ഇതൊരു സൗധം തന്നെ. 'മുണ്ടയ്ക്ക'ലാണ് അതിന്റെ ശൃംഗം. ആ സൗധശൃംഗമാണ് നായികാനായകന്മാരുടെ ശൃംഗാരരംഗം. ശുകസന്ദേശത്തിന്റെ പ്രാരംഭത്തിലും നായികാനായകന്മാർ സൗധശൃംഗസ്ഥരാണല്ലോ. ഇവിടെയും അതു സാധിച്ചിരിക്കയാണ്.

## മറെറാരു ശുകസന്ദേശം

ഇത്ര നിർബന്ധം വരാൻ കാരണം? ആ കാരണമാണ്, 'മാരജ്വരപരവശനായ്'' എന്ന പ്രയോഗത്തിൽ സൂചിപ്പിച്ചിരിക്കുന്നതു്. ഭാര്യാപരമായ പാരവശ്യം നിമിത്തം ഇങ്ങനെ ചെയ്യാതിരിക്കാൻ നിവൃത്തിയില്ല എന്നു സാരം.

തപതിയാരുടെ പ്രാകൃതംപോലും മനസ്സിലാക്കാൻ കഴി വുള്ള ഉണ്ണുനീലിയുടെ സംസ്കൃതപാണ്ഡിത്യത്തെപ്പററിയും കാവ്യാസ്വാദനശക്തിയെപ്പററിയും സംശയിക്കേണ്ട കാര്യ മില്ല. ശുകസന്ദേശത്തിന്റെ പുതുമയിൽ അക്കാലത്തു് അധികം വാഴ്ത്തപ്പെട്ടിരുന്ന പ്രസ്തുതകാവ്യത്തിലെ നായികയെ പ്പോലെ ഉണ്ണുനീലിക്കും ഒരു നായികയായി പ്രശസ്തി നേടണം. ഈ അഭിലാഷം സാധിച്ചുകിട്ടുവാൻ ഭാഗ്യവതി യായ ഉണ്ണുനീലിക്കു് 'നിഖിലവിദ്യാപാരദൃ'ക്കായ ഒരു വല്ല ഭനുള്ളപ്പോൾ ഒരു വിഷമവുമില്ല. 'ഉണ്ണുനീലീം വാഴ്ത്തുവാ നായ്" ഒരു ശുകസന്ദേശംതന്നെ വേണമെന്നു് അദ്ദേഹം നിശ്ചയിച്ചു. ശുകസന്ദേശംപോലെ തുടങ്ങി, ശുകസന്ദേശം പോലെ അവസാനിപ്പിക്കുകയും ഇടയ്ക്കിടയ്ക്കു് അതിന്റെ ഛായ വരുത്തുകയും ചെയ്താൽ മറെറാരു ശുകസന്ദേശംപോലെ ഇരിക്കും. അങ്ങനെ രചിക്കപ്പെട്ടതാണു് ഉണ്ണുനീലി സന്ദേശം. ഈ പറഞ്ഞതു് എത്രത്തോളം ശരിയാകുമെന്നു നോക്കാം:—

ശുകസന്ദേശം അവസാനിക്കുന്നതു് 'പുനർദർശനാനന്ദ ലക്ഷ്മീഃ' എന്നാണു്. ഉണ്ണുനീലിസന്ദേശം അവസാനിക്കുന്നതും അങ്ങനെതന്നെ. ശുകസന്ദേശത്തിൽ ആ അവസാനത്തോടു ചേർന്നുനില്ക്കുന്ന 'തുഷ്ണം ഭവതു ച' എന്നതിനെ ഇവിടെ "ഉണ്ടാ കേണ്ടും വിരവൊടു്" എന്നു പരിഭാഷപ്പെടുത്തി ചേർത്തിട്ടു മുണ്ടു്.

പ്രാരംഭവും അതുപോലെ വരണമെങ്കിൽ ഉണ്ണുനീലി യുടെ മുണ്ടയ്ക്കൽ ഒരു സൗധശൃംഗമായി മാറണം. അങ്ങനെ മാററുവാൻ ദാമോദരച്ചാക്യാക്കു് ഒരു പ്രയാസവുമില്ല. അന ന്യലഭ്യവും ഇന്ദ്രജാലശക്തിയുള്ളതുമായ ഒരു രത്നം അദ്ദേഹ ത്തിനു് അധീനമാണു്. കല്ലും മരവും പണിക്കാരും

ഒന്നും വേണ്ടാ: 'സൂക്തിരത്നം മദീയം' എന്നൊരു ഉദ്ഘോഷം മാത്രമേ വേണ്ടൂ; ഉണ്ണുനീലിയുടെ മുണ്ടയ്ക്കൽ താനേ അങ്ങുയർന്ന് ഒരു സൗധശൃംഗമായി മാറിക്കൊള്ളും.

അതെങ്ങനെ? സൗധശൃംഗത്തിന് ഉയരംമാത്രം പോരല്ലോ; വെണ്മയും വേണ്ടേ? ശരിയാണ്. പക്ഷേ, മുണ്ടയ്ക്കലിനെ സംബന്ധിച്ചിടത്തോളം വെണ്മയുടെ കാര്യം ഒരു പ്രശ്നമല്ല. 'പുകൾമികും മുണ്ടയ്ക്ക'ലിന്നുണ്ടോ വെണ്മയ്ക്കൊരു കുറവ്? ആ പുകൾ 'വെള്ളിക്കുന്റിന്നഭീഷ്ടം വെളുവെള വിളയിപ്പിക്കും'. പോരാ: സൗന്ദര്യദേവതയെക്കൊണ്ടു* 'വിളിപ്പണി ചെയ്യിക്കും'. അത്രയ്ക്കുണ്ട് അതിന്റെ വെണ്മയും ആ വെണ്മയുടെ ഭംഗിയും. മുണ്ടയ്ക്കലിന്റെ വെണ്മയെപ്പററി ഇതിലും കൂടുതൽ എന്തു പറയാനാണ്?† ആകയാൽ, അല്ലയോ ഉണ്ണുനീലീ, നിന്റെ ഇല്ലത്തിന് ആ സൗധശൃംഗമായിത്തീരുവാൻ ഇനിയും യാതൊന്നു മാത്രമാണോ വേണ്ടിയിരിക്കുന്നത്, ആ ഉന്നതിയെ എന്റെ സൂക്തിരത്നം പ്രദാനം ചെയ്യട്ടെ. ഇങ്ങനെ പറഞ്ഞുകൊണ്ട്, 'ദയിതേ, സൂക്തിരത്നം മദീയം!' എന്നൊരുദ്ഘോഷം. ആ ഉദ്ഘോഷത്തിന്റെ ശക്തിയാൽ മുണ്ടയ്ക്കൽ ക്ഷണേന ഉന്നതിയെ പ്രാപിച്ച് ഒരു സൗധശൃംഗമായി നിലകൊള്ളുന്നു.

## വൈരുദ്ധ്യത്തിനു സമാധാനം

'മന്ദപ്രജ്ഞോപി' എന്നു വിനയം പ്രദർശിപ്പിച്ച കവി ഉടൻതന്നെ ഗർവിഷ്ഠനായി മാറുന്നത്, തന്റെ സൂക്തിരത്നത്തിന്റെ അത്ഭുതപ്രഭാവത്തെപ്പററി ഭാര്യയുടെ മുമ്പിൽ പ്രയോഗിക്കുന്ന ഒരു പ്രകടനമാണ്. അതിന് അതിന്റെ

* അല്ലിത്താർമാതിനെക്കൊണ്ട്
† ആസ്താം പ്രലാപഃ

തായ ഭംഗിയുണ്ട്. 'മന്ദപ്രജ്ഞോപി' എന്നതാകട്ടെ, ഭാര്യയോടു പറയുന്നതല്ല. സഹൃദയലോകത്തോടു പറയുന്നതാണ്. അതുകൊണ്ട് അതും കൊള്ളാം.

ശുകസന്ദേശത്തിന്റെ പ്രാരംഭം 'ലക്ഷ്മ്യാരംഗേ' എന്നാണല്ലോ. സൗധശൃംഗത്തിന്റെ വിശേഷണമാണതു്. 'ലക്ഷ്മ്യാരംഗേ ശാരദി ശശിനഃ സൗധശൃംഗേ' എന്നാണ് ആ ഭാഗം. മുണ്ടയ്ക്കലിനെ സൗധശൃംഗമാക്കണമെങ്കിൽ സൗധശൃംഗത്തിന്റെ വിശേഷണത്തെ മുണ്ടയ്ക്കലിന്റെ വിശേഷണമായി ചേർക്കണം. പക്ഷേ, 'ലക്ഷ്മ്യാരംഗേ' എന്നതിനെ അപ്പടി പകർത്തുന്നതു യുക്തമല്ല. കാരണം—മുണ്ടയ്ക്കൽ ഒരു കേരളീയ ഭവനമാണ്. അതുകൊണ്ട് അതിന്റെ വിശേഷണത്തിന് കേരളഭാഷതന്നെ വേണം. ഈ ഔചിത്യമോർത്ത്, 'ലക്ഷ്മ്യാരംഗേ' എന്നതിനെ 'തണ്ടാർമാതാണ്ടഴകപൊഴിയും' എന്നു പരിഭാഷപ്പെടുത്തി. പക്ഷേ ഇതുകൊണ്ടു മാത്രമായില്ല. കാരണം—സൗധശൃംഗം, സൗധശൃംഗമാണ്. മുണ്ടയ്ക്കലിന് ആ സൗധശൃംഗത്തിന്റെ ഔന്നത്യമെവിടെ? ഈ കുറവു പരിഹരിക്കുന്നതിനായി 'മിക്ക' എന്നൊരു പ്രയോഗം. പിന്നെ കുറവൊന്നുമില്ല: സൗധശൃംഗം തന്നെ.

ഇങ്ങനെ വരുമ്പോൾ, ഉണ്ണുനീലിസന്ദേശത്തിന്റെ പ്രാരംഭത്തിലുള്ള തണ്ടാർമാതു് ശുകസന്ദേശത്തിന്റെ പ്രാരംഭത്തിലുള്ള ലക്ഷ്മിയാണ്. ആ ലക്ഷ്മിയാകട്ടെ മഹാലക്ഷ്മിയല്ല. പിന്നെയോ? ചന്ദ്രന്റെ ലക്ഷ്മിയാണ്. അതുകൊണ്ട്, തണ്ടാർമാതും ചന്ദ്രലക്ഷ്മിയാണ്. ചന്ദ്രലക്ഷ്മിയുടെ അഴക് ധാവള്യഭംഗിയാണല്ലോ. ഈ ധാവള്യഭംഗിയാണ്, 'തണ്ടാർമാതാണ്ടഴകപൊഴിയും' എന്ന വിശേഷണംകൊണ്ടുദ്ദേശിക്കുന്നതു്. ഇങ്ങനെ പ്രസ്താവനയിലെ അവസാനപദ്യത്തിന് അനുരൂപമായി ആദ്യവിശേഷണംകൊണ്ടു വെണ്മയും

അട്ടത്താവിശേഷണംകൊണ്ടു് ഉന്നതിയും നിശ്ചിച്ചു് ശുക-സന്ദേശത്തിലെ സൗധശൃംഗമായി പ്രശോഭിക്കുന്ന മുണ്ടയ്ക്ക-ലാണ്, 'തണ്ടാർമാതാണ്ടഴകപൊഴിയും മിക്ക മുണ്ടയ്ക്കൽ'.

ലക്ഷ്മി, മഹാലക്ഷ്മിയല്ലെന്നും, ധാവള്യഭാഗിയാണ് ആ പദംകൊണ്ടുദ്ദേശിക്കുന്നതെന്നും വെളിപ്പെടുന്നതു് 'ശരദി ശശിനഃ' എന്ന ഭാഗത്താണ്. അതുകൊണ്ടു് ആ ധാവള്യഭംഗിയെപ്പറയുന്ന 'അഴകപൊഴിയും' എന്നതിനെ 'ശരദി ശശിനഃ' എന്നതിന്റെ സമസ്ഥാനത്തുതന്നെ നിബന്ധിച്ചിരിക്കുന്നു.

<u>ശുകസന്ദേശകാലം — 506</u>

ഇതുകൊണ്ടും ആയില്ല. 'ശരദി' എന്ന പദത്തിനു്, ശരൽക്കാലത്തു് എന്നു മാത്രമല്ല, ആണ്ടിൽ എന്നും അർത്ഥമുണ്ടു്. ശുകസന്ദേശാരംഭത്തിലുള്ള ഈ പ്രയോഗം കാലസൂചനയ്ക്കും കൂടി പ്രയോജനപ്പെടും. ഈ സംഗതി അക്കാലത്തുതന്നെ ജീവിച്ചിരുന്ന ദാമോദരച്ചാക്യാർക്കറിയാം. 'ശരദി' എന്നതിൻെറ തൊട്ടുമുമ്പിലുള്ള 'രംഗേ' എന്ന പദം 32 എന്ന സംഖ്യയാണ്. ഇതു് ക. വ. 4432-നെ ഉദ്ദേശിച്ചുള്ളതാണെന്നു് ശുകസന്ദേശകാലത്തെപ്പററി മററുപാധികളിൽ നിന്നു കിട്ടിയിട്ടുള്ള അറിവിനെ ആധാരമാക്കി നിശ്ചയിക്കാം. ആണ്ടിനെ ഇങ്ങനെ ചുരുക്കിപ്പറയുന്ന സമ്പ്രദായം ആർക്കും അപരിചിതമല്ല. 99-ലെ വെള്ളപ്പൊക്കം എന്നൊക്കെ പറയാറുണ്ടു്. അതുപോലെ 32 എന്നു മാത്രം കാണിച്ചിരിക്കുന്നു. ക. വ. 4432 എന്നതു് കൊ. വ. 506-നു സമമാണ്. ശുകസന്ദേശം 506-ലും ഉണ്ണുനീലിസന്ദേശം 516-ലും എന്നുള്ളതു് പലതരത്തിലും ഇണങ്ങുന്നുണ്ടു്.

'ശരദി' എന്ന പ്രയോഗത്തിന്ന് ഈ വിധത്തിലും ഒരു പ്രയോജനമുള്ള നിലയ്ക്കു് ഭാഷാവ്യത്യാസം മാത്രമുള്ള ഉണ്ണുനീലിസന്ദേശപ്രാരംഭത്തിലും അതില്ലെന്നു വന്നുകൂടാ. അതു കൊണ്ടു് 'ആണ്ടു'' എന്ന പദവും കൂടി ഘടിപ്പിച്ചു് 'തണ്ടാർമാതാണ്ടഴകപൊഴിയും' എന്നു വിദഗ്ദ്ധമായി പരിഭാഷപ്പെടുത്തി.

## 516-നെപ്പററി ലീലാതിലകത്തിൽ

ഉണ്ണുനീലിസന്ദേശകാലം 516 ആണെന്നു് ഇനിയും ബോദ്ധ്യപ്പെടാത്തവരുണ്ടെങ്കിൽ അവരോടു്, 'കാലം കാണയി ചിത്തമേ കലയിതും കാലാരിപാദാംബുജം' എന്ന ലീലാതിലകഭാഗം നോക്കാൻ പറയാം. 'ചിത്തമേ' എന്നതു് ഗ്രന്ഥകാലമായ 566-നെ സൂചിപ്പിക്കുന്നു. അതും ദാമോദരച്ചാക്യാരുടെ മൊഴിയല്ലെന്നു് ആരു കണ്ടു? ലീലാതിലകത്തിന്റെയും ഉണ്ണുനീലിസന്ദേശത്തിന്റെയും കർത്താവു് ഒരാളാണെന്നു് അഭിജ്ഞന്മാർ അഭ്യൂഹം രേഖപ്പെടുത്തിയിട്ടുണ്ടു്.

'ചിത്തമേ കലയിതും' എന്ന ഭാഗത്തുള്ള 'കലയിതും' എന്ന സംസ്കൃതപദം നോക്കുക. അതിനെ കല + ഇതും എന്നു മലയാളമായും വ്യാഖ്യാനിക്കാം. ഈ രസികതയുടെ ഉടമസ്ഥൻ ദാമോദരച്ചാക്യാരാവാനേ ന്യായമുള്ളു. ആ പ്രയോഗത്തിൽ 'ഇതും' എന്നു സമുച്ചയം ചെയ്തിരിക്കുന്നതു ശ്രദ്ധിക്കുക. അക്ഷരസംഖ്യകൊണ്ടു കാലം കാണിക്കുക എന്ന കല ഇതുപോലെ മറെറാരിടത്തും അദ്ദേഹം പ്രയോഗിച്ചിട്ടുണ്ടെന്നാണല്ലോ ഈ സമുച്ചയത്തിൻെറ അർത്ഥം. ആ മറെറാരിടം ഉണ്ണുനീലിസന്ദേശത്തിൻെറ പ്രാരംഭമല്ലെങ്കിൽ, പിന്നെ ഏതാണു്?

# മുണ്ടയ്ക്കലും മററം.

ഉണ്ണുനീലിയുടെ മുണ്ടയ്ക്കലിലും സ്ഥിതി ചെയ്തിരുന്ന കടുത്തുരുത്തിയുടെ നില അന്നത്തേതിൽനിന്നു് വളരെ മാറിപ്പോയിട്ടുണ്ടു്. എങ്കിലും പേരുകൾ പലതും ഇന്നും നിലനില്ക്കുന്നതുകൊണ്ടു് സ്ഥലനിർണ്ണയത്തിനു് അധികം വിഷമമില്ല. സന്ദേശകാലത്തു് ആ സ്ഥലം വടക്കുംകൂറിന്റെ രാജധാനിയായിരുന്നു. മാർത്താണ്ഡവർമ്മയുടെ ആക്രമണത്തോടുകൂടിയാണു് ആ സ്ഥിതിക്കു മാററം വന്നതു്. ആ പ്രദേശത്തു് ഒരു പര്യടനം നടത്തിയാൽ സന്ദേശത്തിൽ വർണ്ണിക്കപ്പെടുന്ന പല ഭാഗങ്ങളും സംശയരഹിതമായി കണ്ടു ബോദ്ധ്യപ്പെടാവുന്നതാണു്. ആ വർണ്ണനയിലെ പ്രസക്തപദ്യങ്ങൾ മാത്രം ഇവിടെ മുറയ്ക്കു് ഉദ്ധരിക്കാം:—

പൂർവ്വസന്ദേശം

134. കൂവീടിന്മേലെളുതുവഴിയിന്റങ്ങു പണ്ടേതിനേക്കാൾ
പൂവീടിന്റോ ചിലതരുകലോല്ലാസി പാശ്ചാഭിരാമം
തേർപോവോളം വടിവിലിടയിട്ടുണ്ടിടത്തത്യുദാരം
വാപീതീരം പ്രതിവിരചിതം ബിംബലീപാലകേന.

ഉത്തരസന്ദേശം

17. മുന്നിൽക്കാണാം തദനു യമുനാഖണ്ഡമെന്നുംകണക്കേ,
സീരാകൃഷ്ടം വടമതുരയിൽ പണ്ടു സീരദ്ധ്വജേന,
നീലസച്ഛം മലിചിറ നിറന്നുല്ലസദ്വാരിപൂരം
പാരാവാരം പരിഹസദിവ പ്രൗഢകല്ലോലജാലൈഃ

20. നേരേ കാണാം വഴിയിലരികേ കാന്തപൂർവ്വംപൂരം തേ
പാരേ തസ്യിൻ ഭുവനജയിനാം വീര, ഭൂപാലമൗലേ,
ദേവാധീശന്നിളയ പരനെത്തത്ര കൗന്തേയമിത്രം
ദേവം ഗോപീജനവധൂലമ്പടം കുമ്പിടമ്പിൽ.

21. മാർവിൽപ്പിന്നെപ്പരിചിനൊടണിഞ്ഞുമ്മിണീ
നേത്രമെന്നാം
നീലക്കാലക്കുവളമലർകൊണ്ടുള്ള മാലാഞ്ചലേന
നീ പോന്നേരം നിരുപമഗുണോ വന്നുകാണും തദാനീം
പോരാവീരാൻ പൊരുത ചിരികണ്ടാഖ്യവിഖ്യാത
കീർത്തി:

22. തീരേ തസ്യ ത്രിഭുവനഗതിശ്രാന്തകീർത്തേ, പ്രതിപ-
പ്രാകാരംകൊണ്ടഴകെഴുമിടം ബിംബലീപാലമൗലേ;
ശൃംഗാഗ്രംകൊണ്ടണിമതിതൊട്ടും ഗോപുരത്തിന്നു
പാരേ
ഭൂപാലാനാം മഹിതകനകത്തണ്ടു തിണ്ണീട്ടമേടം

30. നേരേ കാണാം നൃപവര, കിഴക്കുഞ്ചിറയ്ക്കുങ്ങു പശ്ചാൽ
താരാർമാതോട്ടടമ പിശകം മന്ദിരം മൽപ്രിയായാ:
മാരന്നുണ്ടാം ജനനഭവനം വീരമാണിക്കമെന്റാ
ലാരേ പാർത്താലവിടമറിയായിന്റതിപ്പാരലിൻറ്.

31. ഇമ്പത്തിന്നായ്ത്തദനു തളിയിൽ ചെൻറുമെൻ
തമ്പിരാനെ-
ക്കുമ്പിട്ടസ്മിന്നുഴറി വഴിമേൽനിൻറു വേണാടർമൗലേ,
സമ്പൽപ്രാപ്ത്യൈ നൃപവര, പദം നീ വലത്തേതു
നേരേ
മുമ്പിട്ടേററം പ്രവിശ ദയിതാമന്ദിരം മംഗലായ.

37. മീനശ്രേണീമുഖരമരികെച്ചന്ദ്രകാന്താദിബദ്ധം
മീനത്തിന്മേൽ കിണററു വിമലസച്ഛപാനീയപൂൎണ്ണം;
വേനൽക്കാലം പുനരറിവതിന്നുണ്ടു തസ്യോപകണ്ഠേ
തേനിറേറാലുംകുസുമനികരം തേവി നട്ടോരു മുല്ല.

38. മുക്കിക്കോരിച്ചെറിയ കനകക്കിണ്ടികൊണ്ടെന്തു ചൊൽവൂ
മിക്കപ്പോഴും പുനരതു നനയ്ക്കുന്റി മററില്ല വേല;
തെക്കുമ്പാകത്തിനിയ കുറുമൊഴിക്കൽ മൈക്കണ്ണിയുണ്ണി
ച്ചക്കിപ്പെണ്ണിൻ കളിയതു കളത്തോരു ചെമന്തിയുണ്ടു്.

ഏററുമാന്തൂർനിന്നു്, വയ്ക്കത്തേക്കുള്ള റോഡിൽക്കൂടി ഒമ്പതുമൈൽ യാത്രചെയ്താൽ കടുത്തുരുത്തിയിലെത്തും. അവിടെയുള്ള ബസ്സ്'സ്റ്റോപ്പിൽനിന്നുകൊണ്ടു കിഴക്കോട്ടു നോക്കുമ്പോൾ—ഒരു ഫർലാങ്ങ് മാത്രമേ അകലമുള്ളു—തളിയിൽ ക്ഷേത്രം കാണാം. ശിവക്ഷേത്രമാണു്.

## ആദ്യത്തെ വഴി

ക്ഷേത്രത്തിൻെറ കിഴക്കേനടയിൽ കിഴക്കുനിന്നു വന്നു ചേരുന്ന ഒരു റോഡുണ്ടു്. ഇതു് മുട്ടുചിറ എന്ന സ്ഥലത്തുനിന്നു വരുന്നതും ഏററുമാന്തൂർ-വയ്ക്കം റോഡിൽനിന്നു വലത്തോട്ടു തിരിയുന്നതുമായ ഒരു കൈവഴിയാണു്. കടുത്തുരുത്തിയിലേക്കു് ആദ്യം നടപ്പിലിരുന്ന വഴിയാണിതു്.

## കോന്തപൂർവം പുരം

ക്ഷേത്രത്തിൻെറ കിഴക്കേനടയിൽനിന്നു് കുറേദൂരം നേരെ കിഴക്കോട്ടാണു് ഈ റോഡിൻെറ കിടപ്പു്. ഒരു രണ്ടു

ഫർലാങ്ങ് കിഴക്കുചെല്ലുമ്പോൾ റോഡിൻെറ തെക്കരികിൽ മറെറാരു ക്ഷേത്രമുണ്ട്. ഇതു് സന്ദേശത്തിൽ 'കോന്തപൂർവ്വം പുരം' എന്നു പരാമർശിക്കപ്പെടുന്ന ഗോവിന്ദപുരം ക്ഷേത്രമാണ്. പടിഞ്ഞാറോട്ടാണ് അതിൻെറ ദർശനം. തളിയിൽ ക്ഷേത്രത്തിൻെറ ദർശനം കിഴക്കോട്ടും.

## വീരമാണിക്കം

ഈ രണ്ടു ക്ഷേത്രങ്ങൾക്കും ഇടയ്ക്കു് റോഡിൻെറ തെക്കരികിലാണ് ഉണ്ണുനീലിയുടെ വീരമാണിക്കം എന്ന മന്ദിരം സ്ഥിതിചെയ്തിരുന്നതു്. ആ പറമ്പു് ഇന്നും വീരമാണിക്കത്തു പറമ്പു് എന്ന പേരിൽത്തന്നെ അറിയപ്പെടുന്നു. അന്നത്തെ മന്ദിരത്തിൻെറ തറ മീനംരാശിയിൽ പകുതി നികന്ന കിണറോടുകൂടി ഇപ്പോഴും കുറച്ചൊക്കെ ദൃശ്യമാണ്. കിണറിനു സമീപം പ്രത്യേകാകൃതിയിൽ ശരിപ്പെടുത്തിയിട്ടുള്ള ഒരു വലിയ കുളിക്കല്ലും കാണാം. ചുററുമുള്ള പറമ്പുകൾക്കെല്ലാം രാജകൊട്ടാരങ്ങളേയും ബ്രാഹ്മണാലയങ്ങളേയും സൂചിപ്പിക്കുന്ന പേരുകളാണുള്ളതു്.

## മലിചിറ

ഗോവിന്ദപുരം ക്ഷേത്രത്തിനു മുമ്പിൽ റോഡിനു തെക്കുവശമുള്ള സ്ഥലം കുറെ താഴ്ച്ചയുള്ളതാണ്, ഇപ്പോൾ നെൽകൃഷിക്കുപയോഗിക്കുന്നു. അധികം വീതിയില്ല, ഒരു ഫർലാങ്ങ് ദൂരത്തോളം തെക്കോട്ടു നീണ്ടുകിടക്കുന്നു. ഇതാണ്, 'യമുനാഖണ്ഡമെന്നാം കണ്ടുകൊ' എന്നു സന്ദേശത്തിൽ വർണ്ണിക്കപ്പെട്ടിരിക്കുന്ന മലിചിറ. ഇന്നും ആ പേരുതന്നെ പറയപ്പെടുന്നു. പണ്ടു പടവുകളായിരുന്ന വലിയ പാറക്കല്ലുകൾ പലതും കൊണ്ടുപോയതിൻെറ ബാക്കി അവിടവിടെ

ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്നതു കാണാം, ചിറയുടെ തെക്കേതീരം വലിയ കുന്നാണ്. കുന്നിനടിയിൽ രണ്ടു ശാഖകളായി പിരിയുന്ന ഒരു ഗുഹാമാർഗ്ഗമുണ്ട്.

## മണികണ്ഠന്റെ ഇടം

ചിറയുടെ പടിഞ്ഞാറേക്കരയിൽ ഇടത്തിൽപ്പറമ്പ് എന്നൊരു പുരയിടമുണ്ട്. 'ഇടം' എന്നതു് അവിടെ രാജകൊട്ടാരങ്ങൾക്കു പറഞ്ഞിരുന്ന പേരാണ്. സന്ദേശത്തിലും, രാജാവായ മണികണ്ഠന്റെ കൊട്ടാരത്തെപ്പററി പറയുമ്പോൾ ഇടം എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നതു്. അതുകൊണ്ട് ഇടത്തിൽപ്പറമ്പ് മണികണ്ഠന്റെ കൊട്ടാരപ്പറമ്പാണെന്ന് ഊഹിക്കാം,

## സന്ദേശഹരന്റെ വഴി

കടുത്തുരുത്തിയിലേക്ക് ആദ്യം നടപ്പിലിരുന്ന വഴിയെപ്പററി പറഞ്ഞുവല്ലോ. ഗോവിന്ദപുരം ക്ഷേത്രത്തിന്റെ പിൻവശംകൂടിയാണ് ആ വഴി മലിചിറയുടെ വടക്കേതിരത്തു ചെല്ലുന്നതു്. അതിന്റെ ഇടതുവശം മാറി മുട്ടുചിറനിന്നുതന്നെ ഏററുമാന്നൂർ-വയ്ക്കം റോഡിന്റെ കൈവഴിയായി പുറപ്പെടുന്ന മറെറാരു വഴിയും മലിചിറയുടെ തീരത്തേക്കുണ്ട്. ഇതു്, സന്ദേശത്തിൽ വർണ്ണിച്ചിരിക്കുന്നതുപോലെ, ആദ്യത്തെ വഴിയേക്കാൾ 'കൃവിടിടന്മൽ എളു'താണ്. മലിചിറയുടെ തെക്കുപടിഞ്ഞാറെ തീരത്തു ചെന്നുചേരും. എന്നിട്ട്, ചിറയുടെ തെക്കുവശമുള്ള കുന്നിന്റെ വടക്കേ ചരിവിൽക്കൂടി ചിറയുടെ കിഴക്കുവശം ചെന്ന് ഗോവിന്ദപുരം ക്ഷേത്രത്തിന്റെ നടയും കടന്ന് ആദ്യത്തെ

വഴിയിൽ സാധിക്കുന്നു. ഇതാണ് സന്ദേശഹരന്റെ വഴി. 'ഈ വഴി ഇപ്പോൾ ഇല്ല' എന്നു ചിലർ പറഞ്ഞിട്ടുള്ളതു് അവിടെ ചെന്നു നോക്കാഞ്ഞിട്ടാണ്.

## 'പാരേ തസ്മിൻ'

സന്ദേശവാഹകൻ മലിചിറയുടെ തെക്കുപടിഞ്ഞാറേ തീരത്തു് എത്തുമ്പോൾ ചിറയുടെ വടക്കുകിഴക്കേ തീരത്തായി ഗോവിന്ദപുരം ക്ഷേത്രം കാണാം. അപ്പോൾ 'നേരേ കാണാം' എന്ന പ്രയോഗം ഏററവും ശരിയായിരിക്കുന്നു. 'വഴിയിലരികേ' എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു് വഴി ക്ഷേത്രനടയിൽക്കൂടി തുടരുന്നതാണെന്നും മനസ്സിലാക്കാം. 'പാരേ തസ്മിൻ' എന്ന പ്രയോഗം വ്യാഖ്യാതാക്കൾ വേണ്ടപോലെ പരിഗണിച്ചിട്ടില്ല. പാരം എന്നതിനു്, മറുകര എന്നാണർത്ഥം. കേവലം തീരം എന്നർത്ഥം പറഞ്ഞു് കവിക്കു് അപകർഷം വരുത്തേണ്ട കാര്യമില്ല. 'തസ്മിൻ' എന്നതു് ആ മറുകരയെ ചൂണ്ടിക്കാണിക്കുന്ന വിധത്തിലുള്ള പ്രയോഗമാണ്.

## ഉമ്മിണിയുടെ ഭവനം

ഗോവിന്ദപുരം ക്ഷേത്രത്തിൽ കമ്പിട്ടതിനുശേഷം സന്ദേശവാഹകൻ ക്ഷേത്രനടയിലിറങ്ങി വലത്തോട്ടു തിരിഞ്ഞു നേരേ വടക്കോട്ടാണു നടക്കുന്നതു്. അപ്പോൾ ഉമ്മിണീനേത്രമാകുന്ന നീലക്കുവളമാല അദ്ദേഹത്തിനു മാറത്തണിയാൻ സൗകര്യപ്പെടണമെങ്കിൽ ആ സുന്ദരി അദ്ദേഹത്തെ നോക്കുന്നതു് നേരേ എതിരേ നിന്നുകൊണ്ടുവേണം. ആദിത്യവർമ്മയുടെ എഴുന്നള്ളത്തു കാണാൻ പടിപ്പുരയിൽവന്നു നില്ക്കുന്ന ഉമ്മിണിയുടെ നോട്ടമായിരിക്കാം കവിയുടെ പ്രതീക്ഷയിലുള്ളതു്. അങ്ങനെയാണെങ്കിൽ സന്ദേശഹരൻ വടക്കോട്ടു

നടക്കുന്നതു് അവളുടെ ഭവനത്തിനുനേരെ അഭിമുഖമായിട്ടാണു്. കിടക്കപടിഞ്ഞാററായിക്കിടക്കുന്ന റോഡിൻെറ വടക്കരികിലായിരിക്കണം ഉമ്മിണിയുടെ ഭവനം.

## പ്രതീപപ്രാകാരം

ആദിത്യവർമ്മ ആ പടിപ്പുരയുടെ മുമ്പിലെത്തിയാൽ പിന്നെ എങ്ങോട്ടാണു തിരിയേണ്ടതു്? കിഴക്കോട്ടോ പടിഞ്ഞാറോട്ടോ? അതറിയാൻ വിഷമമില്ല. കൂട്ടിക്കൊണ്ടു പോകുവാൻ 'ചിരികണ്ടാഖ്യവിഖ്യാതകീർത്തി'യെ കവി ഔചിത്യപൂർവ്വം ഏർപ്പെടുത്തിയിട്ടുണ്ടു്. കൂട്ടിക്കൊണ്ടു പോകേണ്ടതു് മണികണ്ഠന്റെ ഇടത്തിലേക്കാണു്. ആ ഇടം മലിചിറയുടെ പടിഞ്ഞാറേ തീരത്താണെന്നു് ഇവിടെ നിർണ്ണയിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. വടക്കേ തീരത്താണെന്നു മററു ചിലർ പറഞ്ഞിട്ടുണ്ടു്. അതു ശരിയാവുകയില്ല. മണികണ്ഠന്റെ ഇടം 'പ്രതീപപ്രാകാരം കൊണ്ടഴകെഴുന്ന ഇടമാണെന്നു് കവി പ്രത്യേകം പറഞ്ഞിട്ടുണ്ടു്. പ്രതീപപ്രാകാരം എന്നതു് എതിർമതിലാണല്ലോ—വിലങ്ങനെയുള്ള മതിൽ. പടിഞ്ഞാറോട്ടു നടക്കുമ്പോൾ കൊട്ടാരമതിൽ എതിർമതിലാകണമെങ്കിൽ അതു് തെക്കുവടക്കുള്ള മതിലാണെങ്കിലേ പററൂ. മതിൽ തെക്കുവടക്കുള്ളതാകണമെങ്കിൽ കൊട്ടാരം മലിചിറയുടെ പടിഞ്ഞാറേക്കരയിൽ വരണം.

## കിഴക്കുഞ്ചിറ

മലിചിറയെപ്പററി കിഴക്കുഞ്ചിറയെന്നുള്ള പരാമർശവും ഇതിനു് ഉപോദ്ബലകമാണു്. കിഴക്കുഞ്ചിറയെന്നതു് മലിചിറയുടെ മറെറാരു പേരാണെന്നു് ഒരു വ്യാഖ്യാതാവു കരുതുന്നു. തളിയിൽക്ഷേത്രത്തിനു പടിഞ്ഞാറും ഒരു

ചിറയുണ്ടായിരുന്നതുകൊണ്ടാണ് അങ്ങനെ പേരു വന്നതെന്നു യുക്തിയും പറയുന്നു. ഈ യുക്തി നിരാധാരമാണെന്നേ പറയേണ്ടു.

കിഴക്കുഞ്ചിറയെന്നു പറയണമെങ്കിൽ പടിഞ്ഞാറും ഒരു ചിറ വേണമെന്നില്ല. പടിഞ്ഞാറേ തീരത്തുള്ള കൊട്ടാരത്തിൽനിന്നു് വീരമാണിക്കത്തേക്കുള്ള വഴി വ്യക്തമാക്കിക്കൊടുക്കുവാൻവേണ്ടിയാണ് മലിചിറയെ ഈ വിധത്തിൽ പരാമർശിക്കുന്നതു്. ആ കൊട്ടാരത്തെ ആസ്പദമാക്കി പറയുമ്പോൾ തൊട്ടു കിഴക്കുവശത്തുള്ള ചിറയെ കിഴക്കുഞ്ചിറയെന്നല്ലാതെ അതിന്റെ പേരുതന്നെ പറഞ്ഞു നിർദ്ദേശിക്കുന്നതു് അസ്വാഭാവികവും അഭംഗിയുമാണ്. അതുകൊണ്ടു്, 'കിഴക്കുവശത്തുള്ള ചിറയുടെ അങ്ങു പടിഞ്ഞാറാണു് എന്റെ പ്രിയയുടെ മന്ദിരം' എന്നാണു നായകൻ വിവക്ഷിക്കുന്നതു്.

## അങ്ങു പശ്ചാത്

ഇവിടെ 'അങ്ങു്' എന്ന പദം കേവലം വാക്യഭംഗിക്കു വേണ്ടി ചേർത്തിട്ടുള്ളതല്ല. ആ പദമില്ലെങ്കിൽ പ്രിയാമന്ദിരത്തിന്റെ സ്ഥാനവും അങ്ങോട്ടുപോകാനുള്ള വഴിയും വേണ്ടത്ര വ്യക്തമാവുകയില്ല. 'അങ്ങു' എന്ന പദം ചേർക്കാതെ, 'കിഴക്കുഞ്ചിറയ്ക്കു പശ്ചാത്' എന്നുമാത്രം പറഞ്ഞാൽ അതു് ആ കൊട്ടാരത്തിനും യോജിക്കും. അങ്ങനെ ചിന്താക്കുഴപ്പത്തിനിടയുണ്ടു്. അതുകൊണ്ടു് 'അങ്ങു്' എന്ന പദം ആവശ്യമാണ്.

മലിചിറയുടെ വടക്കേഅററത്തുനിന്നു് ഇടത്തിൽപ്പറമ്പിലേക്കു കുറെ ദൂരമുണ്ടു്. വീരമാണിക്കത്തേക്കു പോകാൻ, കൊട്ടാരത്തിൽനിന്നിറങ്ങി കിഴക്കുവശത്തുള്ള ചിറയുടെ കരയ്ക്കുകൂടി വന്നവഴിയേതന്നെ വടക്കേ അററം ചെന്നു് പടിഞ്ഞാട്ടു തിരിയണം എന്നു താൽപര്യം. ആ വടക്കേഅററമാണ് 'അങ്ങു്' എന്ന പദംകൊണ്ടുദ്ദേശിച്ചിരിക്കുന്നതു്.

## തെക്കമ്പാകം

കിഴക്കഞ്ചേിറയെന്ന പ്രയോഗംപോലെയാണ്, കുറുമുഴി കല്ലുണ്ണിച്ചക്കിയെപ്പററി പറയുന്നിടത്തു് 'തെക്കംപാകത്തു്' എന്നുള്ള പ്രയോഗവും. കുറുമുഴിക്കൽ ഇപ്പോഴത്തെ കരിക്കൽവീടാണെന്ന മഹാകവി ഉള്ളൂർ പറഞ്ഞിട്ടുള്ളതു് ഏററവും ശരിയാണ്. ആ വീടു് വീരമാണിക്കത്തിനു നേരെ തെക്കുഭാഗത്തു തന്നെ.

## മുണ്ടയ്ക്കൽ എവിടെ?

കടത്തുരുത്തിയിൽ മുണ്ടയ്ക്കൽ എന്നൊരു വീടോ പുരയിടമോ ഇപ്പോൾ ഇല്ല. എന്നാൽ 1012-ലെ കണ്ടെഴുത്തിൽ അവിടെ 132-ാമതു ലക്കമായി ഒരു മുണ്ടയ്ക്കൽ പറമ്പു് ഉണ്ടെന്നു് സാഹിത്യപഞ്ചാനനൻ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇതു സംബന്ധിച്ചു് അദ്ദേഹം വെളിപ്പെടുത്തിയിട്ടുള്ള ഭൂനികുതിരേഖയിൽ, 'ഇടവഴിക്കം അഴകാട്ടിൽ പറമ്പിനംതെക്കു മുണ്ടയ്ക്കൽ പറമ്പു്' എന്നു് എലുക കാണിച്ചിരിക്കുന്നു. അഴകാട്ടിൽപറമ്പു് എന്ന പുരയിടം ഇന്നും കടുത്തുരുത്തിയിലുണ്ടു്. പേരിനു് ഒരു മാററവും വന്നിട്ടില്ല. അതിന്റെ തെക്കേ പുരയിടം ഇപ്പോഴും വീരമാണിക്കവുമായി ബന്ധപ്പെട്ടതു തന്നെ. തളിയിൽ ക്ഷേത്രത്തിന്റെ കിഴക്കേതിന്റെ കിഴക്കേതാണ്. വീരമാണിക്കത്തുപറമ്പിനു് ഏററവും അടുത്തു്, റോഡിന്റെ വടക്കരകിൽ സ്ഥിതിചെയ്യുന്നു. ഈ പുരയിടമാണ് ഉണ്ണുനീലിയുടെ കുടുംബഗൃഹം സ്ഥിതിചെയ്തിരുന്ന മുണ്ടയ്ക്കൽപറമ്പു്. കുടുംബഗൃഹത്തിന്റെ ചിഹ്നമായി ഇപ്പോൾ കളരി മാത്രമേ ശേഷിക്കുന്നുള്ളു. അതുകൊണ്ടു്, 'കളരിക്കൽ' എന്നാണു് ഇപ്പോൾ അറിയപ്പെടുന്നതു്. കളരിയുടെ പേരു് വീരമാണിക്കത്തുകളരി എന്നാണ്.

വീരമാണിക്കത്തുപറമ്പും കളരിക്കൽ എന്ന മുണ്ടക്കത്ത് പറമ്പും ഇപ്പോൾ കട്ടത്തുരുത്തിയിലുള്ള ചന്ത്രത്തിൽ കുട്ടംബം വകയാണ്. മാൎത്താണ്ഡവൎമ്മയുടെ ആക്രമണത്തോടു കൂടി കട്ടത്തുരുത്തിപ്രദേശം തിരുവതാംകൂറിനു് അധീനമായി. അപ്പോൾ മുണ്ടയ്ക്കൽ വക സ്വത്തുക്കൾ, സൈനികസേവനം നടത്തിയിരുന്ന ചന്ത്രത്തിൽകുടുംബക്കാൎക്കു് തിരുവിതാംകൂർരാജാവു പാരിതോഷികം കൊടുത്തു എന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിയുന്നതു്.

## മുണ്ടയ്ക്കൽവീട്ടുകാർ — ഇന്നു്.

മാൎത്താണ്ഡവൎമ്മയുടെ ആക്രമണകാലത്തു് മുണ്ടയ്ക്കൽവീട്ടുകാർ സമീപമുള്ള കാട്ടാമ്പാക്കു് എന്ന സ്ഥലത്തു് അഭയം തേടിയിരിക്കണം. അതിനു പററിയതാണ് ആ സ്ഥലം. ശത്രുക്കൾക്കു് എളുപ്പം കടന്നുചെല്ലാൻ പററുകയില്ല. കടന്നുചെന്നാൽ കണ്ടുപിടിക്കാനും പ്രയാസം. സൎവ്വത്ര കുന്നും താഴ്‌വരയും കാടും തന്നെ.

അവിടെ ഒരു മുണ്ടയ്ക്കൽവീടും അതിനടുത്തുതന്നെ ആ വീട്ടുവക ഒരു മുണ്ടയ്ക്കൽപറമ്പും കാണുന്നു. വീട്ടുകാർ ക്ഷേത്രോപജീവിതമുള്ള നായന്മാരാണ്. അപ്പോൾ ദാമോദരച്ചാക്യാൎക്കു ചേരും.

കട്ടത്തുരുത്തിയിൽനിന്നു കാട്ടാമ്പാക്കിലേക്കു കടക്കാവുന്ന മാൎഗ്ഗഭാഗത്തിനു 'മുണ്ടയ്ക്കലോടി' എന്നാണ് ഇന്നും പേരു്. മുണ്ടയ്ക്കൽവീട്ടുകാർ ഓടിപ്പോയ വഴിയെന്നായിരിക്കണം ആ പേരിന്റെ അൎത്ഥം.

# കൊല്ലംനഗരം

സന്ദേശത്തിൽ വർണ്ണിക്കപ്പെടുന്ന കൊല്ലംനഗരം ഗവേഷകന്മാർക്ക് എളുപ്പം പിടികിട്ടുകയില്ല. അക്കാലത്ത് അവിടം വേണാട്ടിന്റെ രാജധാനിയായിരുന്നു. നഗരത്തിലെ എട്ടു ഭാഗങ്ങൾ സന്ദേശത്തിൽ പരമർശിക്കപ്പെടുന്നുണ്ട്. എന്നാൽ ഒന്നുംതന്നെ തിരിച്ചറിയാൻ വയ്യാത്തവണ്ണം എല്ലാം മാറിമറിഞ്ഞു പോയിരിക്കുന്നു.

പനങ്ങാവ് ആണ് ഒരു പ്രധാനസ്ഥലം. വേണാട്ടുരാജാക്കന്മാർക്ക് അവിടെ ഒരു 'കോയിൽ' ഉള്ളതായി രേഖകളുണ്ട്. ആ 'കോയിൽ' ചിലരുടെ ദൃഷ്ടിയിൽ രാജകൊട്ടാരമാണ്. എന്നാൽ ആ ധാരണ ശരിയല്ലെന്നാണ് ഉണ്ണുനീലിസന്ദേശത്തിൽനിന്നു മനസ്സിലാകുന്നത്. പനങ്ങാവിൽ ചെന്നു ഭദ്രകാളിയെ കൈതൊഴണമെന്നാണ് സന്ദേശത്തിലെ നിർദ്ദേശം. സന്ദേശവാഹകൻ പനങ്ങാവിൽനിന്നു പോയതിനുശേഷം, ആതിച്ചപുരവും ഭട്ടബ്രാഹ്മണരുടെ സങ്കേതവും കൂടി കഴിഞ്ഞിട്ടേ രാജകൊട്ടാരത്തിലെത്തുന്നുള്ളു. അതുകൊണ്ട് രാജകൊട്ടാരം സ്ഥിതിചെയ്തിരുന്നതു പനങ്ങാവിലാകാൻ തരമില്ല.

പനങ്ങാവ് എന്ന സ്ഥലം ഇപ്പോഴത്തെ കൊല്ലം പട്ടണത്തിനു മൂന്നു മൈൽ വടക്ക് ഇപ്പോൾ പയിങ്ങാവ് എന്നറിയപ്പെടുന്ന സ്ഥലമാണ്. ഈ സംഗതി ബോദ്ധ്യപ്പെടണമെങ്കിൽ കൊല്ലംനഗരത്തിന്റെ അന്നത്തെ ഭൂമിശാസ്ത്രത്തെപ്പറ്റി ചരിത്രപരമായ ഒരു വിശദീകരണം ആവശ്യമാണ്. അപ്രകാരമൊരു വിശദീകരണത്തിനാണ് ഈ

പ്രകരണത്തിൽ ഉദ്യമിക്കുന്നതു്. ഇതോടുകൂടി പനങ്ങാവു മാത്രമല്ല, നഗരത്തിന്റെ മററു ഭാഗങ്ങളും ഇപ്പോൾ എവിടെ യെല്ലാമാണെന്നു വ്യക്തമാകും.

## കൊല്ലംതുറമുഖം — പണ്ടു്

കൊല്ലവർഷം 26-ൽ സുലൈമാൻ എന്നൊരു സഞ്ചാരി കൊല്ലം സന്ദർശിക്കുകയുണ്ടായി. അന്നു് അവിടെയുള്ള തുറമുഖം തെക്കേ ഇൻഡ്യയിലെ ഏററവും മികച്ച തുറമുഖമാണു്.[1] ഇന്നാണെങ്കിൽ കൊല്ലംതുറമുഖമെന്ന പേരേ ഉള്ളു. ഒരു തുറമുഖത്തിന്റെ യാതൊരു സൗകര്യവും അവിടെ കാണുന്നില്ല. സുലൈമാന്റെ കാലത്തു് കൊല്ലത്തൊരു നല്ല നൗകാശയ (ഹാർബർ) മുണ്ടായിരുന്നു. ഡച്ചുകാരുടെ കാലംവരെയും അതു നിലനിന്നിരുന്നതായി ചരിത്രപരാമർശങ്ങളുണ്ടു്. ആ നൗകാശയം എവിടെപ്പോയി മറഞ്ഞു?

## ണൽക്കണ്ട[2]

കേരളത്തിൽ പണ്ടു്, ണൽക്കണ്ട എന്നൊരു തുറമുഖമുണ്ടായിരുന്നു. എ. ഡി. ഒന്നും രണ്ടും ശതകങ്ങളിൽ ഗ്രീക്കുകാരും റോമൻകാരും പറഞ്ഞിരുന്ന പേരാണതു്. ആ തുറമുഖം കല്ലടയാണെന്നു് ഡാക്ടർ ബർണൽ എന്ന പ്രാമാണികൻ കണ്ടുപിടിച്ചിട്ടുണ്ടു്. കെ. പി. പത്മനാഭമേനോൻ

---

1. K. P. Padmanabha Menon, History of Kerala, P. 274.

2. ഈ പേരു് Nelkanda, Nilcynda, Neacyndon എന്നിങ്ങനെ പല വിധത്തിൽ രേഖപ്പെടുത്തിക്കാണുന്നു. ഇതിന്റെ മൂലരൂപം 'മണൽക്കണ്ടം' ആണെന്നുതോന്നുന്നതുകൊണ്ടാണു് 'N'—ന്റെ സ്ഥാനത്തു 'ണ' കാരം ചേർത്തിരിക്കുന്നതു്.

തുടങ്ങിയ ചരിത്രകാരന്മാർ അതംഗീകരിച്ചിട്ടുമുണ്ട്.[3] ഞാൻ കണ്ട കല്ലടയാകുമ്പോൾ അതിന്റെ നൗകാശയം അഷ്ടമുടിക്കായലാണ്.

## കൊല്ലത്തെ നൗകാശയം

സുലൈമാൻ കണ്ട കൊല്ലം തുറമുഖത്തിന്റെ നൗകാശയവും അഷ്ടമുടിക്കായൽ തന്നെ. ചീനക്കപ്പലുകൾ വലുതാണെങ്കിലും കൊല്ലത്ത് അഴികടന്നു കായലിൽ പ്രവേശിക്കുവാൻ അവയ്ക്കു നിഷ്പ്രയാസം സാധിക്കുമെന്നും ആ കായൽ ഏററവും നല്ല നൗകാശയമാണെന്നും സുലൈമാൻ രേഖപ്പെടുത്തിയിട്ടുണ്ട്.[4] ആ രേഖയിൽ പറയുന്ന അഴി ഏതു്? കൊല്ലത്ത് അഴി ഒന്നേയുള്ള—നീണ്ടകരയഴി. എന്നെങ്കിലും മറെറാരഴിയുണ്ടായിരുന്നതായി കേട്ടുകേൾവിപോലുമില്ല. നീണ്ടകരയഴി കടന്നാൽ പ്രവേശിക്കുന്നതു് അഷ്ടമുടിക്കായലിലാണ്. ആ കായൽ ഒരു നല്ല നൗകാശയത്തിന്റെ എല്ലാ ലക്ഷണങ്ങളും തികഞ്ഞതുമാണ്. അപ്പോൾ, സുലൈമാൻ കൊല്ലത്തു കണ്ട നൗകാശയം അഷ്ടമുടിക്കായലാണെന്നുള്ളതിനു സംശയമില്ല.

## കൊല്ലവും കല്ലടയും

ഇപ്പോൾ, പുരാതനമായ കൊല്ലം തുറമുഖത്തെപ്പററി ഒരു കാര്യം പിടികിട്ടുന്നു. അതായതു്,

---

3. History of Kerala. Page 304.

4. "These ships, though large, were flat bottomed, and could therefore cross the bar at Quilon with ease, and enter the lagoon which formed so fine a harbour" (K. P. Padmanabha Menon, History of Kerala, Page 274.)

കൊല്ലം തുറമുഖത്തിൻെറ നൗകാശ്രയം ണൽക്കണ്ടയുടെ നൗകാശ്രയമാണു്. അതുകൊണ്ടു് കൊല്ലം തുറമുഖം ണൽക്കണ്ടയാണു്. കൊല്ലം തുറമുഖം ണൽക്കണ്ടയും, ണൽക്കണ്ട കല്ലടയുമാകുമ്പോൾ കൊല്ലം തുറമുഖമെന്നറിയപ്പെട്ടിരുന്ന സ്ഥലം കല്ലടയാണെന്നു സിദ്ധിക്കുന്നു,

ആ കല്ലട ഇന്നത്തെ കൊല്ലംപട്ടണത്തിനു പത്തു മൈൽ വടക്കാണു്.

## കരക്കേണിയും കരങ്ങണിയും

കൊല്ലംതുറമുഖത്തിനു് കരക്കേണിക്കൊല്ലമെന്നും പേരുണ്ടു്. പുരാതനകൊല്ലംതുറമുഖമായ കല്ലടയിൽ കരങ്ങണി എന്നൊരു പുരാതനകുടുംബവുമുണ്ടു്. കരക്കേണിയും കരങ്ങണിയും തമ്മിൽ എന്തോ ബന്ധമുണ്ടായിരിക്കണം.

## പകരമുണ്ടായ കൊല്ലം

കൊല്ലവർഷാരംഭത്തിനു രണ്ടുവർഷം മുമ്പു് കൊല്ലം നശിച്ചുപോയതായി 'മതുരൈത്തലൈവരലാറു്' എന്നു തമിഴ്കൃതിയിൽ പറയുന്നു. കൊല്ലവർഷാരംഭത്തിൽ കൊല്ലം കാണുകയും ചെയ്യുന്നു. നശിച്ചുപോയ കൊല്ലത്തിനു പകരം രണ്ടു വർഷത്തിനകം വീണ്ടും കൊല്ലമുണ്ടായി എന്നാണിതിന്നർത്ഥം. ആ പകരമുണ്ടായ കൊല്ലമാണു് കരക്കേണിക്കൊല്ലം. ആ കരക്കേണിക്കൊല്ലമാണു സുലൈമാൻ കണ്ടതു്, അപ്പോൾ, കരക്കേണിക്കൊല്ലമെന്നറിയപ്പെട്ടിരുന്ന സ്ഥലമാണു കല്ലട.

## നശിച്ചുപോയ കൊല്ലം

കരക്കേണിക്കൊല്ലം കല്ലടയാണെങ്കിലും നശിച്ചുപോയ കൊല്ലം കല്ലടയല്ല. അന്നു കൊല്ലമെന്നറിയപ്പെട്ടിരുന്ന

സ്ഥലം കൊടുങ്ങല്ലൂർ—ചേന്നമംഗലമാണ്. കൊല്ലവർഷാരംഭത്തിന രണ്ടുവർഷം മുമ്പ് കൊടുങ്ങല്ലൂർത്തുറമുഖം കടലേററംമൂലം നശിച്ചുപോയി. കൊടുങ്ങല്ലൂർത്തുറമുഖത്തിന വന്ന ആ നാശത്തെപ്പററിയാണ് കൊല്ലം നശിച്ചുപോയതായി 'മതുരൈത്തലൈവരലാററ്'' എന്ന കൃതിയിൽ പറയുന്നത്.[5]

---

5. ''അന്നത്തെ ഭൂപ്രകൃതിയല്ല ഇന്നത്തെ കൊടുങ്ങല്ലൂരിനും ചേന്നമംഗലത്തിനുമുള്ളതു്. ചേന്നമംഗലത്തെ കൊടുങ്ങല്ലൂരിന സമീപം കൊണ്ടുവന്ന ഒരു കര അന്ന് അതിനുണ്ടായിരുന്നു. ഇതു് എ. ഡി. 823-ൽ കടലേററം നിമിത്തം നശിച്ചു എന്ന് 'മതുരൈത്തലൈവരലാററ്'' എന്ന തമിഴ്കൃതിയിൽ പ്രസ്താവിച്ചിട്ടുള്ള കൊല്ലത്തിന്റെ നാശത്തിൽനിന്നു മനസ്സിലാക്കാം.''

''കോലരാജ്യം കേരളവും അതിന്റെ തലസ്ഥാനം കോലമെന്നും ഇതിന്റെ പ്രാകൃതരൂപമായ കൊല്ലമെന്നും പേരുണ്ടായിരുന്ന കൊടുങ്ങല്ലൂർ — ചേന്നമംഗലവുമാണ്.''

''കൊല്ലത്തെ ആദിപള്ളി സെൻറുതോമസ്സ് സ്ഥാപിച്ചതാണെന്നും ഇതിനെ പിന്നീട് കടൽ കൊണ്ടുപോയെന്നുമുള്ള പുരാതന കൊല്ലത്തെ ഐതിഹ്യങ്ങൾ മൂലകൊല്ലമായ ചേന്നമംഗലത്തു നടന്ന സംഭവങ്ങളുടെ പ്രതിദ്ധ്വനികൾമാത്രമാണ്.''

(എ. ബാലകൃഷ്ണപിള്ള, 1946-ലെ 'വിശ്വദീപം' വിശേഷാൽപ്രതി, പുറം 14, 15, 18.)

# തുറമുഖസ്ഥാപനവും കൊല്ലവർഷവും

കൊല്ലവർഷാരംഭത്തിനു രണ്ടുവർഷം മുൻപ് കൊല്ലം നശിച്ചു. അതിനു പകരമുണ്ടായ കൊല്ലം കൊല്ലവർഷാരംഭത്തിൽ കാണുകയും ചെയ്യുന്നു. ഇവിടെ, കൊല്ലം നശിച്ചിട്ട് പകരം കൊല്ലമുണ്ടായ കാലം കൊല്ലവർഷാരംഭവുമായി പൊരുത്തപ്പെടുന്നതുപോലെ തോന്നുന്നു. കൊല്ലംതുറമുഖത്തിന്റെ സ്ഥാപനകാലം മുതലാണ് കൊല്ലവർഷം കണക്കാക്കിപ്പോരുന്നതെന്ന് ഒരഭിപ്രായവും നിലവിലുണ്ട്. ഏററവും സ്വാഭാവികമായി തോന്നുന്ന ഈ അഭിപ്രായം എന്തുകൊണ്ട് അംഗീകരിച്ചുകൂടാ?

അംഗീകരിക്കുന്നതിന് ഒരു പ്രബലമായ തടസ്സമുണ്ട്. കൊല്ലംതുറമുഖം തൽക്കണ്ടയാണെന്നാണല്ലോ ഇവിടെ കിട്ടിയ നിഗമനം. അതനുസരിച്ച് തുറമുഖത്തിന്റെ സ്ഥാപനമെന്ന നിലയിൽ ഒന്നുംതന്നെ നടന്നിട്ടില്ല. തുറമുഖം പണ്ടേ ഉള്ളതുതന്നെ. പേരുമാത്രം മാറിയെന്നേ ഉള്ളു. അതിനു ഒരു പുതിയ വർഷമേർപ്പെടുത്തുവാൻ തക്ക ഗൌരവമില്ല.

കാര്യം ശരിയാണ്. നിഗമനം ശരിയല്ലെന്നുവരാം. അതൊന്നു പരിശോധിച്ചുനോക്കുവാൻ വിഷമമില്ല.

സുലൈമാൻ കണ്ട കൊല്ലംതുറമുഖമാണല്ലോ അറിയപ്പെടേണ്ടതു്. അതിന്റെ നൗകാശ്രയം അഷ്ടമുടിക്കായലാണെന്നറിയാം. ആ കായലിൽ കപ്പൽച്ചാലുണ്ട്. കപ്പൽച്ചാല് എവിടെയൊക്കെയാണെന്നും എങ്ങോട്ടൊക്കെയാണ് അതിന്റെ ഗതിയെന്നും വള്ളക്കാർക്ക് നല്ല നിശ്ചയവുമുണ്ട്. അതുകൊണ്ട്,

കപ്പലുകൾ കായലിന്റെ ഏതു തീരത്തെയാണ് ലക്ഷ്യമാക്കിയിരുന്നതെന്നറിയാൻ പ്രയാസമില്ല. ആ തീരമായിരിക്കണമല്ലോ തുറമുഖം. ഈ വഴിക്കന്വേഷിക്കുമ്പോൾ കപ്പൽച്ചാലു കാണുന്നത് കാഞ്ഞിരോട്ടുകായലിലോക്കാണ്.6 അവിടെ പ്രവേശിച്ചതിനുശേഷം മൂന്നായി പിരിഞ്ഞ്, കല്ലട, പടപ്പക്കര, ചെറുമൂട് എന്നീ തീരസ്ഥലങ്ങളെ ലക്ഷ്യമാക്കുന്നു. അങ്ങനെ, കൊല്ലംതുറമുഖം ണൽക്കണ്ട (കല്ലട) മാത്രമല്ലെന്നും പടപ്പക്കരയും ചെറുമൂടുംകൂടി അതിലുൾപ്പെടുമെന്നും മനസ്സിലാകുന്നു.

അപ്പോൾ, തുറമുഖത്തിന്റെ സ്ഥാപനമെന്ന നിലയിൽ ഒന്നുംതന്നെ നടന്നിട്ടില്ലെന്നു പറയാൻ വയ്യ. ണൽക്കണ്ടയുടെ വികസനം നടന്നിട്ടുണ്ട്. പടപ്പക്കരയും ചെറുമൂടുംകൂടി ഉൾപ്പെടുമാറ് ണൽക്കണ്ടയെ വികസിപ്പിച്ചു. അങ്ങനെ വികസിപ്പിച്ചുണ്ടാക്കിയ വലിയ തുറമുഖത്തിനു കൊല്ലമെന്നു പേരുമിട്ടു. അങ്ങനെ പേരിടുവാൻ കാരണം — നശിച്ചുപോയ കൊല്ലംതുറമുഖത്തിനു പകരമാണ് അതുണ്ടാക്കിയതു്.

## ചിറ കഴിപ്പിക്കൽ

എങ്ങനെയാണ് ആ വികസനം സാധിച്ചതു്? പടപ്പക്കരയും ചെറുമൂടുംകൂടി ഉൾപ്പെടുമാറാണല്ലോ വികസിപ്പിച്ചതു്. ആ സ്ഥലങ്ങളിൽ കപ്പലടുക്കണമെങ്കിൽ ഒരു തടസ്സം നീങ്ങേണ്ടിയിരുന്നു. അതായതു്, കാഞ്ഞിരോട്ടുകായലിനു കുറുകേ ഇരുകരകളേയും യോജിപ്പിച്ച് ഒരു ചിറ (വലിയ

6. കാഞ്ഞിരോട്ടുകായൽ അഷ്ടമുടിക്കായലിന്റെ ഭാഗമാണ്.

വരമ്പു്) ഉണ്ടായിരുന്നു. അതിനെപ്പററി ഐതിഹ്യങ്ങളുണ്ടു്. ബോദ്ധ്യപ്പെടുമാറു് ചിറയുടെ അവശിഷ്ടങ്ങൾ കാണുകയും ചെയ്യാം. പടപ്പക്കരയും ചെറുമൂടും ഈ ചിറയുടെ കിഴക്കാണു്; കല്ലട പടിഞ്ഞാറും. കപ്പൽ വരുന്നതു പടിഞ്ഞാറു നിന്നാണു്. അതുകൊണ്ടു് കപ്പലുകൾക്കു കല്ലട പോകുവാൻ ചിറ തടസ്സമായിരുന്നില്ല. എന്നാൽ കിഴക്കുള്ള പടപ്പക്കരെയും ചെറുമൂട്ടിലും പോകണമെങ്കിൽ ചിറ മുറിച്ചു് വഴിയുണ്ടാക്കേണ്ടിയിരുന്നു.

ചിറയുടെ രണ്ടററങ്ങളും മദ്ധ്യഭാഗവും മാത്രമേ ഇപ്പോൾ ശേഷിക്കുന്നുള്ളു. ഒരററം 'കുതിരമുനമ്പു്' എന്നും 'മറേറ അററം' 'നെടുങ്കല്ലു്' എന്നും അറിയപ്പെടുന്നു. മദ്ധ്യഭാഗത്തിനു് 'പള്ളിയാതുരുത്തു്' എന്നു പറയും. ഈ അവശിഷ്ടഭാഗങ്ങൾക്കിടയിലുള്ള രണ്ടു ഭാഗങ്ങളിലും കപ്പൽച്ചാലുണ്ടു്. പടപ്പക്കരയിലേക്കും ചെറുമൂട്ടിലേക്കും കപ്പൽച്ചാലുണ്ടാക്കുവാൻ ആ ഭാഗങ്ങൾ കുഴിപ്പിച്ചതായിരിക്കണം.

## കഥ

ആരൊക്കെക്കൂടിയാണെന്നറിയാമോ അതു കുഴിപ്പിച്ചതു്? അറുപത്തിനാലു ഗ്രാമം ബ്രാഹ്മണരും, കേരളത്തിലെ രാജാക്കന്മാരും കൊല്ലത്തെ വ്യാപാരിയുംകൂടി! 'കേരളോൽപ്പത്തി'യിൽ അങ്ങനെയൊരു സുപ്രസിദ്ധമായ കഥയുണ്ടു്. മേൽപറഞ്ഞവരെല്ലാവരുംകൂടി കൊല്ലത്തു ചിറ കുഴിപ്പിച്ചു. വെള്ളം കണ്ടില്ല. പ്രായശ്ചിത്തങ്ങളും ചിറയിൽവച്ചു ബ്രാഹ്മണസദ്യയും നടത്തി. ഉടനെ വെള്ളം പൊങ്ങി. അന്നു കൊല്ല

വർഷാ തുടങ്ങി. ക്ഷേത്രവും പണിയിച്ചു.[7] ഇതാണു കഥ. ഈ കഥയ്ക്കടിസ്ഥാനമായ ചരിത്രസത്യമാണു് കാഞ്ഞരോട്ടു കായലിൽ നടന്ന ചിറ കഴിപ്പിക്കൽ.

## ആശയക്കുഴപ്പം

അതിനു യോജിക്കാത്തതായി കഥയിൽ എന്തെങ്കിലുമുണ്ടോ എന്നു നോക്കണമല്ലോ. വെള്ളം കണ്ടില്ല എന്ന ഭാഗം യോജിക്കുകയില്ല. സൂക്ഷിച്ചു നോക്കിയാൽ ആ ഭാഗം കാലാന്തരത്തിൽ വന്നുകൂടിയ ഒരാശയക്കുഴപ്പത്തിൻെറ ഫലമാണെന്നു വ്യക്തമാകും. തുറമുഖം സ്ഥാപിക്കുവാൻ ചിറ കഴിപ്പിച്ചതും അതിനെ ആധാരമാക്കി കൊല്ലവർഷം തുടങ്ങിയതും സുപ്രധാനസംഭവങ്ങളാണു്, അതുകൊണ്ടു് ആ ചരിത്രം പരമ്പരയാ പറഞ്ഞുവരാനിടയുണ്ടു്. കാലാന്തരത്തിൽ, ചിറയിൽവച്ചു് സദ്യ നടത്തിയെന്നുള്ളതു് അസംബന്ധമായി തോന്നിയിരിക്കണം. കാരണമുണ്ടു്. ചിറയെന്നുള്ളതിനു് ചില ദിക്കിൽ കുളമെന്നും അർത്ഥമുണ്ടു്.

---

7. ചിറ കഴിപ്പിച്ചപ്പോൾ പണിയിച്ച ക്ഷേത്രം പെരുമൺ 'കോയിക്കൽമുക്കത്തു ഭഗവതിക്ഷേത്ര'മായിരിക്കണം. ചിറയ്ക്കു നേരെ, ചിറയുടെ ഭാഗമായ നെടുങ്കല്ലിനു് ഏററവും സമീപത്താണു് ആ ക്ഷേത്രം നില്ക്കുന്നതു്. ക്ഷേത്രം സ്ഥാപിച്ചതും അവിടെ പൂജാദികൾ ഏർപ്പെടുത്തിയതും പെരുമാക്കന്മാരാണെന്നു് ഐതിഹ്യമുണ്ടു്. ചിറ കഴിപ്പിച്ച ബ്രാഹ്മണരെയും രാജാക്കന്മാരെയും ഉദ്ദേശിച്ചായിരിക്കണം പെരുമാക്കന്മാർ എന്നു പറയുന്നതു്.

അപ്പോൾ, ചിറ കഴിപ്പിച്ചു എന്നതിനെ കുളം കുഴിപ്പിച്ചു എന്നു് തെററിദ്ധരിക്കാം. അത്രയും മതി, ചിറയിൽവച്ചു സദ്യ നടത്തിയെന്നുള്ളതു് അസംബന്ധമായി തോന്നുവാൻ. ആ അസംബന്ധം പരിഹരിക്കുന്നതിനുവേണ്ടി കടന്നുകൂടിയ യുക്തിയായിരിക്കണം വെള്ളം കണ്ടില്ലെന്നുള്ളതു്. ആ യുക്തി തന്നെ ബ്രാഹ്മണസദ്യ നടത്തുന്നതിനു കാരണമായും പ്രയോജനപ്പെട്ടു. സദ്യ നടത്തുന്നതു വെള്ളം കാണാത്തതുകൊണ്ടാണെങ്കിൽ സദ്യ നടത്തിയാലുടനെ വെള്ളം പൊങ്ങുകയും വേണം. ഈ വിധത്തിലായിരിക്കണം, ഐതിഹ്യം ചരിത്രസത്യത്തിനു യോജിക്കാത്ത അംശങ്ങൾ കലൎന്നു് കേവലം കഥയായി പരിണമിച്ചതു്. ചിറയിൽവച്ചു സദ്യ നടത്തുന്നതിൽ യാതൊരു അസംബന്ധവുമില്ലെന്നു് ചിറയുടെ ഭാഗമായി ഇപ്പോഴും ശേഷിക്കുന്ന പള്ളിയാതുരുത്തു കണ്ടിട്ടുള്ളവരോടു പറഞ്ഞറിയിക്കേണ്ട കാൎയ്യമില്ല.

എങ്ങനെയായാലും, കൊല്ലവൎഷം കണക്കാക്കുന്നതു് കൃത്യമായും ചിറ കഴിപ്പിച്ച കാലംമുതലാണെന്നു മനസ്സിലാക്കുവാൻ ഈ കഥ ഉപകരിക്കുന്നു. ചിറ കഴിപ്പിച്ചതു് ണൽക്കണ്ടയെ വികസിപ്പിച്ചു കൊല്ലംതുറമുഖം സ്ഥാപിക്കുവാനാണെന്നു് ഇവിടെ കാണുകയും ചെയ്തു. ആ നിലയ്ക്കു് കൊല്ലംതുറമുഖത്തിന്റെ സ്ഥാപനകാലം മുതലാണു് കൊല്ലവൎഷം കണക്കാക്കുന്നതെന്നുള്ള അഭിപ്രായം അംഗീകരിക്കുന്നതിൽ അപാകമില്ല.

## വ്യാപാരി

തുറമുഖസ്ഥാപനത്തിൽ പങ്കെടുത്ത വ്യാപാരി ആരു്? അദ്ദേഹം പെൎഷ്യാക്കാരനും അക്കാലത്തു കേരളത്തിലെ മുഖ്യവ്യാപാരിയുമായിരുന്ന സബിരീശോ അഥവാ

ശവറീസ്മുതലാളി ആയിരിക്കണം. അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരാണ് ഇന്നു കല്ലടെ താമസിക്കുന്ന 'കൊല്ലക്കാരൻ മുതലാളിമാർ.'

## എല്ലാവരും സംഘടിച്ചതു്?

കേരളത്തിന്റെ മുഖ്യവാണിജ്യകേന്ദ്രമായ കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ നാശം കേരളത്തിനു പൊതുവേ ഒരാഘാതമായിരുന്നു. അതുകൊണ്ടാണ് തത്തുല്യമായ മറെറാരു തുറമുഖം സ്ഥാപിക്കുവാൻ ബ്രാഹ്മണരും രാജാക്കന്മാരുമാകുന്ന കേരളാധിപന്മാരെല്ലാവരും സംഘടിച്ചതു്. അപ്രകാരമൊരു തുറമുഖമുണ്ടാകുന്നതു് കേരളത്തിലെ മുഖ്യവ്യാപാരിയായി ആയിടയ്ക്കു വന്നുചേന്ന ശവറീസ്മുതലാളിയുടേയും ആവശ്യമായിരുന്നു. അതുകൊണ്ടു് അദ്ദേഹവും പങ്കെടുത്തു.

---

## നൗകാശയവും പരിസരങ്ങളും

ചിറ കഴിപ്പിച്ചുണ്ടാക്കിയ കൊല്ലംതുറമുഖത്തിന്റെ നൗകാശയം കാഞ്ഞരോട്ടുകായലാണെന്നു വ്യക്തമായിക്കഴിഞ്ഞു. ആ കായലിന്റെ പടിഞ്ഞാറേ അതിർത്തി രണ്ടു തുരുത്തുകളാണ് — മൺറോത്തുരുത്തും അതിനു തെക്കുവശമുള്ള പേഴംതുരുത്തും. പേഴംതുരുത്തിനു തെക്കുവശം കാണുന്ന കര കാഞ്ഞരോട്ടുകായലിന്റെ തെക്കേക്കരയുടേയും പെരുമൺ എന്ന സ്ഥലത്തിന്റേയും പടിഞ്ഞാറേ അററമാണ്. ആ അററവും പേഴംതുരുത്തും തമ്മിൽ വേർതിരിയുന്നതു് ഒരു ഫർലാങ്ങ്മാത്രം വീതിയുള്ള ഒരു ജലസന്ധിമൂലമാണ്. കാഞ്ഞരോട്ടുകായലിന്റെ തെക്കുപടിഞ്ഞാറേകോണിലുള്ള ആ ജലസന്ധിയിലാണ് കൊല്ലം—എറണാകുളം റയിൽവേയിലെ അഷ്ടമുടിപ്പാലം.

ജലസന്ധിയെത്തുടൻ് കായൽ പെരുമൺകരയുടെ പടിഞ്ഞാറുവശംകൂടി തെക്കോട്ടു വ്യാപിച്ചു കിടക്കുന്നു. ജലസന്ധിക്കും, തെക്കോട്ടുള്ള തുടർച്ചയ്ക്കും പടിഞ്ഞാറുവശം അഷ്ടമുടി എന്ന സ്ഥലമാണ്. ആ സ്ഥലം ജലസന്ധിയുടെ വടക്കേ അതിർത്തിയേയും കവിഞ്ഞ് വടക്കോട്ടു് ഉന്തിനില്ക്കുന്നതിനാൽ ജലസന്ധി നൗകാശയത്തിലേക്കുള്ള ഒരു വിക്കററുഗേററുപോലെ ഇരിക്കുന്നു,

അഷ്ടമുടിക്കും പേഴംതുരുത്തിനും മൺറോത്തുരുത്തിനും പടിഞ്ഞാറുവശമുള്ള കായലിനെ വലിയകായൽ എന്നു പറയും. തെക്കുവടക്ക് എട്ടുമൈൽ നീളവും കിഴക്കുപടിഞ്ഞാറ് മൂന്നുമൈൽ വീതിയുമുള്ള ഈ വലിയകായലിന്റെ

തെക്കുപടിഞ്ഞാറേ കോണിലാണ് നീണ്ടകരയഴി. അഴിമുഖത്തുനിന്നുള്ള കാററിന്റെ ശല്യം നൗകാശയമായ കാഞ്ഞരോട്ടുകായലിനെ ഒട്ടുംതന്നെ ബാധിക്കുകയില്ല. ആ കായലിന്റെ പടിഞ്ഞാറുവശമുള്ള കരകളും പ്രവേശനദ്വാരമായ ജലസന്ധിയുടെ, വിക്കററ്ഗേററുപോലുള്ള സ്ഥിതിയും കാററു തടയാൻ വളരെ പ്രയോജനപ്പെടുന്നു.[8] വലിയകായലിന്റെ വടക്കേ അതിർത്തിയും മൺറോത്തുരുത്തിന്റെ വടക്കേ അതിർത്തിയും ഒപ്പത്തിനൊപ്പം നില്ക്കുമെന്നു പറയാം. മൺറോത്തുരുത്തിനും പേഴംതുരുത്തിനും നേർപടിഞ്ഞാറായി കാണുന്ന മറുകര തേവലക്കരയെന്ന പ്രദേശമാണ്. വടക്കേ അററംകൊണ്ട് കല്ലടയോടുചേർന്നാണ് ആ പ്രദേശത്തിന്റെ കിടപ്പ്.

നീണ്ടകരയഴിയിൽനിന്നുള്ള കപ്പൽച്ചാല് വലിയ കായലിന്റെ പടിഞ്ഞാറേ തീരമടുപ്പിച്ച് വടക്കോട്ടു തുടന്ന് തേവലക്കരയുടെ കിഴക്കുവശമെത്തുന്നു. എന്നിട്ട് അവിടെനിന്നു കായലിനു കുറുകെ നേരെ കിഴക്കോട്ടു ചെന്ന് പേഴംതുരുത്തിനു തെക്കുവശമുള്ള ജലസന്ധിയിൽക്കൂടിയാണ് കാഞ്ഞരോട്ടുകായലിൽ പ്രവേശിക്കുന്നതു്.

## എത്ര നല്ല നൗകാശയം!

ആ കായലൊന്നു നോക്കുക. എത്രനല്ല നൗകാശയം! സമുദ്രത്തിൽനിന്ന് ഏഴെട്ടു മൈൽ അകലമുണ്ട്. എല്ലാ

---

8. കൊല്ലംതുറമുഖത്തെപ്പററി, "a port sheltered from the wind on every side" എന്നു പോർട്ടുഗീസുകാരനായ ആൽബുക്കക്ക് പറഞ്ഞിട്ടുള്ളതു് ഇവിടെ എത്ര യോജിച്ചിരിക്കുന്നുവെന്നു നോക്കുക. (Nagam Iiya — State Manual I—Page 284)

വശത്തും കാററു തടഞ്ഞു് ഏതു സമയത്തും ശാന്തമായി കിട ക്കുന്നു. എത്ര വലിയ കപ്പലുകൾക്കും തീരത്തോടടുത്തു നങ്കൂരമിട്ടു കിടക്കാം. വേണ്ട വിശാലതയുമുണ്ടു്. ഒട്ടധികം ശാഖ കളും ഉപശാഖകളുമുള്ളതിനാൽ നഗരത്തിന്റെ ഏതൊരു കോണിലും കപ്പൽ ചെല്ലും. ഇത്ര സൗകര്യപ്രദമായി നഗര ത്തിൻെറ കേന്ദ്രത്തിൽതന്നെയൊരു നൗകാശയം ലോകത്തു് അധികമൊന്നും കാണുകയില്ല. കൊല്ലംനഗരത്തിൻെറ പൂർവ്വകാലമഹിമകൾക്കെല്ലാം നിദാനം നൗകാശയമായിരുന്ന ഈ കാഞ്ഞരോട്ടുകായൽ മാത്രമാണു്.

## 'കൊല്ലംകണ്ടവനില്ലംവേണ്ടാ'

പ്രശാന്തഗംഭീരമായ ഈ കായലിൻെറയും പരിസരങ്ങളു ടേയും പ്രകൃതിരാമണീയകം കണ്ണുള്ളവർ കാണുകതന്നെ വേണം. ശാസ്താംകോട്ടയ്ക്കും പെരിനാട്ടിനും മദ്ധ്യേ ടെയി നിൽ സഞ്ചരിക്കുന്നവർ അഷ്ടമുടിപ്പാലത്തിലെത്തുമ്പോൾ കിഴ ക്കോട്ടൊന്നു നോക്കുക. 'കൊല്ലംകണ്ടവനില്ലംവേണ്ടാ ' എന്ന പഴഞ്ചൊല്ലിൽ പതിരില്ലെന്നു് ഉടനേ ബോദ്ധ്യപ്പെടും. കൊല്ലംനഗരത്തിന്റെ ഈ പ്രകൃതിഭംഗിയാണു് 'ഈരേഴുലകി ലുമിതിന്നൊപ്പമില്ലൊൻറുചൊൽവാൻ' എന്നു് ഉണ്ണുനീലി സന്ദേശകാരൻ ഉദ്ഘോഷിച്ചിരിക്കുന്നതിൻെറ രഹസ്യം.

# വാണിജ്യകേന്ദ്രങ്ങളും രാജധാനിയും

പ്രകൃതിസുന്ദരമായ ഈ കൊല്ലംനഗരത്തിൽ കപ്പലടുത്തിരുന്ന മൂന്നു കേന്ദ്രങ്ങൾ നേരത്തേ കണ്ടുകഴിഞ്ഞു. അവയിൽ കല്ലടയെന്ന സ്ഥലം ഈ നഗരമുണ്ടാകുന്നതിനു് എത്രയോ നൂററാണ്ടുകൾക്കപ്പുറം മുതൽക്കേ കപ്പലടുക്കുന്ന വാണിജ്യകേന്ദ്രമാണു്! എങ്കിലും അതു പോരാഞ്ഞിട്ടാണു് ചിറ കഴിപ്പിച്ചതും മററു ഭാഗങ്ങളിലും കപ്പലടുക്കുവാൻ മാർഗ്ഗമുണ്ടാക്കിയതും. അപ്പോഴുണ്ടായ പുതിയ വാണിജ്യകേന്ദ്രങ്ങൾ ഏതൊക്കെയാണു്? 'വാണിജ്യകേന്ദ്രങ്ങൾ' എന്നങ്ങനെ ബഹുവചനത്തിൽ ചോദിക്കുവാൻ കാര്യമില്ല. ഒരു വാണിജ്യകേന്ദ്രം മാത്രമേ ഉണ്ടായുള്ളു. അതു ചെറുമൂടാണു്.

പടപ്പക്കരയോ? എന്നു ചോദിച്ചേക്കാം. അതു വാണിജ്യകേന്ദ്രമല്ല. ആ സ്ഥലം 'പടക്കപ്പൽക്കര'യാണെന്നു അവിടെ ആരും പറയും. തുറമുഖസ്ഥാപനത്തിന്റെ പ്രാഥമികോദ്ദേശ്യം വാണിജ്യാഭിവൃദ്ധിയാകയാൽ ചെറുമൂട്ടിലേക്കു മാത്രം കപ്പൽച്ചാലുണ്ടാക്കുവാനായിരിക്കണം ചിറ കഴിപ്പിച്ചതു്. പടക്കപ്പൽക്കര പിന്നീടുള്ള പരിഷ്കാരമാവാനേ തരമുള്ളു. അങ്ങനെ, പുരാതനമായ കൊല്ലംനഗരത്തിൽ കപ്പലടുത്തിരുന്ന വാണിജ്യകേന്ദ്രങ്ങൾ രണ്ടാണു് — പഴയ കല്ലടയും പുതിയ ചെറുമൂടും. കല്ലട, കാഞ്ഞിരോട്ടുകായലിന്റെ വടക്കുപടിഞ്ഞാറും ചെറുമൂടു് തെക്കുകിഴക്കുമുള്ള തീരസ്ഥലങ്ങളാണു്.

## രാജധാനി

കൊല്ലംനഗരത്തിന്റെ പ്രാരംഭകാലം മുതല്ക്കേ ആ നഗരം വേണാട്ടുരാജാക്കന്മാരുടെ രാജധാനിയാണു്.

എവിടെനിന്നായിരിക്കാം ആ രാജാക്കന്മാർ ഉടനേ കൊല്ലു ത്തേക്കു താമസംമാറി വന്നതു്? ഇതിന്റെ സമാധാനം സ്പഷ്ട മാണ്. കൊല്ലംനഗരമുണ്ടായപ്പോൾ അവർ എങ്ങുനിന്നും താമസംമാറി വന്നതല്ല. നേരത്തേതന്നെ അവരവിടെ താമസമാണ്. അങ്ങനെ താമസിക്കവേ അവരുടെ താമസ സ്ഥലം കൊല്ലംനഗരത്തിന്റെ ഭാഗമായിത്തീൎന്നു. ആ താമസ സ്ഥലം (രാജധാനി) തുറമുഖനഗരമായ ഞൽക്കണ്ട (കല്ലട) യാണെന്നു സ്പഷ്ടമാണല്ലോ.

വേണാട്ടുരാജാക്കന്മാർ കല്ലടെ താമസം തുടങ്ങിയതു് കൊല്ലംനഗരമുണ്ടാകുന്നതിനു ഏകദേശം അഞ്ഞൂറു വർഷം മുമ്പാണ്. വീരകേരളവൎമ്മ എന്ന രാജാവാണ് ആദ്യം താമസമുറപ്പിച്ചതു്. അദ്ദേഹം കല്ലടെ ഒരു ക്ഷേത്രവും ബ്രാഹ്മണാലയങ്ങളും സ്ഥാപിച്ചിട്ടുണ്ട്.[9]

ഇങ്ങനെ തുറമുഖമെന്ന നിലയിലും രാജധാനിയെന്ന നിലയിലും ബഹുദീർഘകാലത്തെ പാരമ്പൎയ്യമുള്ള കല്ലട യാണ് കൊല്ലംനഗരത്തിന്റെ പ്രാരംഭദശയിൽ ആ നഗര ത്തിന്റെ സർവപ്രധാനമായ ഭാഗം.

---

9. Shangunny Menon, History of Travancore, Pages 87, 88.

# തരിസാപ്പള്ളി

കൊല്ലവർഷാരംഭത്തിൽ സബിരീശോ എന്ന വ്യാപാരി കൊല്ലത്തു് ഒരു പള്ളി പണിയിച്ചു. കൊല്ലത്തു് ആദ്യമുണ്ടായ ക്രിസ്ത്യാനിപ്പള്ളിയെന്ന നിലയിൽ പ്രാധാന്യമർഹിക്കുന്ന ഈ പള്ളി തരിസാപ്പള്ളിയെന്ന പേരിൽ ചരിത്രപ്രസിദ്ധമാണു്.

കൊല്ലത്തു് ഏതു ഭാഗത്താണു് ആ പള്ളിയെന്നുള്ള ചോദ്യത്തിനു്, കല്ലടെ ഏതു ഭാഗത്തു് എന്നുവേണം അർത്ഥം കല്പിക്കുവാൻ. കാരണം — ആ പള്ളി പണിയിക്കുന്ന കാലത്തു് കൊല്ലമെന്നു പറഞ്ഞാൽ കല്ലട മാത്രമേ ഉള്ളു. തുറമുഖവും, വാണിജ്യകേന്ദ്രവും രാജധാനിയുമെല്ലാം കല്ലട തന്നെ. ചെറുമുട്ടിൽ അന്നു കപ്പലടുക്കാൻ തുടങ്ങിയിട്ടുണ്ടു്. അത്രയേയുള്ളു.

അപ്രകാരമുള്ള കല്ലടയിൽ ഇന്നു് ആയിരം കൊല്ലത്തിനുമേൽ പഴക്കം തോന്നിക്കുന്ന ഒരു പള്ളിയുണ്ടെങ്കിൽ അതു തരിസാപ്പള്ളിയാണെന്നു പറയാൻ മടിക്കേണ്ട കാര്യമില്ല. അപ്രകാരമുള്ള ഒരു പള്ളി അതാ കടപുഴക്കടവിനു സമീപം കാണുന്നു—'കല്ലടെ വലിയപള്ളി!' എല്ലാ അർത്ഥത്തിലും അതൊരു വലിയപള്ളിതന്നെ. അടുത്ത പ്രദേശങ്ങളിലെങ്ങും അതിനെക്കാൾ പുരാതനമായ പള്ളി ഇല്ല. ആയിരം കൊല്ലത്തിനുമേൽ പഴക്കമുണ്ടെന്നു് ആരും പറയും.

തരിസാപ്പള്ളി പോർട്ടുഗീസുകാർ കൈവശപ്പെടുത്തിയതായി ശ്രീ കെ. എൻ. ഡാനിയലിന്റെ 'ഒരു ആത്മവൃത്തകഥന'ത്തിൽ കാണുന്നു (പുറം 5). അതു പരമാർത്ഥമായിരിക്കണം. കല്ലടെ വലിയപള്ളിക്കു് അതു യോജിക്കുന്നുണ്ടു്. പോർട്ടുഗീസുകാർ കത്തോലിക്കരാണല്ലോ, വലിയപള്ളി കുറേക്കാലം കത്തോലിക്കരുടെ വകയായിരുന്നുവെന്നും പിന്നീടു് വീണ്ടുകിട്ടിയതാണെന്നും ഐതിഹ്യമുണ്ടു്. 'ഞങ്ങളുടെ പള്ളിയാ'ണെന്നു പറയുന്ന കത്തോലിക്കർ ഇന്നും കുറവല്ല. തരിസാപ്പള്ളി പണിയിച്ച ശവറീസുമതലാളിയുടെ പിൻതുടർച്ചക്കാർ പരമ്പരയാ കല്ലടെ താമസിക്കുന്നതും ശ്രദ്ധേയമാണു്.

പള്ളി നില്ക്കുന്ന സ്ഥലവും പരിസരങ്ങളും തരിസാപ്പള്ളിക്കു യോജിക്കുന്നതുതന്നെ. സ്ഥലം 'കോയിക്കൽഭാഗ'മാണു്. അതിനോടു ചേർന്നു് 'കോയിക്കൽമുറി'യുമുണ്ടു്. ഇവ രണ്ടുംകൂടിയുള്ള പ്രദേശമായിരിക്കണം അന്നത്തെ കൊല്ലം രാജധാനി. അവിടെ 'കൊട്ടാര'വും 'കോയിക്കലും' 'വലിയ കോയിക്കലു'മുണ്ടു്. മഹാക്ഷേത്രങ്ങളുടെ ഒരു കേന്ദ്രമാണിവിടം, ബ്രാഹ്മണാലയങ്ങളുടെ സംഖ്യയും ചെറുതല്ല. വലിയകോയിക്കൽ താമസിച്ചിരുന്ന രാജാവാണെന്നു പറയുന്നു, പള്ളി വയ്ക്കാൻ സ്ഥലം കൊടുത്തതും മറ്റും. ഇങ്ങനെ പലതും നോക്കുമ്പോൾ തരിസാപ്പള്ളി ആ വലിയപള്ളിതന്നെയെന്നു നിസ്സംശയം പറയാം.

# അയ്യനടികൾ കൊടുത്ത സ്ഥലം

സബിരീശോ പണിയിച്ച തരിസാപ്പള്ളിക്ക് അയ്യനടികൾ എന്ന വേണാട്ടരാജാവ് ഒരു പ്രദേശം ദാനം ചെയ്തു. അതിന്റെ എലുകകൾ രാജാവു കൊടുത്ത ചെപ്പേടിൽ വിവരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| കിഴക്ക് | — | കായലുൾപ്പെടെ വയൽക്കാട് |
| പടിഞ്ഞാറ് | — | കടൽ |
| വടക്ക് | — | തോരണത്തോട്ടം |
| വടക്കുകിഴക്ക് | — | പുന്നത്തല അണ്ടിലൻതോട്ടം |
| തെക്കുകിഴക്ക് | — | ചെറുവാതിൽക്കൽ മതിൽ |

ഈ സ്ഥലം കല്ലടയുടെ പാർശ്വത്തിൽത്തന്നെയുണ്ട്. കായലുൾപ്പെടെ വയൽക്കാട് മൺട്രോത്തുരുത്തിന്റെ കിഴക്കരികിൽ കാണാം. പക്ഷേ, പടിഞ്ഞാറ് കടലല്ല, കായലാണ്. എങ്കിലും ആ കായൽത്തീരത്തിന്റെ കുറേ ഭാഗം 'കെടപ്പുറം' എന്നാണറിയപ്പെടുന്നതു്. ആ പേരിൻെറ പൂർവ്വരൂപം 'കടപ്പുറ'മെന്നാണെന്നും പടിഞ്ഞാറുവശമുള്ള കായൽ ഉൾക്കടലായിരുന്നതുകൊണ്ടാണ് അങ്ങനെ പേരു വന്നതെന്നും വിചാരിക്കാം.

ഉൾക്കടലും കടലും തമ്മിൽ യോജിക്കുന്ന ഭാഗം ഇടുങ്ങിപ്പോയാൽ ഉൾക്കടൽ കായലായിപ്പോകും. ഇവിടെയും അങ്ങനെ സംഭവിച്ചതായിരിക്കണം. അഴിയുടെ വടക്കേക്കര 'നീണ്ടകര'യാണല്ലോ, തെക്കേക്കരയ്ക്കു് അങ്ങനെ

പേരുമില്ല. വിപുലമായി കിടന്നിരുന്ന അഴിയുടെ വടക്കേക്കര തെക്കോട്ടു നീണ്ടു് അഴി ഇടുങ്ങിപ്പോയതായിരിക്കണം. കര നീണ്ടപ്പോൾ അതു നീണ്ടകരയായി. ആ 'നീണ്ട'കരയായിരിക്കണം ഉണ്ണുനീലിസന്ദേശത്തിൽ പറയുന്ന 'പുതിയ പൊഴി.'

## തെക്കുവശം?

ഏലുക പറയുന്ന കൂട്ടത്തിൽ തെക്കുവശം വിട്ടിരിക്കുന്നതു ശ്രദ്ധിക്കുക. അതും മൺറോത്തുരുത്തിനു യോജിക്കുന്നു. ആ തുരുത്തിന്റെ പടിഞ്ഞാറുവശം തെക്കുകിഴക്കോട്ടു കോണിച്ചാണു കിടക്കുന്നതു്. അതുകൊണ്ടു് പടിഞ്ഞാറുവശവും തെക്കുവശവും ഒന്നുതന്നെ. ആ നിലയ്ക്കു് പടിഞ്ഞാറു കടലാണെന്നു പറഞ്ഞുകഴിഞ്ഞാൽ തെക്കുവശവും കടലാണെന്നു് സ്വയം സിദ്ധിച്ചുകൊള്ളും.

## ചെറുവാതിൽക്കൽ മതിൽ

മൺറോത്തുരുത്തിന്റെ തെക്കുകിഴക്കേ കോണിൽ ഒരു ജലസന്ധിയുണ്ടു്. 'ഇടച്ചാലു്' എന്നു പറയും. കിഴക്കുവശത്തും പടിഞ്ഞാറുവശത്തുമുള്ള കായലുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഈ ജലസന്ധിക്കു് നീളവും വീതിയും നന്നേ കറവാകയാൽ അതൊരു 'ചെറുവാതിൽ'തന്നെ. പക്ഷേ, മതിൽ കാണുന്നില്ല. എങ്കിലും വടക്കുവശത്തു് ഒരു 'പാളയ'മുണ്ടു്,[10] പാളയത്തിനു ചുററും മതിൽ സാധാരണമാണല്ലോ. അങ്ങനെ ചെറുവാതിൽക്കൽ മതിലും സംഗതമാണു്.

---

10. പുരയിടത്തിൻെറ പേരു്.

## തോരണത്തോട്ടം

'തോരണ'ശബ്ദത്തിനു് ബഹിർദ്വാരമെന്നർത്ഥമുണ്ട്. അലങ്കാരവാതിൽ എന്നു തമിഴിൽ പ്രസിദ്ധമാണെന്നു് ശ്രീ ഇളംകുളവും പറയുന്നു.[11] അതിനനുരൂപമായി മൺടോത്തുരുത്തിന്റെ വടക്കേഅററത്തു് ഒരു 'പൊന്നോംവാതൽ'[12] ഉണ്ടു്. ആ ഭാഗത്തുള്ള തോട്ടമായിരിക്കണം തോരണത്തോട്ടം.

## പുന്നത്തല

ഇനി പുന്നത്തല അണ്ടിലൻതോട്ടമേ ഉള്ളു. അതു വടക്കുകിഴക്കാണു്. പുന്നത്തല എന്നതു് ചെപ്പേടിൽ പറയുന്ന പുന്നത്തലപ്പതിയുടെ ഭവനവും അണ്ടിലൻ എന്നതു് ആളിന്റെ പേരുമായിരിക്കണം. മൺടോത്തുരുത്തിന്റെ വടക്കുകിഴക്കേ കോണിൽത്തന്നെ പ്രശസ്തമായ പുന്നശ്ശേരി കുടുംബമുണ്ടു്. അതായിരിക്കണം പുന്നത്തല. പേരിന്റെ സാമ്യം മാത്രമല്ല, പുന്നത്തലപ്പതിയുടെ ഭവനത്തിനു യോജിക്കുന്ന പുരാതനത്വവും പ്രഭുത്വവും ഒക്കെയുണ്ടു്. ആ പുന്നത്തലയുടെ പരിസരത്തിൽ അണ്ടിലൻ എന്നയാളിന്റെ നാമധേയത്തിലുള്ള ഒരു തോട്ടമായിരിക്കണം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

ഇങ്ങനെ അയ്യനടികൾ കൊടുത്ത സ്ഥലവും കണ്ടുകിട്ടുന്നു.

---

11. ചില കേരളചരിത്രപ്രശ്നങ്ങൾ — രണ്ടാം ഭാഗം, പുറം 106

12. പുരയിടത്തിന്റെ പേരു്

# ജോർഡാനസ് പള്ളി

ഇനിയൊരു കത്തോലിക്കപ്പള്ളി കാണാനുണ്ട്. 499-ൽ[13] ജോർഡാനസ് എന്ന പാതിരി സെൻറു ജോർജ്ജിന്റെ നാമധേയത്തിൽ സ്ഥാപിച്ചതാണതു്. കൊല്ലത്തു് ആദ്യമുണ്ടായ കത്തോലിക്കപ്പള്ളിയെന്ന നിലയിൽ അതും ചരിത്രപ്രധാനമാണു്.

തേവലക്കരെ കായൽത്തീരത്തു് രണ്ടു പള്ളി കാണാനുണ്ടു്—ഒന്നു് തെക്കും മററതു വടക്കും. വടക്കു കാണുന്ന 'അരിനല്ലൂർപ്പള്ളി' സെൻറുജോർജ്ജ്പള്ളിയാണു്. കത്തോലിക്കപ്പള്ളിയുംതന്നെ.

അതു ജോർഡാനസ്പള്ളിയാണെങ്കിൽ തേവലക്കരയും കൊല്ലംനഗരത്തിൻെറ ഭാഗമായിരുന്നുവെന്നാണർത്ഥം. കല്ലടയോടു ചേർന്നുകിടക്കുന്നതും അഷ്ടമുടിക്കായലിൻെറ തീരസ്ഥലവുമായ ആ പ്രദേശം കൊല്ലംനഗരത്തിലുൾപ്പെടുവാൻ ന്യായമുണ്ടു്, അവിടെയും കപ്പലടുത്തിരുന്നതായി കപ്പൽച്ചാലിൻെറ ഗതിയിൽനിന്നു മനസ്സിലാക്കാം.

## ബക്കരെ

മറെറാരു യുക്തിയും പറയാം. തേവലക്കര എന്ന പേരു് പാശ്ചാത്യരുടെ ഉച്ചാരണത്തിൽ 'തേബക്കരെ' എന്നു വരുക സ്വാഭാവികമാണു്. അതിൻെറ ആദ്യക്ഷരം വിട്ടാൽ 'ബക്കരെ' എന്നാകും. ടോൽക്കണ്ടെയുടെ കാലത്തു് 'ബക്കരെ' എന്നൊരു തുറമുഖവും ഗ്രീക്കുറോമൻരേഖ

13. K. P. Padmanabha Menon, History of Kerala, Pages 281, 283.

കളിൽ പരാമർശിക്കപ്പെടുന്നുണ്ടു്. എന്നാൽ ണൽക്കണ്ട യെന്നും ബക്കരെയെന്നും പറയുന്നതു് ഒരേ തുറമുഖത്തിൻെറ ഭിന്നഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള രണ്ടു പേരുകളാ ണെന്നു മനസ്സിലാക്കുവാൻ രേഖയുണ്ടു്.* അതു നോക്കു മ്പോൾ ബക്കരെ എന്ന പേരു് ണൽക്കണ്ടയായ കല്ലട യോടു ചേൎന്നുകിടക്കുന്ന തേവലക്കരയെക്കുറിക്കുന്നതാവാനേ ന്യായമുള്ളു.

കൊല്ലംനഗരത്തിൽ കല്ലടയുടെ പ്രാധാന്യം നിലനി ന്നിരുന്ന കാലത്തോളം തേവലക്കരയും ആ നഗരത്തിൻെറ ഭാഗമായിരുന്നിരിക്കണം.

---

* "Pliny says:-

Another fort belonging to the nation is the more convenient Neacyndon—which is called Becare" (Nagam Iiya, State Manual I, P. 240.)

# നാവികസൈന്യസങ്കേതങ്ങൾ

തുറമുഖസ്ഥാപനത്തിനുശേഷമുണ്ടായ പ്രധാനസംഭവങ്ങളിലൊന്നാണ് നൗകാശയത്തിന്റെ വടക്കേ തീരത്ത് ഒരു നാവികസൈന്യസങ്കേതം സ്ഥാപിച്ചത്. അതാണല്ലോ 'പടക്കപ്പൽക്കര.' ജലമാർഗ്ഗമായുള്ള ബാഹ്യാക്രമണങ്ങളിൽ നിന്നു നഗരത്തെ രക്ഷിക്കുവാൻ മാത്രമല്ല, നൗകാശയത്തിൽ കിടക്കുന്ന കപ്പലുകളിൽ കള്ളവും കൊള്ളയും നടക്കാതെ സൂക്ഷിക്കുന്നതിനും അങ്ങനെയൊരു സൈന്യസങ്കേതം ആവശ്യമാണ്. കല്ലടയ്ക്കും ചെറുമൂടിനും മദ്ധ്യേ, ആ രണ്ടു പ്രധാനകേന്ദ്രങ്ങളും സുഖമായി കാണുവാൻ തക്ക വിധം ഉയരത്തിൽ സ്ഥിതിചെയ്യുന്ന പടക്കപ്പൽക്കര അതിനു പററിയ സ്ഥാനത്തുതന്നെ.

പടക്കപ്പൽക്കരയ്ക്കു പുറമേ, അയ്യനടികൾ കൊടുത്ത സ്ഥലം നിർണ്ണയിക്കുന്ന ഘട്ടത്തിൽ, ചെറുവാതിലിനു സമീപം ഒരു 'പാളയ'വും നാം കണ്ടുകഴിഞ്ഞു. തുറമുഖത്തിന്റെ ദ്വാരപാലനമായിരിക്കണം ആ പാളയത്തിന്റെ ഉദ്ദേശ്യം.

പാളയത്തിലും പടക്കപ്പൽക്കരയിലും നില്ക്കുന്നവർക്കു നീണ്ടകരയഴിവരെയുള്ള ഭാഗങ്ങൾ ഒററനോട്ടത്തിൽ കാണുവാൻ കഴിയും. അതുകൊണ്ട്, കപ്പലുകൾ അഴി കടന്നു കായലിൽ പ്രവേശിച്ചാലുടനേ അവയുടെ ശത്രുമിത്രത്വം കണ്ടറിഞ്ഞ് ശത്രുവാണെങ്കിൽ പ്രതിരോധത്തിനു വേണ്ട കരുതലുകൾ കാലേക്കൂട്ടി ചെയ്യുവാൻ സാധിക്കുന്നു.

## ചാണ

പടക്കപ്പൽക്കരയുടെ കായലരികിൽ ഒരു ഭാഗത്തു് ഒരു തരം വിശേഷപ്പെട്ട കല്ലു കാണാം. 'ചാണ'യെന്നാണു് പേർ പറയാറുള്ളതു്. അതെന്തൊരു വസ്തുവാണെന്നു് ആർക്കും നിശ്ചയമില്ല. പ്രകൃതിയിലുള്ളതല്ലെന്നാണു് കണ്ടാൽ തോന്നുക. പടക്കപ്പൽക്കരയിൽതന്നെ മറ്റെങ്ങും അതു കാണുന്നുമില്ല. പടക്കപ്പലുകൾ കരയോടു ചേർത്തിടുവാൻ സൗകര്യപ്രദമാംവിധം അവിടെ ചെയ്തിരുന്ന എന്തോ പണിത്തരത്തിൻെറ അവശിഷ്ടങ്ങളാണു് ആ കല്ലുകളെന്നു് ഊഹിക്കാവുന്നതാണു്.

# ചെറുമൂട് അഭിവൃദ്ധിയിൽ

ചിറ കഴിപ്പിക്കാനും കപ്പൽച്ചാലുണ്ടാക്കുവാനും സാഹസപ്പെട്ടതു് പ്രധാനമായും ചെറുമൂടിന്റെ പരിവർത്തനത്തെ ലക്ഷ്യംവച്ചുകൊണ്ടാണല്ലോ, ആ ലക്ഷ്യത്തിനനുരൂപമായി ആ പ്രദേശം പെട്ടെന്നു് അഭിവൃദ്ധി പ്രാപിച്ചു് കല്ലടയോടൊപ്പമെത്തുകയോ കല്ലടയേക്കാൾ മെച്ചപ്പെടുകയോ ചെയ്തിട്ടുണ്ടാവണം,

ചെറുമൂട്ടിൽ അതിന്റെ ചിഹ്നങ്ങൾ വല്ലതും ശേഷിക്കുന്നുണ്ടോ? സാരമായിട്ടൊന്നുംതന്നെ ശേഷിക്കുന്നില്ല. എങ്കിലും സൂക്ഷിച്ചുനോക്കിയാൽ ചിലതു കാണുവാൻ കഴിയും.

## പാലം

അവിടെ കപ്പൽച്ചാലിന്റെ ലക്ഷ്യം 'പാലക്കടവു്'' എന്ന ഭാഗമാണു്. ആ കടവിന്റെ പേരൊന്നു ശ്രദ്ധിക്കുക. പാലക്കടവു് – പാലമുള്ള കടവു്. കപ്പലടിപ്പിക്കുന്ന സൗകര്യത്തിനായി അവിടെ കടൽപ്പാലംപോലെ ഒരു പാലം ഉണ്ടായിരുന്നുവെന്നു് ഊഹിക്കാം.

## 'തൊലയിൽ'

പാലക്കടവിനു് ഇന്നു് യതൊരു പ്രാധാന്യവുമില്ല' എങ്കിലും അവിടെനിന്നു് ഒരു വഴിയുണ്ടു് – വിശാലവും പുരാതനവുമായ ഒരു വഴി. ആ വഴിയുടെ ലക്ഷ്യം അധികം ദൂരെയല്ലാതെ തെക്കുമാറി സ്ഥിതിചെയ്യുന്ന തൊലയിൽ എന്ന സ്ഥലമാണു്. ഇന്നും ചെറുമൂടു് എന്നു കേട്ടാൽ

ആ തൊലയിൽ എന്ന സ്ഥലമാണ് ആദ്യം ബുദ്ധിയിലെത്തുക, കുണ്ടറെനിന്നു് ആ സ്ഥലത്തേക്കു് ഒന്നരമൈൽ ദൂരമേ ഉള്ളു. കോട്ടയത്തുകടവിലേക്കുള്ള റോഡുവഴി പോകണം.

ആ തൊലയിൽ എന്ന സ്ഥലമൊന്നു നിരീക്ഷണം ചെയ്യുക. സമനിരപ്പിൽ വിസ്തൃതമായ പ്രദേശം. ഒരു പ്രധാനവീഥിയും അതിൻെറ ശാഖോപശാഖകളായ മററനേകം വീഥികളും. എല്ലാം പുരാതനമാണ്. അവയുടെ വിശാലതയും വിന്യാസക്രമവും ഏററവും പരിഷ്കൃതമായ ഒരു നഗരകേന്ദ്രത്തിനു് ഇന്നും യോജിക്കുന്നതുതന്നെ. ഒരു കാലത്തു് അത്യുച്ചനിലയിൽ പ്രശോഭിച്ചിരുന്ന ആ നഗരകേന്ദ്രം പില്ക്കാലത്തു് തൊലഞ്ഞുപോയതാണെന്നു വിളിച്ചുപറഞ്ഞുകൊണ്ടു് 'തൊലയിൽ' എന്ന പേരും നിലകൊള്ളുന്നു.

## 'പെരുവേണാട്'

കൊല്ലംനഗരത്തിൻെറ പ്രാരംഭദശയിൽ അതിൻെറ സർവപ്രധാനമായ ഭാഗം കല്ലടയായിരുന്നല്ലോ. എന്നാൽ ചെറുമൂട്ടിൽ കാണുന്ന വീഥികൾ എന്താണു സൂചിപ്പിക്കുന്നതു്? മാത്രമല്ല, പുരാതന കൊല്ലംനഗരത്തിലെ പുതിയ നഗരപ്രദേശത്തിനു്14 'പെരുവേണാട്' എന്നൊരു പേരും കാണുന്നു. അങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള ഓലക്കരണങ്ങൾ ധാരാളമുണ്ടു്.15

പെരുവേണാട്! എന്താണു് ആ പേരിൻെറ അർത്ഥം? വേണാടിൻെറ പെരുമയുള്ള ഭാഗം! ആ ഭാഗമാണിപ്പോൾ പെരിനാട് എന്നറിയപ്പെടുന്നതു്. കാഞ്ഞരോട്ടുകായലിൻെറ തീരപ്രദേശങ്ങളിൽ കല്ലടയും മൺട്രോത്തുരുത്തും മാത്രമേ പെരിനാട്ടിൽ ഉൾപ്പെടാതെയുള്ളൂ. ഇതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ആ സ്ഥലങ്ങൾമാത്രം ഉൾപ്പെടാതിരിക്കുവാൻ കാരണമെന്തു്?

---

14. ചിറ കഴിപ്പിച്ചതിനെത്തുടന്നു് നഗരമായിത്തീന്ന പ്രദേശം.

15. ഒരു മാതൃക കാണുക:-

കൊല്ലം 1017-ാമാണ്ടു മീനമാസം 17ചെന്ന നാളെഴുതിയ ഓലക്കരണം ആവിതു. പെരുവേണാട്ടു തേചത്തു ചിറേറത്തുവട്ടത്തു ചെപ്പളമ്മേത്തു വീട്ടിൽ കടിയിരിക്കും ചങ്ങ്കരൻ കണ്ണൻ കയ്യാൽ 175 അടവരാചിപണവും കൊണ്ടാൻ ടി തേചത്തു കരിങ്ങാമ്പള്ളി വട്ടത്തു താഴക്കാട്ടു പടിഞ്ഞാറേറവീട്ടിൽ കടിയിരിക്കും ഈച്ചുവരൻ ആതി.

കാരണമിതാണ്. പെരിനാട്ട് എന്നതു് പെരുവേണാട്ട് എന്ന പ്രദേശമാണ്. പെരുവേണാട്ട് എന്ന പേരു്, പുരാതനകൊല്ലംനഗരത്തിലെ പുതിയ നഗരപ്രദേശത്തിനു പ്രത്യേകമുള്ളതുമാണ്. ചിറ കഴിപ്പിച്ചതിനെത്തുടന്ന് നഗരമായിത്തീന്ന പ്രദേശമാണ് പുതിയ നഗരപ്രദേശം. എന്നാൽ ചിറ കഴിപ്പിക്കുന്നതിനും പണ്ടേയുള്ളപണ്ടേ കല്ലട ണൽക്കണ്ടയെന്ന തുറമുഖവും വേണാടിന്റെ രാജധാനിയുമാണല്ലോ. മൺറോത്തുരുത്തും കല്ലടയുടെ ഭാഗമായിരുന്നു. അതുകൊണ്ടു് ആ സ്ഥലങ്ങൾ രണ്ടും പഴയ നഗര പ്രദേശത്തിൽപെട്ടവയാണ്. തന്മൂലം അവ പുതിയ നഗരപ്രദേശമായ പെരുവേണാട്ടിൽ ഉൾപ്പെടുന്നില്ല. അക്കാരണത്താൽതന്നെ പെരിനാട്ടിലും ഉൾപ്പെടുന്നില്ല.

പുരാതന കൊല്ലംനഗരത്തിലെ പ്രധാനകേന്ദ്രങ്ങൾ തുറമുഖകേന്ദ്രങ്ങളായ കല്ലടയും ചെറുമൂട്ടമാണെന്നു വ്യക്തമായിക്കഴിഞ്ഞു. അവയിൽ കല്ലട പഴയ നഗരപ്രദേശത്തിന്റെ പ്രധാനകേന്ദ്രവും, ചെറുമൂട്ട് പുതിയ നഗരപ്രദേശത്തിൻെറ പ്രധാനകേന്ദ്രവുമാണ്. ചിറ കഴിപ്പിക്കുന്നതിനു മുമ്പും, ചിറ കഴിപ്പിച്ചതിനുശേഷം ചെറുമൂട്ട് അഭിവൃദ്ധിയിൽ എത്തുന്നതുവരെയും വേണാടിന്റെ പെരുമയുള്ള ഭാഗം പഴയ നഗരപ്രദേശമായിരുന്നു. എന്നാൽ ചെറുമൂട്ട് അഭിവൃദ്ധിപ്പെട്ടതോടുകൂടി ആ നില മാറിപ്പോയി. വേണാടിന്റെ പെരുമയുള്ള ഭാഗമെന്നുള്ള പ്രശസ്തി പുതിയ നഗരപ്രദേശത്തിനു ലഭിച്ചു. ഈ ചരിത്രവസ്തുതയാണ് പെരുവേണാട്ട് എന്ന പേരിൽ നിഗൂഢമായിരിക്കുന്നതു്. ഇങ്ങനെ പെരുവേണാട്ട് എന്ന ബിരുദം പുതിയ നഗരപ്രദേശത്തിനു ലഭിച്ചതു് അതിൻെറ പ്രധാനകേന്ദ്രമായ ചെറുമൂട്ട് പഴയ നഗരപ്രദേശത്തിൻെറ പ്രധാനകേന്ദ്രമായ കല്ലടയേക്കാൾ മെച്ചപ്പെട്ടതുകൊണ്ടാണെന്ന് ഇനി വിശേഷിച്ചു പറയേണ്ടതില്ല.

## രാജധാനിയായ ചെറുമൂട്

ഒരു രാജ്യത്തിൻെറ രാജധാനി ആ രാജ്യത്തിൻെറ പെരുമയുള്ള ഭാഗത്തായിരിക്കുകയാണെല്ലോ സ്വാഭാവികം. വേണാടിൻെറ പെരുമയുള്ള ഭാഗം പഴയ നഗരപ്രദേശമായിരുന്ന കാലത്തോളം ആ പ്രദേശത്തിൻെറ പ്രധാന കേന്ദ്രമായ കല്ലടയായിരുന്നു രാജധാനി. അതനുസരിച്ച് പെരുവേണാട് എന്ന ബിരുദം പുതിയ നഗരപ്രദേശത്തിനു ലഭിച്ചതോടുകൂടി രാജധാനി ആ പ്രദേശത്തിന്റെ പ്രധാന കേന്ദ്രമായ ചെറുമൂട്ടിലേയ്ക്കു മാറിയിട്ടുണ്ടാവണം. അങ്ങനെ മാറിയിട്ടുള്ളതിന്റെ ചിഹ്നങ്ങൾ എന്തൊക്കെയാണ്?

### മെയിൻറോഡ്

ചെറുമൂട്ടിൽ കാണുന്ന പ്രധാനവീഥിയൊന്നു നോക്കുക അതിപ്പോൾ കോട്ടയത്തുകടവു—കുണ്ടറ റോഡിന്റെ ഭാഗമാണ്. കോട്ടയത്തുകടവിൽനിന്നു സാധാരണവീതിയിൽ വരുന്ന റോഡിനു് ചെറുമൂട്ടിലെത്തുമ്പോൾ ഇങ്ങനെ വിസ്മയാവഹമായ വിശാലതയെന്തിനു്? അതു് പുരാതന കൊല്ലംരാജധാനിയിലെ മെയിൻറോഡിൻെറ വിശാലതയായിരിക്കണം.

### മൂന്നായി പിരിയുന്ന പെരുവഴി

കരീപ്പള്ളി എന്ന സ്ഥലത്തുനിന്നു് കൊട്ടിയം—കുണ്ടറ റോഡിന്റെ ശാഖയെന്നോണം ഒരു പെരുവഴി—അതും വിശാലമാണ്—അതാ ചെറുമൂട്ടിലേക്കുതന്നെ വരുന്നു. ചെറുമൂട്ടിനടുത്തുള്ള കേരളപുരത്തെത്തുമ്പോൾ ആ പെരുവഴി മൂന്നായി പിരിഞ്ഞു് ചെറുമൂടിന്റെ മൂന്നു ഭാഗങ്ങളിൽക്കൂടി

തൊലയിൽ എന്ന സ്ഥലത്തിന്ന പടിഞ്ഞാറുവശമുള്ള ഒരു ഉപദ്വീപിൽ ചെന്നുചേരുകയാണ്. ആ ഉപദ്വീപും ചെറുമൂടിന്റെ ഭാഗംതന്നെ. എന്നാലും 'വെള്ളിമേൽ' എന്നൊരു പ്രത്യേകപേരിലാണ് അറിയപ്പെടുന്നതു്. തൊലയിൽ എന്ന സ്ഥലത്തിൻെറ വാണിജ്യപ്രാധാന്യമൊന്നും ആ ഉപദ്വീപിലേക്ക് വ്യാപിച്ചിരുന്നതായി തോന്നുന്നില്ല. എന്നിട്ടും പെരുവഴി ഉപദ്വീപിനെ ലക്ഷ്യമാക്കുന്നതു് രാജധാനിയെന്ന നിലയിൽ ആ ഉപദ്വീപിനു് എന്തൊ പ്രാധാന്യമുള്ളതുകൊണ്ടായിരിക്കണം.

## മന്ത്രി

ഇനിയും നോക്കുക. തൊലഞ്ഞുപോയ കേന്ദ്രത്തിന്ന തെക്കുകിഴക്കു് ഏററവും സമീപത്തുതന്നെ അതാ മന്ത്രിയുടെ മന്ദിരം കാണുന്നു— "മന്ത്രിയിൽ' എന്ന ഭവനം! ചെറുമൂട്ടിലെ 'മന്ത്രിയിൽ' പുരാതനവും ഐതിഹ്യപ്രശസ്തവുമായ മാടമ്പിത്തറവാടാണ്.

മന്ത്രിമന്ദിരമുള്ളപ്പോൾ രാജഭവനവും കാണേണ്ടതാണ്. പക്ഷേ സമീപത്തെങ്ങും അതു കാണുന്നില്ല. തിക്കും തിരക്കുമേറിയ നഗരകേന്ദ്രമല്ലല്ലോ രാജഭവനത്തിന്ന പററിയ സ്ഥാനം, അതുകൊണ്ടു് അല്പം ദൂരെ നോക്കണം.

## കളരിവീരന്മാർ

തൊലയിൽ എന്ന സ്ഥലത്തിനു് അല്പം പടിഞ്ഞാറു മാറി അതാ മറെറാരു കാഴ്ചം കാണുന്നു—ഒരു കളരി! ഇങ്ങനെയുമുണ്ടോ ഒരു കളരി? 'ചെറുമൂട്ടിൽക്കളരി' സുപ്രസിദ്ധമാണ്. എന്തൊരുവലുപ്പം! എന്തൊരു ഗാംഭീര്യം! ശില്പങ്ങളും കാണേണ്ടതുതന്നെ. കളരിയുടമസ്ഥന്മാർ പാരമ്പര്യമുള്ള ചെറുമൂട്ടിലാശാന്മാരുമാണ്.

കളരിക്കു കുറെ വടക്കുമാറി ആയുധാഭ്യാസസ്ഥലമെന്നു തോന്നുമാറ് അല്പം താണ സമനിരപ്പിൽകിടക്കുന്ന ഒരു സ്ഥലവുമുണ്ട്. തൊലയിൽ എന്ന സ്ഥലത്തിനു പടിഞ്ഞാറ് വെള്ളിമേൽ എന്നൊരു ഉപദ്വീപുണ്ടെന്നു പറഞ്ഞുവല്ലോ. ആ ഉപദ്വീപിന്റെ കിഴക്കേ അതിർത്തിയിലാണ് കളരിയും ആയുധാഭ്യാസസ്ഥലവും സ്ഥിതിചെയ്യുന്നതു്. ഉപദ്വീപിലേയ്ക്കു കരമാർഗ്ഗമായി പ്രവേശിക്കണമെങ്കിൽ കളരിയും ആയുധാഭ്യാസസ്ഥലവും തരണംചെയ്യാതെ തരമില്ല. എന്താണിതിന്റെ അർത്ഥം? ഉപദ്വീപിന്റെ പ്രവേശനദ്വാരം കളരിവീരന്മാരാൽ ഭദ്രമായി സംരക്ഷിക്കപ്പെട്ടിരുന്നു. അതിനു തക്കവണ്ണം ആ ഉപദ്വീപിനുണ്ടായിരുന്ന പ്രധാന്യമെന്തു്? ആ ചോദ്യം നില്ക്കട്ടെ.

## കപ്പൽപ്പടയും പടക്കപ്പലും

ഇതുപോലൊരു സംരക്ഷണവ്യവസ്ഥ ഉപദ്വീപിന്റെ പടിഞ്ഞാറേ അററത്തും കാണാം. കിഴക്കുപടിഞ്ഞാറ് ഒരു മുക്കാൽ മൈൽ നീളം വരും ഉപദ്വീപിനു്. അതിന്റെ പടിഞ്ഞാറേ അററത്തു് ഒരു ക്ഷേത്രമുണ്ട്. ആ ക്ഷേത്രത്തിൽ നിന്നുകൊണ്ട് നേരേ വടക്കോട്ടു മറുകരയിൽ നോക്കുക. മറുകര അധികം ദൂരെയല്ല. എന്താണവിടെ കാണുന്നതു്? കപ്പൽപ്പടയും പടക്കപ്പലും! അതാണു പടക്കപ്പൽക്കര, പടക്കപ്പലുകൾ ചാണക്കടവിൽതന്നെ.

## രാജാവു്

ഇങ്ങനെ ഉപദ്വീപിലേക്കു കരമാർഗ്ഗമായുള്ള പ്രവേശനം കളരിവീരന്മാരെക്കൊണ്ടും ജലമാർഗ്ഗമായുള്ള പ്രവേശനം കപ്പൽപ്പടയെക്കൊണ്ടും ശക്തമായി നിരോധിക്കപ്പെ

ട്ടിരിക്കുന്നു. എന്താണതിനു കാരണം? കാരണം മറ്റൊന്നുമല്ല-- രാജാവു് താമസിക്കുന്നതു് ആ ഉപദ്വീപിലാണു്.

## കൊട്ടാരം

രാജാവു് താമസിക്കുന്ന കൊട്ടാരമെവിടെ? അതറിയണമെങ്കിൽ ഉപദ്വീപിന്റെ പടിഞ്ഞാറേ അറ്റത്തു കാണുന്ന ക്ഷേത്രത്തെപ്പറ്റി അന്വേഷിക്കുക. ക്ഷേത്രം നില്ക്കുന്നതു കൊട്ടാരവളപ്പിലാണു്. കൊട്ടാരമെന്ന പേർതന്നെ ഇന്നും നിലനില്ക്കുന്നു. ഗണപതിക്ഷേത്രമാണു്.

ഒരു അമ്പതുകൊല്ലം മുമ്പു് ക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണമാരംഭിച്ചു. അപ്പോഴാണു് കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ നിശ്ശേഷം ഇല്ലാതായതു്, ഗണപതി കൊട്ടാരത്തിൽ തന്നെ ആയിരിക്കണം പ്രതിഷ്ഠിക്കപ്പെട്ടിരുന്നതു്.

## പടിഞ്ഞാറേ വെള്ളിമേൽ

'കൊട്ടാരം' സ്ഥിതിചെയ്യുന്നതു് വെള്ളിമേൽ എന്ന ഉപദ്വീപിന്റെ പടിഞ്ഞാറേ അറ്റത്താണല്ലോ. ആ പടിഞ്ഞാറു ഭാഗത്തിനു്, പടിഞ്ഞാറേ വെള്ളിമേൽ എന്നാണു് പേരു്. പുരാതനകൊല്ലംനഗരത്തിൽ സംഗ്രാമധീരരവിവർമ്മയും ജയസിംഹനുമൊക്കെ താമസിച്ചിരുന്ന ആ പടിഞ്ഞാറേ വെള്ളിമേൽ എന്ന സ്ഥലം ഓർമ്മയിൽനിന്നു വിട്ടുപോകാതിരിക്കട്ടെ. അതിന്റെ പണ്ടത്തെ പേരു മറ്റൊന്നാണു്. അതു വഴിയേ വെളിപ്പെട്ടുകൊള്ളും.

## പനങ്കാവിൽകോയിൽ

പനങ്കാവിൽകോയിലിനെപ്പറ്റി ഈ പ്രകരണത്തിന്റെ പ്രാരംഭത്തിൽ പറഞ്ഞിട്ടുണ്ടു്. പനങ്കാവിനെ പനു

ങ്ങാവനമെന്നാണു സന്ദേശത്തിൽ പറയുന്നതു്. അതിൽനിന്നു മനസ്സിലാക്കാം, പനങ്കാവു് എന്ന പേരു് സന്ദേശകാലമായപ്പോഴേക്കും പനങ്ങാവു് എന്ന് മാറിപ്പോയിട്ടുണ്ടെന്നു്.

ആ കോയിലിനെപ്പററി കാണുന്ന ആദ്യത്തെ രേഖ 149-ലെ മാമ്പള്ളിശാസനമാണു്. അക്കാലത്തു കൊല്ലം നഗരത്തിൻെറ പ്രധാനഭാഗം പെരുവേണാടു് ആണെന്നു് കണ്ടുകഴിഞ്ഞു. ആ നിലയ്ക്കു് പനങ്ങാവു് എന്ന സ്ഥലം പെരുവേണാട്ടിൽ ഇപ്പോൾ പയിങ്ങാവു് എന്നറിയപ്പെടുന്ന സ്ഥലമാണെന്നും, പനങ്കാവിൽകോയിൽ അവിടെയുള്ള കാളീക്ഷേത്രമാണെന്നും മനസ്സിലാക്കുവാൻ പ്രയാസമില്ല. പെരുവേണാടിൻെറ തെക്കുവടക്കുള്ള വ്യാപ്തിയിൽ ഏകദേശം മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ആണ്ടാലുംമൂട്ടു ചന്തയ്ക്കു സമീപമാണു് ആ പനങ്കാവു്. പനങ്കാവു് എന്ന പേരിനടിസ്ഥാനം പിണർമരമാകുന്നു, സമീപപ്രദേശങ്ങളിലെങ്ങുമില്ലാത്ത പിണർമരം അവിടെ സുലഭമാണു്. പിണർ + കാവു് = പിണങ്കാവു്; 'പിണന്പുളി' പോലെ. പിണങ്കാവു് എന്ന പേരു് പനങ്കാവു് എന്നു മാറിവരും.

## പ്രത്യവലോകനം

ഇപ്പോൾ, പുരാതനകൊല്ലംനഗരത്തിൻെറ ഒരു സാമാന്യരൂപം കണ്ടുകഴിഞ്ഞു. അതാകെക്കൂടി ഒന്നു പ്രത്യവലോകനംചെയ്തു വിലയിരുത്തുവാൻ സ്ഥലപരിചയമില്ലാത്തവക്കു് ഒരുപക്ഷേ സാധിച്ചില്ലെന്നു വരാം. എന്നാലും സമുദ്രത്തിൽനിന്നു ഏഴെട്ടുമൈൽ അകലെ സ്ഥിതിചെയ്യുന്ന കാഞ്ഞിരോട്ടുകായലിൻെറ അന്യാദൃശമായ നൌകാശയസൗകര്യവും ആ കായലിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള നഗരസ്ഥിതിയും വച്ചുകൊണ്ടു് അന്നത്തെ കൊല്ലംനഗരം എന്തായിരുന്നുവെന്നു് സാമാന്യം സങ്കല്പിക്കാവുന്നതേയുള്ളൂ.

നഗരത്തിൻെറ പ്രധാനഭാഗമായിരുന്ന പെരുവേണാ,ടിൻെറ തെക്കോട്ടുള്ള വ്യാപ്തി ആധുനികകൊല്ലംനഗരത്തിൻെറ വടക്കേ അതിർത്തിവരെ ഉണ്ടു്. തേവലക്കരയും പ്പെടെ കല്ലടയുടെ വടക്കേ അററം മുതൽ പെരിനാടിൻെറ തെക്കേ അററംവരെ വ്യാപിച്ചിരുന്ന ആ മഹാനഗരത്തിൻെറ വൈപുല്യമൊന്നു സങ്കല്പിച്ചുനോക്കുക. ആ വൈപുല്യമാണു്, 'ഇൻഡ്യയിലെ ഒരു വമ്പിച്ച മഹാനഗര'മെന്നു് കൊല്ലംനഗരത്തെപ്പററി അൽകസ്വിനി രേഖപ്പെടുത്തിയിരിക്കുന്നതിനു് അടിസ്ഥാനം.[16]

## രാജധാനി മാറിയ കാലം

കല്ലടെനിന്നു ചെറുമുട്ടിലേക്കു രാജധാനി മാറിയ കാലം കൊല്ലവർഷം 200-ാമാണ്ടിടയ്ക്കായിരിക്കണം. കേരളത്തിൽ ക്രൂടെക്കൂടെ ചോളന്മാരുടെ ആക്രമണമുണ്ടായിക്കൊണ്ടിരുന്ന കാലമാണതു്. ആ ചോളാക്രമണങ്ങളെ **നേരിടുന്നതിനു**ണ്ടായ കരുതൽനടപടികളിലൊന്നാണു് കേരളത്തിലെ കളരിസമ്പ്രദായമെന്നു് ശ്രീ ഇളംകുളം അഭിപ്രായപ്പെടുന്നു[17] അതനുസരിച്ചു്, ചെറുമുട്ടിൽക്കളരിയുണ്ടായതും അക്കാലത്താവാൻ ന്യായമുണ്ടു്. ചോളന്മാരുടെ നാവികസേനയ്ക്കെതിരായും കരുതൽനടപടികൾ ആവശ്യമായിരുന്നു. അതുകൊണ്ടു് പടക്കപ്പൽക്കരയുടെ സ്ഥാപനവും അക്കാലത്തിനു യോജിക്കുന്നു.

---

16 "In 1263—75 Al Kazwini, the Mahomedan Geographer, compiled his account of India from the works of others, and among other places he mentions 'Kulam' (Quilon), a large city in India". (K. P, Padmanabha Menon, History of Kerala, Page 276)

17. 'കേരളച്ചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ' പുറം, 124.

നാഗരരക്ഷയ്ക്കു് ഏർപ്പെടുത്തിയ ഈ സൈനികസ്ഥാപനങ്ങൾ രണ്ടും രാജാവിന്റെ രക്ഷയ്ക്കുംകൂടി പ്രയോജനപ്പെടുമാറു് രാജാവിന്റെ താമസം ആ 200-ാമാണ്ടിടയ്ക്കുതന്നെ ആയിരിക്കണം കല്ലടെനിന്നു് പടിഞ്ഞാറേ വെള്ളിമേൽ എന്ന സ്ഥലത്തേക്കു മാററിയതു്,

# ആധുനികകൊല്ലംനഗരത്തിൻെറ ഉത്ഭവം

പെരുവേണാട്ട് അത്യുച്ചനിലയിലിരുന്ന കാലത്ത് ആധുനികകൊല്ലംനഗരത്തിന്റെ സ്ഥിതി എന്തായിരുന്നു? അന്ന് ആ പ്രദേശത്തിനു യാതൊരുവിധമായ നഗരപ്രാധാന്യവുമുണ്ടാവാൻ ന്യായമില്ല. അങ്ങുമിങ്ങും ചില പുരാതന ക്ഷേത്രങ്ങളും കാവുകളും കാണുന്നതുകൊണ്ട് സാമാന്യം ജനവാസമുണ്ടായിരുന്നുവെന്ന് ഊഹിക്കാം. കൊല്ലംകടൽത്തീരത്ത് കപ്പലടുക്കുവാൻ തുടങ്ങിയ കാലത്താണ് ആ പ്രദേശം നഗരമാവാൻ തുടങ്ങിയത്.

അവിടെ കപ്പലടുപ്പിക്കുവാൻ സംഗതിയായത് തുറമുഖത്തു കപ്പലടുക്കുവാൻ എന്തോ തടസ്സം നേരിട്ടതുകൊണ്ടായിരിക്കണം. ആ തടസ്സമെന്താണെന്നറിയുവാൻ വിഷമമില്ല. ഉണ്ണുനീലിസന്ദേശത്തിൽ പുതിയ പൊഴിയെപ്പററി പറയുന്നുണ്ട്. ആ പൊഴിമൂലം കപ്പലുകൾക്കു തുറമുഖത്തെത്തുവാൻ മാർഗ്ഗതടസ്സമുണ്ടായപ്പോഴാണ് കൊല്ലംകടൽത്തീരത്തു കപ്പലടുക്കുവാൻ തുടങ്ങിയത്.

## കോഴിക്കോടിന്റെ ഉയർച്ച

കൊല്ലംതുറമുഖത്തിനു നേരിട്ട ഈ ദുർദ്ദശ കോഴിക്കോടിന് ഉയരാൻ അവസരം നൽകി. കൊല്ലത്തെ വാണിജ്യത്തിനും ഉലവു തട്ടുകയും ക്രമേണ കൊല്ലവും കോഴിക്കോടും വാണിജ്യവിഷയത്തിൽ തുല്യനിലയിലെത്തുകയും ചെയ്തു. കൊല്ലത്തെ വാണിജ്യം പിന്നെയും ക്ഷയിച്ചുകൊണ്ടിരുന്നതിനാൽ കോഴിക്കോട്ട് ഉപരിനിലയിലായി. പോർട്ടുഗീസുകാർ വരുമ്പോൾ കേരളത്തിലെ ഏററവും പ്രധാനപ്പെട്ട വാണിജ്യകേന്ദ്രം കോഴിക്കോടാണ്. ആ പ്രശസ്തി കൊല്ലം തുറമുഖത്തിനു നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു.

## ആധുനികകൊല്ലംനഗരത്തിന്റെ

## ചരിത്രാരംഭകാലം

ആധുനികകൊല്ലംനഗരത്തിന്റെ ചരിത്രമാരംഭിക്കുന്നതു് കൊല്ലംകടൽത്തീരത്തു കപ്പലടുക്കാൻ തുടങ്ങിയ കാലത്താണല്ലോ, ആ കാലവും പൊഴിയുണ്ടായ കാലവും കൊല്ലത്തു വാണിജ്യാധഃപതനം തുടങ്ങിയ കാലവും എല്ലാം ഒന്നുതന്നെ. അതുകൊണ്ടു് അധുനികകൊല്ലംനഗരത്തിന്റെ ചരിത്രാരംഭകാലമറിയുന്നതിനു് പൊഴിയുണ്ടായ കാലമോ, വാണിജ്യാധഃപതനം തുടങ്ങിയ കാലമോ അറിഞ്ഞാൽമതി.

പൊഴിയുണ്ടായ കാലം നോക്കാം. പൊഴിയെപ്പററി 'പുതിയപൊഴി'യെന്നാണ ഉണ്ണുനീലിസന്ദേശത്തിൽ പറയുന്നതു്. അതുകൊണ്ടു്, സന്ദേശകാലത്തിനധികംമുമ്പല്ല പൊഴിയുണ്ടായതെന്നു വിചാരിക്കാം. സന്ദേശകാലം കൊ.വ. 516 ആണെന്നു കാണുകയും ചെയ്യും.

വാണിജ്യാധഃപതനം തുടങ്ങിയ കാലവും നോക്കാം. 499-ൽ അരിനല്ലൂർപ്പള്ളി സ്ഥാപിച്ച ജോർഡാനസിൻെറ കാലംവരെ കൊല്ലത്തെ വാണിജ്യത്തിനു് എന്തെങ്കിലും ക്ഷീണം പററിയതായി എങ്ങും സൂചനയില്ല, ജോർഡാനസ്സും കൊല്ലത്തെ വാണിജ്യത്തെ പ്രശംസിക്കുന്നതേയുള്ളു.[18]

---

18. "The trade of Quilon according to Jordanus was extensive and consisted chiefly of pepper, cinnamon, ginger and brazil wood." (K. P. Padmanabha Menon, History of Kerala, Page 283)

നേരേമറിച്ച് 517-ൽ ഇബ്ൻബത്തൂത്ത വരുമ്പോൾ സ്ഥിതി വളരെ വ്യത്യസ്തമാണ്. കൊല്ലത്തെ വാണിജ്യം ക്രമേണ ക്ഷയിച്ചുകൊണ്ടിരിക്കുന്നു. കോഴിക്കോട് വാണിജ്യവിഷയത്തിൽ കൊല്ലത്തോടു മത്സരിക്കത്തക്ക നിലയിലെത്തിയിട്ടുമുണ്ട്.[19]

ഇങ്ങനെ ജോർഡാനസിനേയും ബത്തൂത്തയേയും അവലംബിച്ച്, വാണിജ്യാധഃപതനം തുടങ്ങിയ കാലം 499-നും 517-നും ഇടയ്ക്കാണെന്ന് തീർച്ചപ്പെടുത്താം. ആധുനിക കൊല്ലംനഗരത്തിന്റെ ചരിത്രാരംഭകാലമാണ് ഇതുകൊണ്ടു നിർണ്ണയിക്കപ്പെട്ടത്.

---

19. "Though the trade of Quilon was gradually on the decline, it was still important."

"We learn from Ibn Batuta that even in his time Calicut had become a strong competitor with Quilon for comercial supremacy." (K. P. Padmanabha Menon, History of Kerala, Pages 285, 286)

# മഹാനഗരത്തിന്റെ തിരോധാനം

പൊഴിയുണ്ടായതു് കൊല്ലംതുറമുഖത്തിനു് എന്നെന്നേക്കുമായി പററിയ ഹാനിയാണെന്നുള്ളതിൽ സന്ദേഹമില്ല. പക്ഷേ, ഡച്ചുകാരുടെ കാലംവരെയുള്ള കുറിപ്പുകളിൽ കൊല്ലത്തെ നൗകാശയത്തെപ്പററിയും നഗരവൈപുല്യത്തെപ്പററിയുമുള്ള പ്രശംസകൾ പിന്നെയും കാണുന്നു.[20] ഈ വൈരുദ്ധ്യത്തിനു സമാധാനമെന്തു് ?സമാധാനം ഇതാണു്:—

പൊഴിയുണ്ടായെങ്കിലും ആ പൊഴിമൂലം അഴി നിശ്ശേഷം അടഞ്ഞുപോയില്ല. കുറേഭാഗം ഇപ്പോൾ കാണുന്നതുപോലെ തുറന്നുതന്നെ കിടന്നിരുന്നു. ആ മാർഗ്ഗത്തിൽകൂടി വലിയ കപ്പലുകൾക്കു പോകുവാൻ പ്രയാസമായതുകൊണ്ടു് വലിയ കപ്പലുകൾ കൊല്ലംകടൽത്തീരത്തടുക്കുകയും ചെറിയ കപ്പലുകൾ പതിവുപോലെ കാഞ്ഞിരോട്ടുകായലിലേക്കുതന്നെ പോവുകയും ചെയ്തിരുന്നു. ഈ സ്ഥിതി

---

20. 'Quilon continued to be an important place till the beginning of the 16th century when Varthema speaks of it as 'a fine port' and Barbosa as 'a very great city with a very good haven.' K. P. Padmanabha Menon History of Kerala, P. 287)

"At the time when Alfonso D-Alboquerque arrived at Coulao (Quilon) it was a very large city. And as it was a port sheltered from the wind on every side the ships which go to India, as well as those which passed the island of Ceilao (Ceylon) and Chale (Kayal?) made their entreport there." (Nagam Aiya, State Manual I, Page 284)

ഡച്ചുകാരുടെ കാലത്തും തുടന്നിരുന്നുവെന്നു് 837-ൽ ഡച്ചു കമ്പനിയുടെ ചീഫ് ഡയറക്ടറായി വന്ന ന്യൂഹാഫിൻെറ രേഖയിൽനിന്നു മനസ്സിലാക്കാം.[21]

ഇങ്ങനെ, കൊല്ലത്തെ നൗകാശയമെന്നുള്ള പദവി ഡച്ചുകാരുടെ കാലത്തും കാഞ്ഞരോട്ടുകായലിനുതന്നെ ആയിരുന്നതിനാൽ അതിൻെറ പരിസരപ്രദേശങ്ങളുടെ നഗരപ്രാധാന്യം അന്നും നിലനിന്നിരുന്നു. 839-ൽ കൊല്ലം റാണിയും ഡച്ചുകാരും തമ്മിൽ ഉടമ്പടി നടക്കുന്നതു കല്ലടെ വച്ചാണു്. അന്നു് അവിടെയായിരുന്നു റാണിയുടെ താമസം. റാണിയുടെ പരിസേവനത്തിനായി അന്നവിടെ 700-ലധികം ഭടന്മാരുണ്ടായിരുന്നുവെന്നാണു് ന്യൂഹാഫ് രേഖപ്പെടുത്തിയിരിക്കുന്നതു്- അത്ര വമ്പിച്ച സന്നാഹങ്ങളോടുകൂടി റാണി കൊല്ലംനഗരം വിട്ടു് 10 മൈൽ അകലെയുള്ള നാട്ടുമ്പുറത്തുപോയി താമസിച്ചിരുന്നുവെന്നല്ല അതിൽനിന്നു മനസ്സിലാക്കേണ്ടതു്. കല്ലട അന്നും കൊല്ലംനഗരത്തിൻെറ ഭാഗമായിരുന്നു.

ഡച്ചുകാരുടെ കാലം കഴിഞ്ഞപ്പോൾ ചെറുതരം കപ്പലുകൾ വരുന്ന പതിവു് ക്രമേണ കുറയുകയും ഒടുവിൽ നിശ്ശേഷം നിലയ്ക്കുകയും ചെയ്തു. അതോടുകൂടി കാഞ്ഞരോട്ടുകായലിൻെറ നൗകാശയത്വം നിശ്ശേഷം നഷ്ടപ്പെടുകയും പരിസരപ്രദേശങ്ങളായ ചെറുമൂടും കല്ലടയും മററും നഗരപ്രാധാന്യം വിട്ടു് കേവലം നാട്ടുമ്പുറങ്ങളായി മാറുകയും

21. "The harbour is very convenient for small vessels, but not for great ones, because the south wind blows directly upon the shore and forces the waves with great violence thither." (K. P. Padmanabha Menon, History of Kerala, Page 287)

ചെയ്തു. ഈ വിധത്തിൽ, അതിവിപുലമായിരുന്ന കൊല്ലം നഗരം ആധുനികകൊല്ലംനഗരത്തിന്റെ പരിധികൾക്കുള്ളിൽ ഒതുങ്ങിപ്പോയി.

പെരുവേണാട്ടിന്റേയും കല്ലടയുടേയും മററും നഗര പ്രാധാന്യം കാലക്രമത്തിൽ വിസ്മരിക്കപ്പെട്ടു. കൊല്ലംനഗര മെന്നു പറയുന്നതു് എക്കാലത്തും ഇന്നു കാണുന്നതുപോലെ കടൽത്തീരത്താണെന്നുള്ള ധാരണയിൽ പണ്ഡിതന്മാർ ഗവേ ഷണവുമാരംഭിച്ചു. കൊല്ലംനഗരത്തിൽ പണ്ടുണ്ടായിരുന്ന സ്ഥലങ്ങളും സ്ഥാപനങ്ങളുമൊക്കെ എവിടെപ്പോയി എന്ന ചോദ്യത്തിനു്, എല്ലാം കടലുകേറിപ്പോയി എന്നൊരു സമാധാനവും കണ്ടുപിടിച്ചു.

## മൂന്നു ഘട്ടങ്ങൾ

ഇതുവരെ പറഞ്ഞതു് ഒന്നു പ്രത്യവലോകനം ചെയ്യുന്ന പക്ഷം കൊല്ലംനഗരത്തിന്റെ ചരിത്രത്തിൽ വ്യക്തമായ മൂന്നു കാലഘട്ടങ്ങൾ കാണാം.

കൊല്ലവർഷാരംഭം മുതൽ പൊഴിയുടെ കാലംവരെ ഒന്നാംഘട്ടം. പൊഴിയുടെ കാലംമുതൽ ഡച്ചുകാരുടെ കാലം വരെ രണ്ടാംഘട്ടം. ഡച്ചുകാരുടെ കാലംമുതൽ മൂന്നാംഘട്ടം. ഓരോ ഘട്ടത്തിലുമുള്ള കൊല്ലംനഗരത്തിനു് യഥാക്രമം, പുരാതനകൊല്ലം, മദ്ധ്യകാലകൊല്ലം, ആധുനികകൊല്ലം എന്നു പേരുമിടാം.

പുരാതനകൊല്ലമാണു് ഏററവും പ്രശസ്തം. ക്ഷയിച്ചു കൊണ്ടിരുന്ന പുരാതനകൊല്ലവും അഭിവൃദ്ധിപ്പെട്ടുകൊണ്ടി രുന്ന ആധുനികകൊല്ലവും ചേർന്നതാണു് മദ്ധ്യകാലകൊല്ലം. അതാണു് ഏററവും വിപുലം. അതിന്റെ വ്യാപ്തി—കല്ലട യുടെ വടക്കേ അററം മുതൽ തെക്കു കടൽത്തീരംവരെ.

# ഉണ്ണുനീലിസന്ദേശത്തിൽ

ഇനി ഉണ്ണുനീലിസന്ദേശത്തെ അവലംബിച്ച് അന്നത്തെ കൊല്ലംനഗരത്തെപ്പററി എന്തെല്ലാം മനസ്സിലാക്കാമെന്നു നോക്കാം. ആ മാൎഗ്ഗവൎണ്ണന ഇങ്ങനെ സംഗ്രഹിക്കാം:-

സന്ദേശവാഹകൻ വക്കലക്കൂടി യാത്ര തുടൎന്നാൽ, ഭദ്രകാളിയെ തൊഴുതു പുഴയും കടന്നു കൊല്ലത്തെത്തണം. അവിടെ 'വെള്ളർ വിളങ്ങും നാണി' എന്ന സുന്ദരിയെ 'വഴിയിലുടനേ വന്നു' നില്ക്കുന്ന വിധത്തിൽ കാണാം. ആദ്യമായി 'മൂരിത്തിട്ടയ്ക്കഴകുപൊഴിയു'ന്ന ഗണപതിഭഗവാനെ കുമ്പിടണം. പിന്നെ നേരെ പനങ്ങാവിലെത്തി കുലദേവതയായ ഭദ്രകാളിയെ കൈതൊഴണം. അപ്പോൾതന്നെ പുറപ്പെട്ട് ആതിച്ചപുരത്തപ്പനേയും കൈവണങ്ങി യാത്ര തുടരുമ്പോൾ ഭട്ടബ്രാഹ്മണർ ചുററുംവന്നു വന്ദിച്ചുപോകും. പിന്നീട് ജ്യേഷ്ഠനായ ഇരവിവൎമ്മനെക്കണ്ടു കൈകൂപ്പണം. നായകവൃത്താന്തമെല്ലാം മാമ്പള്ളിമുഖേന ജ്യേഷ്ഠനെ അറിയിക്കുമ്പോൾ ഉടനേ യാത്ര തുടൎന്നുകൊള്ളുവാൻ അദ്ദേഹം പ്രേരിപ്പിക്കും. മുച്ചന്തിക്കൽകമ്പോളമാണ് അടുത്ത സ്ഥലം. അവിടെ കുറേനേരം കണ്ടും കേട്ടും മതിയാകുമ്പോൾ പിന്നെയും യാത്രതുടൎന്ന് സന്ധ്യയ്ക്കു കരിപ്പുക്കുളത്ത് എത്തണം. അന്തിത്തേവാരവും അത്താഴമമൃതേത്തും കഴിഞ്ഞ് അന്നവിടെ വിശ്രമിക്കാം. 'ഒട്ടരാവേ വന്ദിശ്രേണീമധുരവചനം' കേട്ട് എഴുന്നേല്ക്കണം. കുളി, തേവാരം, ബ്രാഹ്മണദാനം, മഹാഭാരതശ്രവണം എന്നിവയ്ക്കുശേഷം 'ഓടികൊണ്ടങ്ങഴകിലെഴുന്ന'ള്ളുകയും വേണം. അനന്തരം പാൎശ്വഭാഗത്തു കാണപ്പെടുന്ന പുതിയ പൊഴിയും പൂക്കൈതയും കടന്ന് പന്മനത്തമ്പിരാനെയും വണങ്ങി യാത്ര തുടരാം.

ഈ വർണ്ണനയിൽ ഇരവിവർമ്മനെ കാണുന്നതു് ഭട്ടബ്രാഹ്മണരുടെ സങ്കേതത്തിനു സമീപംവെച്ചാണെന്നു വ്യക്തമാണു്. ഭട്ടബ്രാഹ്മണരുടെ സങ്കേതം ആധുനികകൊല്ലത്തുള്ള പട്ടത്താനമാണെന്നു് ആ പേരുകൊണ്ടു നിശ്ചയിക്കാം. പട്ടത്താനത്തിനു സമീപം ഇരവിപുരത്തു് 'തലൈവേണാട്ടുകോയിൽ' എന്നൊരു കൊട്ടാരമുണ്ടായിരുന്നതിന്റെ ലക്ഷ്യങ്ങൾ ശ്രീ ഇളംകുളം വിവരിച്ചിട്ടുണ്ടു്. ആ കൊട്ടാരത്തിലായിരിക്കണം സന്ദേശകാലത്തു് ഇരവിവർമ്മൻ താമസിച്ചിരുന്നതു്. കടൽത്തീരത്തു കപ്പലടുക്കാൻ തുടങ്ങിയതിന്റെ പുതുമയിൽ ആ സ്ഥലത്തിനുണ്ടായ പ്രാധാന്യത്തെ പരിഗണിച്ചു് 'ഇരവി'വർമ്മൻ കണ്ടുപിടിച്ച സുഖവാസസ്ഥലമാണു് 'ഇരവി'പുരമെന്നു കരുതാം.

## വെള്ളൂർ

പനങ്ങാവു് അഞ്ചാലുംമൂട്ടിലാണെന്നു നിർണ്ണയിച്ചിട്ടുണ്ടു്. വെള്ളൂർവീടും മുരിത്തിട്ടയും കടന്നിട്ടാണു് പനങ്ങാവിലെത്തുന്നതു്. പനങ്ങാവിനു് ഒരു മൂന്നുമൈൽ വടക്കുകിഴക്കാണു് രാജധാനിയായ ചെറുമൂട്. അവിടെ രാജധാനിയുടെ പ്രവേശനദ്വാരത്തിൽത്തന്നെ വേളൂർ എന്നൊരു വീടുണ്ടു്. അതായിരിക്കണം സന്ദേശകാലത്തെ വെള്ളൂർ. ആ വീട്ടുകാരുടെ വകയാണു് കണ്ടറെയുള്ള ഇളമ്പള്ളൂർക്കാവും ക്ഷേത്രവും. വേളൂരിന്റെ പൂർവ്വരൂപമായ വെള്ളൂർ എന്നതു് ഇളമ്പള്ളൂർ എന്ന പേരിന്റെ അവസാനഭാഗത്തു കാണുക:— ഇളം + വെള്ളൂർ.

വെള്ളൂരിനു് സന്ദേശത്തിൽ മിക്ക എന്നൊരു വിശേഷണമുണ്ടു്. മികച്ച എന്നാണു് അതിന്റെ അർത്ഥം. ആ വിശേഷണം വേളൂരിനു യോജിക്കുന്നതാണെന്നു് ആ കാവിന്റെയും ക്ഷേത്രത്തിന്റെയും ഉടമസ്ഥതകൊണ്ടുതന്നെ നിശ്ചയിക്കാം.

കേളപുരത്തുവച്ചു മൂന്നായി പിരിയുന്ന പെരുവഴിയുടെ നടുവിലത്തെ ശാഖയുടെ പാർശ്വത്തിലാണ് ഈ വേളൂർ വീട്. ഇതും വെള്ളൂരിനു യോജിക്കും.

## കാളിയും പുഴയും

വക്കലെനിന്നു കൊല്ലത്തേക്കുള്ള വഴിയിൽ സന്ദേശവാഹകൻ പുഴ കടക്കുന്നതു് മീനാട്ടു ശാസ്താംകോവിലിനു പടിഞ്ഞാറുവശംവെച്ചായിരിക്കണം. അവിടെ ഇത്തിക്കരയാററിന്റെ തീരത്തുതന്നെ മീനാട്ടു പോരാമ്പഴികത്തു് ഉണ്ണിത്താന്മാരുടെ വക ഒരു കാളിക്ഷേത്രമുണ്ട്. കൊല്ലത്തേക്കുള്ള പഴയ വഴി കല്ലുവാതുക്കൽ എന്ന സ്ഥലത്തുകൂടി ആ കാളിക്ഷേത്രത്തിന്റെ ദിക്കിലേക്കു തുടരുന്നതു് ഇന്നും കാണാം. പുഴ കടന്നാൽ, മൈലക്കാട്ടുമുക്ക്, കണ്ണനല്ലൂർ, കരീപ്പള്ളി എന്നീ സ്ഥലങ്ങളിൽക്കൂടിയാണ് ആ പെരുവഴി കേളപുരത്തെത്തി മൂന്നായി പിരിയുന്നതു്.

## മൂരിത്തിട്ട

വെള്ളൂർവീട്ടിന്റെ മുമ്പിൽക്കൂടി മൂരിത്തിട്ടയിൽ ചെന്നിട്ടാണു പനങ്ങാവിലേക്കു പോകുന്നതു്. മൂരിത്തിട്ടയിൽ, ഗണപതിഭഗവാന്റെ പാദങ്ങളിൽ കുമ്പിടണം.

വെള്ളൂർ ചെറുമൂട്ടിലുള്ള വേളൂരാണെന്നും പനങ്ങാവ് അഞ്ചാലുംമൂട്ടിലുള്ള പയിങ്ങാവാണെന്നും കണ്ടനിലയ്ക്കു് രണ്ടിനുമിടയ്ക്കുള്ള മൂരിത്തിട്ടഗ്ഗണപതി എവിടെയാണെന്നു നിഷ്പ്രയാസം നിർണ്ണയിക്കാം. വെള്ളൂരിനും പനങ്ങാവിനും മദ്ധ്യേ വേണാട്ടുരാജാക്കന്മാർക്ക് ഒരേയൊരു ക്ഷേത്രമേ ഉള്ളു. ദേവതയും ഒന്നേയുള്ളു. ക്ഷേത്രം പടിഞ്ഞാറേ വെള്ളിമേലിൽ കാണുന്ന കൊട്ടാരമാണ്. ദേവത മൂരിത്തിട്ട

ഗ്ഗണപതിയുമാണ്. അപ്പോൾ, മൂരിത്തിട്ടഗ്ഗണപതി ആ കൊട്ടാരത്തിലാണെന്നു നിസ്സംശയം പറയാം. ക്ഷേത്രം നില്ക്കുന്ന പടിഞ്ഞാറേവെള്ളിമേൽ എന്ന സ്ഥലം പണ്ടത്തെ മൂരിത്തിട്ടയാണെന്നു മനസ്സിലാക്കുവാൻ അവിടത്തെ ഭൂപ്രകൃതിയും സഹായിക്കുന്നു. വീതി കുറഞ്ഞു്, കിഴക്കാംതൂക്കായ പാർശ്വഭാഗങ്ങളോടുകൂടി വളരെദൂരം കായലിലേക്ക് ഉന്തിനില്ക്കുന്ന തിട്ടയായിട്ടാണ് ആ സ്ഥലം ഇപ്പോഴും കാണപ്പെടുന്നതു്.

## ആതിച്ചപുരം

പനങ്ങാവിൽനിന്നു ഭട്ടബ്രാഹ്മണരുടെ സങ്കേതത്തിലേക്കുള്ള വഴിക്കാണ് ആതിച്ചപുരം. പനങ്ങാവ് അഞ്ചാലുംമൂട്ടിലാണെന്നും ഭട്ടബ്രാഹ്മണരുടെ സങ്കേതം പട്ടത്താനമാണെന്നും കണ്ടുകഴിഞ്ഞു. ആ നിലയ്ക്കു് ആതിച്ചപുരം ആശ്രാമമാകാനേ നിവൃത്തിയുള്ളൂ. അഞ്ചാലുംമൂട്ടിൽനിന്നു പട്ടത്താനത്തേക്കു പോകുന്നതു് ഇന്നും ആശ്രാമംക്ഷേത്രത്തിന്റെ നടയിൽക്കൂടിയാണ്. അവിടെ ശ്രീകൃഷ്ണപ്രതിഷ്ഠയായതുകൊണ്ടു് 'അപ്പൻ' എന്നതും യോജിക്കും.

ആശ്രാമത്തിനു് ആശ്രാമപുരമെന്നും പേരുണ്ടു്. 'ആശ്രാമപുര'വും 'ആതിച്ചപുര'വും തമ്മിലുള്ള സാമ്യം കാണുക. രണ്ടും 'ആ'യിൽ തുടങ്ങുകയും 'പുര'ത്തിൽ അവസാനിക്കുകയും ചെയ്യുന്നു. പക്ഷേ 'ആശ്രാമപുര'ത്തിൽ 'പുര'ത്തിനു മുമ്പിൽ കാണുന്ന 'രാമ' എന്ന ഭാഗം 'ആതിച്ചപുര'ത്തിലില്ല. അതുംകൂടി ചേർത്താൽ ആതിച്ചരാമപുരമെന്നു കിട്ടും. ആതിച്ചരാമപുരം ആശ്രാമപുരമാകുവാൻ പ്രയാസമില്ല, അതു ചുരുങ്ങി ആശ്രാമവുമാകും. ആതിച്ചരാമപുരമെന്ന പേരു് മന്ദാക്രാന്താവൃത്തത്തിലുള്ള പദ്യത്തിൽ യോജിക്കുകയില്ല. അതുകൊണ്ടു് 'രാമ' എന്ന ഭാഗം കവി ഉപേക്ഷിച്ചതായിരിക്കണം.

അപ്പോൾ ഒരു ചോദ്യമുദിക്കുന്നു, ആതിച്ചരാമനാരാണെന്നു്. ഗോശാലാശിലാരേഖയിൽ ഒരു ആതിച്ചരാമനുണ്ടു്. അദ്ദേഹം 360-ാമാണ്ടിടയ്ക്കു വേണാട് വാണിരുന്ന കോതമാർത്താണ്ഡവർമ്മയുടെ ഛത്രവാഹിയാണു്. തിരുവാമ്പാടിക്ഷേത്രത്തിലേക്കു് അദ്ദേഹം 'മന്ദരാഭ'മായ ഒരു 'രജതഡിണ്ഡിമം' സമർപ്പിച്ചിട്ടുണ്ടു്. ഇക്കാര്യങ്ങളിൽ നിന്നു് അദ്ദേഹം ശ്രീകൃഷ്ണഭക്തനായ ഒരു പ്രഭുവാണെന്നു മനസ്സിലാകുന്നു. ആശ്രാമത്തു ശ്രീകൃഷ്ണപ്രതിഷ്ഠയാണെന്നുള്ളതുംകൂടി നോക്കുമ്പോൾ ആ ക്ഷേത്രം സ്ഥാപിച്ചതും ആശ്രാമമെന്ന പേരിനടിസ്ഥാനമായി വർത്തിക്കുന്നതും ആ ആതിച്ചരാമനാവാൻ ന്യായമുണ്ടു്.

## മുച്ചന്തിക്കലും കരിപ്പുംക്കുളവും

കൊല്ലംകടൽത്തീരത്തു കപ്പലടുക്കാൻ തുടങ്ങിയപ്പോൾ ആധുനികകൊല്ലംനഗരത്തിലുണ്ടായ പുതിയ കമ്പോളസ്ഥലമായിരിക്കണം മുച്ചന്തിക്കൽ. ചിന്നക്കടയിൽ ക്ലാക്ക്ടവർ നില്ക്കുന്ന മുക്കട എന്ന സ്ഥലം മുമ്പു് മുച്ചന്തി എന്നറിയപ്പെട്ടിരുന്നതായി പഴമക്കാർ പറയുന്നു.

ചിന്നക്കടയ്ക്കും നീണ്ടകരയഴിക്കും മദ്ധ്യേ കരിപ്പുംക്കുളം എന്നൊരു സ്ഥലം ഇപ്പോളില്ല. എങ്കിലും കരിപ്പുഴയിൽ കരിപ്പുംരു് എന്നൊരു വീടുണ്ടു്. അതിനടുത്തു് 'തേവരുനട' എന്നൊരു ക്ഷേത്രം പ്രത്യേകശ്രദ്ധയെ അർഹിക്കുന്നു. വിഷ്ണുക്ഷേത്രമാണു്. ഒരു മഹാക്ഷേത്രമായിരുന്നതിൻെറ എല്ലാ ലക്ഷണങ്ങളുമുണ്ടു്. ആ ക്ഷേത്രത്തെപ്പററി ശ്രദ്ധേയമായ ഒരൈതിഹ്യം നിലവിലിരിക്കുന്നു. "ഈ ക്ഷേത്രം വേണാട്ടുരാജാക്കന്മാരുടെ വകയായിരുന്നു. പത്മനാഭസ്വാമിക്ഷേത്രത്തിലും ഇവിടെയും ഒരേകാലത്താണു് ഉത്സവം നടത്തി

യിരുന്നതു്. എങ്കിലും ഈ ക്ഷേത്രത്തിനായിരുന്നു മുൻഗണന. ഇവിടെ ഒരു ദിവസം മുമ്പേ കൊടിയേറ്റം. പത്മനാഭ സ്വാമിക്ഷേത്രത്തിലെ കൊടിയേററുസമയത്തു് ഇവിടെ (കരിപ്പുഴയിൽ)കൊടിയേറിയോ എന്നു ചോദിക്കുകയും കൊടിയേറി എന്നുത്തരം പറയുകയും ചെയ്തിരുന്നു''. ഇതാണൈതിഹ്യം. ഇത്രത്തോളം പ്രാധാന്യമുള്ള ഒരു ക്ഷേത്രം ക്ഷേത്രാധികാരം വഹിക്കുന്ന തൃപ്പാപ്പൂർമൂപ്പൻെറ മാർഗ്ഗത്തിൽ അവഗണിക്കപ്പെടുവാൻ ന്യായമില്ല. അദ്ദേഹം വിഷ്ണുഭക്തനമാണു്.

കരിപ്പുക്കുളത്തുള്ള കർത്തവ്യങ്ങളെല്ലാം ആ ക്ഷേത്രത്തിനു യോജിക്കുന്ന തരത്തിലാണു് സന്ദേശത്തിൽ വർണ്ണിച്ചിരിക്കുന്നതും. കുളിക്കും തേവാരത്തിനും പററിയ സ്ഥലം. ക്ഷേത്രത്തിൽ ദേവനെ പള്ളിയുണർത്തുന്ന 'വന്ദിശ്രേണി' ഉണ്ടു്. പ്രത്യേകം ഏർപ്പാടൊന്നും ചെയ്യാതെതന്നെ, പതിവായി നടക്കുന്ന അവരുടെ "മധുരവചനം കേട്ടു്" 'ഒട്ടരാവേ' എഴുന്നേല്ക്കാം. നിത്യദാനം ചെയ്യാൻ ദ്വിജപരിഷത്തും അവിടെ പ്രസക്തമാണു്. രാവിലെ പതിവായി നടക്കുന്ന മാവാരതംവായന കേട്ടിട്ടു് എഴുന്നള്ളാം. ക്ഷേത്രം കായൽത്തീരത്താണു്, തണ്ടുകൾവച്ച ഒരു വഞ്ചിയിൽ 'ഓടിക്കൊണ്ടങ്ങുകിലെഴുന്നള്ളു'വാനും സൗകര്യമുണ്ടു്. ആ ക്ഷേത്രത്തിലായിരിക്കണം ആദിത്യവർമ്മ രാത്രിയിൽ വിശ്രമിക്കുന്നതു്.

കരിപ്പുക്കുളത്തുനിന്നുള്ള യാത്ര കായലിൽക്കൂടിയാണെന്നു വിചാരിക്കുവാൻ വേറെയും ന്യായങ്ങളുണ്ടു്. പൊഴി പാർശ്വത്തിലാണെന്നു പറയുന്നു. സംഗ്രാമധീര, എന്ന സംബോധനയും നോക്കുക. അഷ്ടമടിക്കായലിൻെറ ഏററവും ഭയങ്കരമായ ആ ഭാഗത്തുക്കൂടി യാത്രചെയ്യുന്നതു്

സംഗ്രാമധീരനായ അദ്ദേഹത്തിൻെറ ധീരതയ്ക്കു യോജിച്ച താണെന്നായിരിക്കണം ആ സംബോധനയുടെ ആശയം.

## പുതിയ പൊഴിയും പൂക്കൈതയും

പുതിയ പൊഴിയെപ്പററി ഇതിനുമുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. വിപുലമായിക്കിടന്നിരുന്ന അഴിയുടെ സ്ഥാനത്ത് ഒരു പൊഴിപോലെ പുത്തനായി കാണപ്പെട്ട നീണ്ടകരയായിരിക്കണം പുതിയ പൊഴി. അവിടെ വേളൎക്കായലിനു തെക്കുള്ള പ്രദേശമായിരിക്കണം അങ്ങനെ പുത്തനായി കാണപ്പെട്ടതു്.

വേളൎക്കായലിനു് അല്പം വടക്കുമാറി 'കൈതവന' എന്നൊരുവീടുണ്ടു്. ആ പ്രദേശം ഒരുകാലത്തു് കൈതവനമായിരുന്നുവെന്നു് ഊഹിക്കുവാൻ ഇതു സഹായകമാണു്. ആ കൈതവനമായിരിക്കണം പൂക്കൈതയെന്നുള്ളതുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

# സന്ദേശകാലത്തു്

സന്ദേശകാലം 516 ആണെന്നു കണ്ടു. അതിനടുത്ത കൊല്ലമാണു് ഇബ്ൻബത്തൂത്ത വന്നതു്. കൊല്ലവും കോഴിക്കോടും വാണിജ്യവിഷയത്തിൽ തുല്യമാണെന്നു് അദ്ദേഹം പറയുന്നതു് 'കോഴിക്കോടും പുനരിതിനൊടോ കൊല്ലവും തുല്യമല്ലേ' എന്ന സന്ദേശഭാഗവുമായി പൊരുത്തപ്പെടുന്നു'. 499-നുശേഷമുണ്ടായ പൊഴി 516-ൽ 'പുതിയ പൊഴി' യാണെന്നുള്ളതും യോജിക്കുന്നു. ആ പൊഴിമൂലം കടൽത്തീരത്തോളം വ്യാപിച്ചു് ഏററവും വിപുലമായിത്തീൎന്ന കൊല്ലംമഹാനഗരമാണു് ഉണ്ണുനീലിസന്ദേശത്തിൽ കാണുന്നതു്. ആ നഗരത്തിൻെറ ഏററവും പ്രധാനമായഭാഗം മദ്ധ്യപ്രദേശമായ പെരുവേണാടു് ആണു്. അവിടെ നൗകാശയമായ കാഞ്ഞരോട്ടുകായലും പരിസരങ്ങളും 'ഈരേഴുലകിലുമിതിന്നൊപ്പമില്ലെന്നുറ ചൊൽവാൻ' എന്ന നിലയിൽ പ്രശോഭിക്കുന്നു. ആ നൗകാശയത്തിൽ കപ്പലുകൾ കുറവല്ലെങ്കിലും സന്ദേശകാലത്തു് വലിയ കപ്പലുകളൊന്നും കാണുന്നില്ല. ചെറുമുട്ടിലെ വാണിജ്യപ്രാധാന്യത്തിനും ഏതാണ്ടൊരു മാന്ദ്യം സംഭവിച്ചിട്ടുണ്ടു്. എങ്കിലും വാണിജ്യത്തിൻെറ തോതു് ഒട്ടുംതന്നെ ചെറുതല്ല.

രാജകൊട്ടാരം സ്ഥിതിചെയ്യുന്ന മുരിത്തിട്ട കളരിവീരന്മാരാലും കപ്പൽപ്പടയാലും ഭദ്രമായി സംരക്ഷിക്കപ്പെടുന്നു. കൊട്ടാരത്തിനും മന്ത്രിമന്ദിരത്തിനും മദ്ധ്യേ മിക്കവാറും തുല്യദൂരത്തിൽ സ്ഥിതിചെയ്യുന്ന കളരി രാജാവിനും മന്ത്രിക്കും ഒരുപോലെ ഉപകാരകമാണു്. വാണിജ്യകേന്ദ്രത്തിൻെറ പാർശ്വത്തിലുമാണു് ആ കളരി. അങ്ങനെ വാണിജ്യകേ

ന്ദ്രത്തിൻെറ രക്ഷയ്ക്കും അതു പ്രയോജനപ്പെടുന്നു. തുറമുഖകേന്ദ്രങ്ങളായ ചെറുമൂട്ടിനും കല്ലടയ്ക്കും മദ്ധ്യേ കപ്പൽപ്പടയുടെ സാന്നിദ്ധ്യവും ശ്രദ്ധേയമാണ്. തുറമുഖത്തിൻെറ പ്രവേശനദ്വാരം രക്ഷിക്കുവാൻ 'പാളയ'വുമുണ്ട്. ആ പാളയം തേവലക്കരയുടെ രക്ഷയ്ക്കും പ്രയോജനപ്പെടും. പടക്കപ്പൽക്കരയും പാളയവും അഴിയിലേയ്ക്കു വീക്ഷിക്കുന്നതു് നഗരത്തിൻെറ പൊതുരക്ഷയ്ക്കുവേണ്ടിയാണ്.

കല്ലടയിൽ സബിരീശോപ്പള്ളിയും തേവലക്കരയിൽ ജോർഡാനസ്പള്ളിയും കാണാം. ആ പ്രദേശങ്ങളും വാണിജ്യപ്രധാനങ്ങളാണ്, തരിസാപ്പള്ളിക്കാക്ക് അയ്യനടികൾ കൊടുത്ത സ്ഥലമാണ് നൗകാശയത്തിൻെറ പടിഞ്ഞാററരികിൽ കാണുന്നതു്.

രാജധാനിയിൽ രാജാവെഴുന്നള്ളുമ്പോൾ വെള്ളൂർനാണി രാജധാനിയുടെ പ്രവേശനദ്വാരത്തിൽ നില്ക്കണമെന്ന് ആചാരമുണ്ട്. മികച്ചതാണ് ആ വെള്ളൂർവീട്. അതിൻെറ മുമ്പിലുള്ള വിശാലമായ രാജവീഥി നേരേ തിരുവനന്തപുരത്തുനിന്നു വരുന്നതാണ്, അതുവഴി നേരേ ചെന്നാൽ —ഒരു മൈൽ ദൂരമേ ഉള്ളൂ—മൂരിത്തിട്ടയിലുള്ള കൊട്ടാരത്തിലെത്താം, കൊട്ടാരത്തിൽ ഗണപതിപ്രതിഷ്ഠയുണ്ട്. മൂരിത്തിട്ടയ്ക്ക്ഐശ്വര്യദാതാവായി വർത്തിക്കുന്ന ആ ഗണപതി ഭഗവാന് രാജാവിനെ സംബന്ധിച്ചിടത്തോളം കുലദേവതയായ പനങ്ങാവിൽഭഗവതിയെക്കാൾ പ്രാധാന്യമുണ്ട്. കാരണം—ഗണപതി രാജ്യത്തിൻെറ അധിദേവതയാണ്, അതുകൊണ്ടാണ് വേണാട്ടിന് മൂഷികരാജ്യമെന്നും പേരുള്ളതു്.

മൂരിത്തിട്ടയിൽനിന്നു് ഒരു മൂന്നുമൈൽ തെക്കുമാറി യാണു പനങ്ങാവു്. കുലദേവതയുടെ ആസ്ഥാനമെന്ന നില യിൽ രാജാവിനു് ആ സ്ഥലവും പ്രധാനമാണു്. മൂരിത്തി ട്ടയെപ്പോലെ പനങ്ങാവും കായൽത്തീരത്താണു്. പനങ്ങാ വിൽനിന്നു് ഒരു മൂന്നുമൈൽ പിന്നെയും തെക്കോട്ടുചെ ന്നാൽ ആതിച്ചരാമപുരമായി. അവിടെ ശ്രീകൃഷ്ണഭഗവാനെ കൈവണങ്ങാം. ആതിച്ചപുരത്തിനപ്പുറം ഭട്ടബ്രാഹ്മണരുടെ സങ്കേതമാണു്. അതിനപ്പുറം കടൽത്തീരത്തായി സ്ഥിതി ചെയ്യുന്ന ഇരവിപുരത്തു് 'തലൈവേണാട്ടുകോയിൽ' എന്നൊരു കൊട്ടാരം കാണാം. രാജാവു ചിലപ്പോൾ അവിടെയും എഴുന്നള്ളി താമസിക്കാറുണ്ടു്.

അതിനടുത്താണു് 'ചൊങ്കം ചമ്പ്രാണിയുമുടനുടൻ വന്നു ചോണാട'നമെല്ലാം നങ്കൂരമിട്ടുകിടക്കുന്നതു്. വൈദേശിക വണിക്കുകൾ 'രത്നശ്രേണീകനകനികരം കാഴ്ചയുംവച്ചു'' രാജാ വിനെ മുഖംകാണിക്കുവാൻ കാത്തുകെട്ടിക്കിടക്കുന്ന കാഴ്ച പലപ്പോഴും കാണാം. സമീപത്തുള്ള മുച്ചന്തിക്കൽ കമ്പോ ളത്തിലെ വാണിജ്യവിഭവങ്ങളുടെ സമൃദ്ധിയും ആൾത്തി രക്കും കാണേണ്ടതുതന്നെ.

അവിടെനിന്നു കുറെ പടിഞ്ഞാറു ചെല്ലുമ്പോൾ കരി പ്പുംകുളമെന്ന സ്ഥലത്തെത്തും. അവിടെ സകല സംവിധാ നങ്ങളോടുംകൂടിയ ഒരു മഹാക്ഷേത്രമുണ്ടു്. രാജബന്ധമുള്ള ഒരുവിഷ്ണുക്ഷേത്രമാണതു്. മൂരിത്തിട്ടയിൽനിന്നു് അവി ടെ ചെന്നു ദർശനം കഴിക്കുവാൻ കായലിൽക്കൂടിയുള്ള യാത്ര യാണു് ഏററവും സൗകര്യപ്രദം. 'ഓടിക്കൊണ്ടങ്ങഴകി ലെഴുന്നള്ളാം. യാത്രാമദ്ധ്യേ പനങ്ങാവിൽ കയറിയും ദർശനം നടത്താം.

ഇത്രയുമാണ് ഉണ്ണുനീലിസന്ദേശകാലത്തുള്ള കൊല്ലം നഗരത്തിന്റെ ഒരു സാമാന്യരൂപം. വിസ്മൃതിയിലാണ്ടുപോയആ മഹാനഗരത്തിന്റെ അഴകും മഹത്വവുമെല്ലാം നൗകാശയമായ കാഞ്ഞിരോട്ടുകായലിനെ കേന്ദ്രീകരിച്ചാണു വർത്തിച്ചിരുന്നതെന്നുള്ള വസ്തുത ചരിത്രഗവേഷകന്മാർ വിസ്മരിച്ചുപോകാതിരിക്കട്ടെ!

ശുഭം

---

Printed at the Sarvodaya Printing Works, Trivandrum-10.

# ഉണ്ണുനീലിപ്രശ്നങ്ങൾ

പെരിനാട്ട്
കെ. രാഘവൻപിള്ള.

Indic Digital Archive Foundation
gpura.org